ഞാൻ ഈ ഭേദഗതി കൊടുത്തിട്ടുള്ളതുതന്നെ ഇലക്ട്രിസിറ്റി ബോർഡിലേക്കുള്ള നിയമനത്തെസംബന്ധിച്ച് ഈ സഭ പാസ്സാക്കിയിട്ടുള്ള ചട്ടങ്ങളിൽ നിന്നാണ്. അതുകൊണ്ട് ഇതിനെ എതിർക്കേണ്ട കാര്യമില്ല. കൂടുതൽ പരിരക്ഷ ജനങ്ങൾക്കു ഉണ്ടാകാൻ വേണ്ടിയും റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ യാതൊരു ആരോപണത്തിനും വിധേയമാകാതിരിക്കുന്നതിനും വേണ്ടിയാണ്. അതുകൊണ്ട് ഈ ഭേദഗതി അംഗീകരിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ): സർ, ഇന്നലെ തന്നെ ബഹുമാനപ്പെട്ട മെമ്പർ ഇതുന്നയിച്ചിരുന്നതാണ്. ആ വാദഗതിക്ക് ഇന്നലെതന്നെ ഗവൺമെൻറുഭാഗത്തുനിന്ന് മറുപടിയും പറഞ്ഞിരുന്നു. അത് അതുകൊണ്ട് ആവർത്തിച്ചു പറയണമെന്നു ഞാനുദ്ദേശിക്കുന്നില്ല. ഈ ഭേദഗതികളും ഗവൺമെൻറിനു സ്വീകര്യമല്ല.

The amendments were, by leave, withdrawn.

The question that Clause 3 stands part of the Bill was put and carried.

Clause 3 was added to the Bill.

Clause 4

The question that Clause 4 stands part of the Bill was put and carried.

Clause 4 was added to the Bill.

Clause 5

The question that Clause 5 stands part of the Bill was put and carried.

Clause 5 was added to the Bill.

Clause 1, Preamble and Title

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

Shri P. Ravindran: I move that the Bill may be finally passed.

Shri C. H. Mohammed Koya: I second it.

The question that the Kerala Public Service Commission (Additional Functions as Respects the Kerala State Road Transport Corporation) Bill, 1970 be finally passed was put and carried.

The Bill was passed.

THE KERALA PUBLIC SERVICE (AMENDMENT) BILL, 1970

Shri C. H. Mohammed Koya: Sir, this may be held over.

Mr. Speaker: Yes.

THE KERALA INDUSTRIAL EMPLOYEES' PAYMENT OF GRATUITY BILL, 1970

Minister for Industries and Labour (**Shri P. Ravindran**): Sir, I introduce the Kerala Industrial Employees' Payment of Gratuity Bill, 1970. I also lay on the Table a statement under Rule 73 (1) of the Rules of Procedure.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: The Biil stands introduced.

Shri P. Ravindran: I move that the Bill be taken into consideration

Minister for Home and Education (**Shri C. H. Mohammed Koya**): I second it.

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ:) സർ, തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനെ സംബന്ധിച്ചുള്ള ഒരു നിയമം ഈ സഭയിൽ മുൻപ് അവതരിപ്പിച്ചിരുന്നു. ചർച്ചകൾക്കുശേഷം ആ ബിൽ സെലക്ടു കമ്മിറ്റിക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. സെലക്ടു കമ്മിറ്റി അതിന്റെ റിപ്പോർട്ടു നിയമസഭയ്ക്കു നൽകിയിരുന്നില്ല. കമ്മിറ്റികൂടി അതിന്റെ പൊതുവിലുള്ള ചില തത്വങ്ങളെസംബന്ധിച്ച് ചർച്ച ചെയ്തു എന്നുള്ളതിൽകവിഞ്ഞ് മറ്റു നടപടികളൊന്നും അക്കാര്യത്തിൽ പുരോഗമിച്ചിരുന്നില്ല. ഈ സന്ദർഭത്തിലാണ് അസംബ്ലി പ്രൊറോഗ് ചെയ്തത്. പെട്ടെന്നുതന്നെ ഇങ്ങനെയൊക്കെ നിയമനിർമ്മാണം ഊർജിതത്തിൽ നടപ്പാക്കണമെന്ന ഉദ്ദേശം ഉണ്ടായിരുന്നതുകൊണ്ട് ഗ്രാറ്റുവിറ്റി നൽകാനുള്ള ഒരു ഓർഡിനൻസ് ഗവൺമെൻറ് പുറപ്പെടുവിക്കുകയുണ്ടായി. ഇതു വളരെവേഗം ചെയ്യണമെന്ന് ഗവൺമെൻറിന് ആഗ്രഹമുണ്ടായിരുന്നതുകൊണ്ടാണ് ഓർഡിനൻസ് പുറപ്പെടുവിക്കാൻ ഇടയായത്. ഇന്ന് എല്ലാ ഗവൺമെൻറുകളും അനുസരിച്ചും കീഴ്നടപ്പുകളും അനുസരിച്ചും മാത്രം തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ഒരു ആനുകൂല്യം നിയമപരമായി അവർക്കു ലഭിക്കാൻ ഇടയാക്കണമെന്നു ഗവൺമെൻറു കരുതി. അതിനു താമസം വളരെ ഉണ്ടാക്കുന്നത് ശരിയായിരിക്കുകയില്ലെന്നു ഗവൺമെൻറിനു തോന്നി. പല ഫാക്ടറികളിലും സർവ്വീസ് കഴിഞ്ഞ് പിരിഞ്ഞുപോകുന്ന തൊഴിലാളികൾക്ക് നിയമപരമായി ഇതു ലഭിക്കാൻ ഇടയാകണമെന്നുള്ളതുകൊണ്ടാണ് വേഗത്തിൽത്തന്നെ ഈ നിയമനിർമ്മാണം നടപ്പിലാക്കണമെന്നു ഗവൺമെൻറ് ഉദ്ദേശിച്ചത്.

സർ, ഇതു സെലക്ടുകമ്മിറ്റിയുടെ റിപ്പോർട്ടുസ്റ്റേജിൽ എത്തിയ ഒരു ബില്ലാണ്, ഓർഡിനൻസായി പുറപ്പെടുവിക്കേണ്ട കാര്യം ഉണ്ടായിരുന്നോ എന്നു ചില കേന്ദ്രങ്ങളിൽനിന്നും ചോദിച്ചിട്ടുണ്ട്. ഇതേസംബന്ധിച്ച് ഒരു കാര്യമാണ് എനിക്കു പ്രത്യേകമായി പറയാനുള്ളത്. നിയമസഭയിൽ അന്നു അവതരിപ്പിക്കപ്പെട്ടിരുന്ന ബില്ലിൽ ചില വ്യവസ്ഥകൾ, കേന്ദ്ര ഗവൺമെൻറിന്റെ അനുമതി ആവശ്യമുള്ളതായിരുന്നു. അത് കേന്ദ്രത്തിൽ പോയിട്ട് അംഗീകാരം കിട്ടിവരാൻ താമസം ഉണ്ടാകുമെന്നുള്ളതുകൊണ്ട് സെലക്ടു കമ്മിറ്റി ഈ ബില്ലിന് അവസാന രൂപം നൽകിവരാൻ കാലതാമസമുണ്ടാകുമെന്നും ഗവൺമെൻറു കരുതി. അതിനിടയിൽ ഫാക്ടറികളിൽ നിന്നും പിരിഞ്ഞുപോകുന്ന തൊഴിലാളികൾക്ക്, ജോലിചെയ്യാൻ കഴിവുള്ള കാലം മുഴുവൻ ഫാക്ടറികളിൽ പണിയെടുത്തശേഷം പിരിഞ്ഞു പോകുന്ന തൊഴിലാളികൾക്ക് എത്രയും വേഗം നിയമപരമായ ഈ ആനുകൂല്യം നൽകുന്ന കാര്യത്തിൽ ഗവൺമെൻറിന് ആഗ്രഹമുണ്ടായിരുന്നുതുകൊണ്ടാണ് ഈ ഓർഡിനൻസ് പുറപ്പെടുവിക്കാനിടയായത്. കേന്ദ്രത്തിന്റെ നിർദ്ദേശമില്ലാതെതന്നെ ഈ ഓർഡിനൻസ് പുറപ്പെടുവിക്കത്തക്കരീതിയിൽ നിലവിലുണ്ടായിരുന്ന ബില്ലിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ആ മാറ്റങ്ങൾ തൊഴിലാളികളെസംബന്ധിച്ചിടത്തോളം ദോഷകരമല്ല. സിവിൽ പ്രൊസീഡുവർ കോഡിലെ ഒരു വകുപ്പിനെ സ്പർശിക്കുന്ന ക്ലാസ് പഴയ ബില്ലിൽ ഉണ്ടായിരുന്നത് എടുത്തുകളഞ്ഞു എന്നേയുള്ളു. മുൻപ് ഇവിടെ അവതരിപ്പിച്ചിരുന്ന ബില്ലിൽ ഉണ്ടായിരുന്നതിനേക്കാൾ കുറേക്കൂടി ഗുണകരമായ വ്യവസ്തകൾ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അത് ഓരോന്നോരോന്നായി

LIBRARY ARCHIVES Kerala Legislative Assembly

എടുത്തു പറയണമെന്നു ഞാനുദ്ദേശിക്കുന്നില്ല. മുൻപ് പത്തുകൊല്ലം സർവ്വീസ് ഉള്ളവർക്കാണ് ഗ്രാറ്റുവിറ്റി ലഭിക്കാൻ അർഹതയുണ്ടായിരുന്നത് എന്നാൽ ഈ ബില്ലിൽ അത് അഞ്ച് എന്നാക്കി കുറവുചെയ്തിട്ടുണ്ട്. അതുപോലെതന്നെ പ്രത്യേക ചില വിഭാഗം തൊഴിലാളികൾക്കുകൂടി ആനുകൂല്യങ്ങൾ നൽകത്തക്കവിധത്തിൽ പുതിയ വകുപ്പുകൾ കൂടി ഇതിനകത്തുൾപ്പെടുത്തിയിട്ടുണ്ട്. അതോരോന്നോരോന്നായി എടുത്തു പറയേണ്ട ആവശ്യമുണ്ടെന്നു ഞാൻ കരുതുന്നില്ല. മുൻപിവിടെ അവതരിപ്പിച്ചിരുന്ന ബില്ലിൽ ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ ആനുകൂല്യങ്ങൾ തൊഴിലാളികൾക്കു കിട്ടത്തക്കവിധത്തിൽ ചില പ്രത്യേക വകുപ്പുകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് പുതിയ ബിൽ നിയമസഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. അതിൽ തർക്കമുണ്ടാകുകയില്ല. കാരണം ഈ സഭതന്നെ സമ്മതിച്ചിട്ടുള്ളതാണ്. ഇക്കാര്യത്തെ സംബന്ധിച്ച് സാരമായ അഭിപ്രായവ്യത്യാസം ഉണ്ടാകാൻ ഇടയില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഈ ബിൽ ഈ സഭയുടെ പരിഗണനയ്ക്കുവേണ്ടി ഞാൻ സമർപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: സർ, ഇൻഡ്യയിൽ ആദ്യമായി ഇൻഡ്യൻ തൊഴിലാളി വർഗ്ഗത്തിനെയാകെ എടുത്തുനോക്കുമ്പോൾ കേരളത്തിൽ ആദ്യമായി ഇങ്ങനെയൊരു നിയമനിർമ്മാണം കൊണ്ടുവരാൻ മുമ്പു ഭരിച്ചിരുന്ന ഐക്യമുന്നണി ഗവൺമെൻറിന് ഈ നിയമനിർമ്മാണം എന്തു സ്റ്റേറ്റജിൽ ഇരുന്നാലും ശരി ആ ഗവൺമെൻറിൻെറ കാലത്ത് അതു നടപ്പിലാക്കാൻ സാദ്ധ്യമല്ലാതാകുകയും എന്നാൽ ഈ ഗവൺമെൻറ് ഇൻഡ്യൻ തൊഴിലാളിവർഗ്ഗത്തിന് ഒരു മാതൃക കാണിച്ചുകൊണ്ടു കേരളത്തിൽ അടിയന്തിര പ്രാധാന്യം നൽകി ഒരു നിയമനിർമ്മാണമായി കൊണ്ടുവരാൻ സാധിച്ചതു തീർച്ചയായും അഭിമാനകരമായ ഒരു സംഗതിയാണ്. സർ, 10 കൊല്ലമെന്നുള്ളത് ഗ്രാറ്റുവിറ്റിയെ സംബന്ധിച്ചിടത്തോളം അതു അഞ്ചു വർഷമായി കുറവുചെയ്തു എന്നുള്ള ഈ ബില്ലിലെ ഒരു സവിശേഷതതന്നെ തീർച്ചയായും മുൻ ബില്ലുകളിൽ എന്തുതന്നെ പറഞ്ഞിരുന്നാലുംശരി അവിടെ വിഭാവനം ചെയ്തിരുന്ന തൊഴിലാളികൾക്ക് ഏതാണ്ട് 20 ശതമാനം ഗുണം നൽകുന്ന ഒരു നിയമമാണ് ഇതെന്നു തീർത്തു പറയാൻ സന്തോഷമുണ്ട്. അതുപോലെതന്നെ ഫാക്ടറിയിലായാലും ഈ ബില്ലിൽ ഒരു സവിശേഷതയുള്ളതു ഫാക്ടറിയിലായാലും പ്ലാൻേറഷൻെറ ഭാഗത്തായാലും എവിടെയായാലും ശരി തൊഴിലാളികൾക്ക് ആനുകൂല്യം ലഭിക്കുമെന്നുള്ള നിലയിൽ ഗ്രാറ്റുവിറ്റി ലഭിക്കുമെന്നുള്ള നിലയിൽ പിരിഞ്ഞുപോകുന്ന സമയത്ത് എന്താനുകൂല്യവും ലഭിക്കുമെന്നുള്ള ബോധം ഉണ്ടാക്കിക്കൊടുക്കുക എന്നുള്ളതു അത്യാവശ്യമാണ്. അതുപോലെയാണ് എ. ഐ. ടി. യു. സി. യുടെ നേതൃത്വ സംഘടന കേരളത്തിൽ ആദ്യം അച്യുതമേനോൻെറ നേതൃത്വത്തിൽവന്ന ഈ ഗവൺമെൻറ് ഇൻഡ്യയിലെ ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇങ്ങനെ ഒരു ബില്ല് അതിൻെറ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ടുതന്നെ ഓർഡിനൻസായി കൊണ്ടുവന്നത് ഇൻഡ്യൻ തൊഴിലാളിവർഗ്ഗത്തിന് മാതൃകയായി, കേരളത്തിലെ തൊഴിലാളികൾക്ക് ആനുകൂല്യം പ്രഖ്യാപിച്ചു. ആനുകൂല്യം പ്രഖ്യാപിച്ചുകൊണ്ടുള്ള ഓർഡിനൻസുകൊണ്ടുവന്നതിന് എ. ഐ. ടി. യു.സി. ആദ്യമായി അഭിനന്ദിച്ചിട്ടുണ്ട്. ഇതു പറയുമ്പോൾ ഇന്നു ഗ്രാറ്റുവിറ്റി ലഭിക്കുമെന്നുള്ള അഞ്ചുകൊല്ലമെന്നുള്ള വകുപ്പ് ചേർത്തതുകൊണ്ട് മാത്രമായില്ല. നമ്മുടെ തൊഴിലാളിവർഗ്ഗത്തെസംബന്ധിച്ചിടത്തോളം സാധാരണ നിലവിലിരിക്കുന്ന തൊഴിലാളി നിയമങ്ങളനുസരിച്ചുതന്നെയും ഇന്നു തൊഴിലാളിവർഗ്ഗം അങ്ങേയറ്റം സമരം ചെയ്താൽപോലും ത്രികക്ഷി സമ്മേളനത്തിൽ പങ്കെടുക്കാതിരിക്കുന്ന മുതലാളി വർഗ്ഗത്തെ സംബന്ധിച്ച് പരിശോധിക്കുമ്പോൾ എത്രതന്നെ നിയമങ്ങൾ ഉണ്ടായിരുന്നാലും

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളിവർഗ്ഗം സമരംചെയ്താലല്ലാതെ ഈ സമരം പലപ്പോഴും ഘേരാവോ മുതലായ രീതിയിൽ ആയാലുംശരി തീക്ഷ്ണമായ, ഉഗ്രമായ സമരത്തിലൂടെ മാത്രമേ തൊഴിലാളി വർഗ്ഗത്തിന് ഇൻഡ്യയിൽ നിലവിലിരിക്കുന്ന നിയമങ്ങൾക്കനുസരിച്ചുള്ള കാര്യങ്ങൾ സാധിച്ചെടുക്കാൻ സാധിക്കുകയുള്ളൂ എന്ന വർദ്ധമാനമായ അഭിപ്രായത്തിനു യാതൊരു മാറ്റവും ഇല്ലാതെ തന്നെ നിലകൊള്ളുകയാണ്. എത്രനിയമങ്ങൾ ഇൻഡ്യയിൽ ഉണ്ടായിരുന്നാലുംശരി, പത്തിരുപതുകൊല്ലത്തിനുമുമ്പുള്ള കേന്ദ്ര ആക്ടുകൾ പോലും സാധാരണഗതിയിൽ തൊഴിലാളികൾക്കു നിയമാനുകൂല്യം ഉറപ്പാക്കൊള്ളുന്ന വകുപ്പുകൾ ഉൾക്കൊള്ളിച്ചിരുന്നിട്ടുപോലും അതിനെയെല്ലാം ഹനിച്ചുകൊണ്ട് മുതലാളിമാർ ഒരു പരിധിവരെ (അങ്ങേയറ്റത്തെ സമരവും വെടിവയ്പും ഉണ്ടായിട്ടുപോലും) തൊഴിലാളികൾക്ക് യാതൊരനുകൂല്യവും കൊടുക്കാത്ത സവിശേഷതയാണ് നിലവിലുള്ളത്. സംഘടിതരായ തൊഴിലാളിവർഗ്ഗം കൈഷിരാഷ്ട്രീയത്തിനതീതമായി ആരംഭിക്കപ്പെട്ട വിപുലമായ സമരങ്ങളിലൂടെ മാത്രമേ ഇങ്ങനെയുള്ള അവകാശങ്ങൾ സാധിച്ചെടുക്കാൻ അവർക്ക് ഒക്കുകയുള്ളൂ. അതാണ് ഈ രാജ്യത്തെ അനുഭവം തെളിയിക്കുന്നത്. അതുകൊണ്ട് ഈ നിയമം നടപ്പിലായാൽ മാത്രം പോര നേരെമറിച്ച് ഗവൺമെൻറ് ഈ നിയമം കർശനമായി നടപ്പിലാക്കുന്നതിനുവേണ്ടി സംഘടിതമായ തൊഴിലാളിവർഗ്ഗത്തിനു നേതൃത്വംകൊടുക്കാനുള്ള ഏർപ്പാടുണ്ടാക്കുന്ന മെഷിനറിയാക്കിതീർക്കണമെന്നാണ് എനിക്കു പറയാനുള്ളത്. ഈ ബില്ലിനെ ഞാൻ സർവ്വാത്മനാ പിൻതാങ്ങുന്നു. സെലക്ടു കമ്മിറ്റിക്കയക്കണമെന്നുള്ള വാദം ഞാൻ പിൻവലിക്കുകയാണ്.

Shri C. Kannan: Sir, I move that the Kerala Industrial Employees' Payment of Gratuity Bill, 1970 be referred to a Select Committee with instructions to submit its report within five days.

സർ, ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു. പക്ഷേ ഇത് മുമ്പത്തെ ഗവൺമെൻറ് സെലക്ടുകമ്മിറ്റിക്ക് അയച്ചിരുന്ന ഒരു ബില്ലായിരുന്നു. സെലക്ടുകമ്മിറ്റിയുടെ പരിഗണനയിൽ ഇത് ഇരിക്കുമ്പോഴാണ് ഈ ബില്ല് ഓർഡിനൻസായി ഈ ഗവൺമെൻറ് പ്രഖ്യാപിച്ചിട്ടുള്ളത്. സെലക്ട്കമ്മിറ്റിയിൽത്തന്നെ ഇതുസംബന്ധിച്ച് പല അഭിപ്രായങ്ങളും പൊന്തിവന്നിട്ടുണ്ട്. ആ അഭിപ്രായങ്ങളിൽ ചിലത് ഇപ്പോൾ ഓർഡിനൻസായി പ്രഖ്യാപിച്ച ബില്ലിൽ ഗവൺമെൻറ് ഉൾപ്പെടുത്തികാണുന്നുണ്ട്. പക്ഷേ പ്രത്യേകിച്ച് പണ്ടത്തെ ബില്ലിൽ ഉണ്ടായിരുന്ന സെക്ഷൻ ഗ്രാറ്റുവിറ്റി സംഖ്യ ഓരോ വർഷവും എംപ്ലോയർ ഡെപ്പോസിറ്റു ചെയ്യണമെന്നുള്ള വ്യവസ്ഥ ഇതിൽനിന്ന് എടുത്തുകളഞ്ഞിരിക്കുകയാണ്. അതുകൊണ്ട് തൊഴിലാളികൾക്ക് അവർ പിരിഞ്ഞുപോകുമ്പോഴോ, അവരെ പിരിച്ചുവിടുമ്പോഴോ ഗ്രാറ്റുവിറ്റി കൃത്യസമയത്തിന് കിട്ടുമെന്നുള്ളതിന് യാതൊരുറപ്പുമില്ല. ഇന്നുതന്നെ തൊഴിലാളിയുടെ സംഖ്യ പ്രോവിഡൻറു ഫണ്ടായാലും പിടിച്ചിട്ടുള്ള സംഖ്യ ഗവൺമെൻറിലേയ്ക്ക് ഡെപ്പോസിറ്റു ചെയ്യാതെ ഇ. എസ്. ഐ. സ്കീമിനുവേണ്ടി പിടിച്ചിട്ടുള്ള സംഖ്യപോലും അടയ്ക്കാൻ സാധിക്കാത്ത എത്രയോ മുതലാളിമാർ റെവന്യൂ റെക്കവറി പ്രൊസീഡിംഗ്സിനെ അഭിമുഖീകരിച്ചിരിക്കുന്നു. ഇതുമാതിരിയുള്ള നൂറുകണക്കിൽ കേസുകളുണ്ട്. ആദ്യത്തെബില്ലിൽ ഓരോ വർഷവും മാർച്ചുമാസത്തിൽ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി സംഖ്യ ഗവൺമെൻറിൽ കൺട്രോളിംഗ് അതോറിട്ടിയിൽ ഡെപ്പോസിറ്റു ചെയ്യണമെന്ന വ്യവസ്ഥയുണ്ടായിരുന്നു. അത് ഇന്നു പോയിരിക്കികയാണ്. അക്കാരണത്താൽ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കൃത്യസമയത്തിനു കിട്ടുമെന്നുള്ളതിന് യാതൊരു ഉറപ്പും ഈ ബില്ലുകൊണ്ട് വിഭാവനം ചെയ്യുന്നില്ല എന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

പോരായ്മയാണ് എനിക്കു പറയാനുള്ളത്. അതല്ലെങ്കിൽ തൊഴിലാളികൾക്കു കിട്ടാനുള്ള ഗ്രാറ്റുവിറ്റിക്ക് നിബന്ധന ഇതിൽ ഇല്ല. പണ്ടത്തെ സെലക്ടുകമ്മിറ്റിയിൽത്തന്നെ കേരളത്തിലെ പല മുതലാളിമാരും, ചേംബർ ഓഫ് കോമേഴ്സ്, സ്മാംസ്ക്കെയിൽ ഇൻഡസ്ട്രീസ് അസോസിയേഷൻ ഇങ്ങനെയുള്ള വ്യവസായ സ്ഥാപനങ്ങൾ ഡെപ്പാസിറ്റു സംബന്ധിച്ചു അനുകൂലിച്ചുകൊണ്ടുതന്നെ സെലക്ടു കമ്മിറ്റി മുമ്പാകെ റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ട്, മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. അവർ പറയുന്നത് കൺട്രോളിംഗ് അതോറിട്ടിക്ക് സമർപ്പിക്കണമെന്നല്ല അതാതു തൊഴിലാളികളുടെ പേരിൽ പാസുബുക്കിലിട്ട് സ്റ്റേറ്റുബാങ്കിൽ സൂക്ഷിക്കണമെന്നാണ്. ആ പാസുബുക്കുകൾ മുതലാളിമാരുടെ കൈയിൽ സൂക്ഷിക്കണമെന്നുമാണ് പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് മിക്കവാറും തൊഴിലാളികളാണെങ്കിൽ ഒരു തവണ ഗ്രാറ്റുവിറ്റി സംഖ്യ തൊഴിലാളിയുടെ പേരിൽ ഡെപ്പോസിറ്റുചെയ്യുന്നതിന് എതിർപ്പ് പ്രകടിപ്പിച്ചിട്ടില്ല. ഫ്രാൻറേഷനിൽ ഇന്നുതന്നെ ഗ്രാറ്റുവിറ്റി സമ്പ്രദായം ഉണ്ടെന്നും യാതൊരു അപാകതയും ക്രമക്കേടുകളും ഉണ്ടായിട്ടില്ലെന്നും തങ്ങളെ അതിൽനിന്നും ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടിട്ടുള്ളത് ഫ്രാൻറേഷൻ അസോസിയേഷൻ മാത്രമാണ്. ഇങ്ങനെയൊരു വകുപ്പ് പ്രത്യേകമായി സൂക്ഷിക്കാൻ ഇഷ്ടപ്പെടുന്ന ആളുകൾക്ക് അതിനൊരു ഭേദഗതിയോടുകൂടി ഉൾക്കൊള്ളിക്കാമെന്ന് അന്നത്തെ സെലക്ടുകമ്മിറ്റിയിൽ അഭിപ്രായമുണ്ടായിരുന്നു. ഇങ്ങനെയൊരു വകുപ്പുകൂടി ഇതിൽ ചേർക്കണമെന്നാണ് എന്റെ അഭിപ്രായം. ഇല്ലെങ്കിൽ ഗ്രാറ്റുവിറ്റി കിട്ടാനുള്ള വിഷമത വളരെയധികം ഉണ്ടാകുമെന്നും ഇന്നുതന്നെ തൊഴിലാളികളിൽനിന്നും പിടിച്ചെടുക്കുന്ന സംഖ്യ കിട്ടാതെ വിഷമിക്കുന്ന തൊഴിലാളികളുണ്ട്. ചില ഫാക്ടറികൾ പൂട്ടിയിടുന്നുണ്ട്. പണവും കൊടുക്കാൻ സാധിക്കുന്നില്ല. പേയ്മെൻറ് ഓഫ് ബോണസ് ആക്ടനുസരിച്ച് നിർബന്ധമായി കൊടുക്കേണ്ട ബോണസ് കൊടുക്കുന്നില്ല ചില കമ്പനികൾ. കമ്പനി പൂട്ടിയിട്ടോ, പ്രവൃത്തി സ്തംഭിച്ചോ ഏതെങ്കിലും ഒരു തൊഴിലാളിക്ക് 5 വർഷം സർവ്വീസുള്ള തൊഴിലാളി ഫാക്ടറിയിൽനിന്നും പിരിഞ്ഞുപോകണമെന്നു പറയുമ്പോൾ അങ്ങനെ പിരിഞ്ഞുപോയാൽ വേജസ് കൊടുക്കാൻ സാധിക്കാത്ത മുതലാളിമാർ എങ്ങനെ ഗ്രാറ്റുവിറ്റി കൊടുക്കുമെന്നുള്ളത് പ്രശ്നമായിതീരുന്നു. അതുകൊണ്ട് മുമ്പത്തെ ബില്ലിലുള്ള 8–ാം വകുപ്പ് എടുത്തുകളഞ്ഞതുകൊണ്ട് ഈ ബില്ലുകൊണ്ട് തൊഴിലാളികൾക്കു കിട്ടാനുള്ള ഗുണം കിട്ടാൻ ഇടയാകുകയില്ലെന്നും ഞാൻ സംശയിക്കുന്നു. ചില വ്യവസായ സ്ഥാപനങ്ങൾ കൺട്രോളിംഗ് അതോറിട്ടി പ്രത്യേകമായി ഉണ്ടായിരിക്കരുതെന്നു സെലക്ടുകമ്മിറ്റിമുമ്പാകെ പറഞ്ഞിട്ടുണ്ട്. അങ്ങനെയൊരു കൺട്രോളിംഗ് അതോറിട്ടി വേണ്ടെന്നാണ് പറഞ്ഞിട്ടുള്ളത്. കൺട്രോളിംഗ് അതോറിട്ടിയിൽ ഗ്രാറ്റുവിറ്റി സംഖ്യ ഓരോ വർഷവും അടയ്ക്കുമ്പോൾ തൊഴിലാളികൾക്ക് വേണ്ടന്നു വരുന്ന കാലത്ത് പിരിഞ്ഞുപോകുന്ന സമയത്ത് സംഖ്യ എങ്ങനെ താരതമ്യപ്പെടുത്താമെന്ന് പറഞ്ഞിരുന്നു. അതിനുവേണ്ടി കൺട്രോളിംഗ് അതോറിട്ടി പ്രത്യേകമായി ഗ്രാറ്റുവിറ്റിയായി സൂക്ഷിക്കുകയും അവസാനത്തെ സാലറി തുല്യമായി കൊടുക്കാൻ ഇടവരുകയും ചെയ്തു എന്നു സെലക്ടുകമ്മിറ്റിയിൽ അഭിപ്രായമുണ്ടായിരുന്നു. ഈ നിശ്ചയമനുസരിച്ച് തൊഴിലാളികൾക്ക് സൗകര്യപ്രദമായി ഈ സമ്പ്രദായം മാറ്റിവച്ചത് ഖേദകരമായിപ്പോയി എന്നാണ് എനിക്കു പറയാനുള്ളത്. ഇതൊരു ഓർഡിനൻസായതുകൊണ്ടു തീർച്ചയായും വേഗം പാസ്സാക്കി എടുക്കേണ്ടതുണ്ട്. അതു നീട്ടികൊണ്ടു പോകുന്നതിന് ഞാൻ ഇഷ്ടപ്പെടുന്നില്ല. ഈ രാജ്യത്തെ തൊഴിലാളികളൊക്കെ ഇതു വേഗം പാസ്സാക്കണമെന്നും ഇതുകൊണ്ടുള്ള ആനുകൂല്യങ്ങൾ കിട്ടണമെന്നും

LIBRARY ARCHIVES Kerala Legislative Assembly

ആഗ്രഹിക്കുന്നവരാണ്. എന്നിരുന്നാലും ചുരുങ്ങിയ ദിവസത്തേയ്ക്ക് സെലക്ടുകമ്മിറ്റിക്കുവിട്ട് ആ സെലക്ടുകമ്മിറ്റിയുടെ പ്രത്യേക പരിഗണനയ്ക്ക് വിധേയമാക്കുകയും പണ്ടത്തെ സെലക്ടുകമ്മിറ്റിയിൽ ഉണ്ടായ അഭിപ്രായങ്ങളെ പരിഗണിച്ചുകൊണ്ട് ആവശ്യമായ ഭേദഗതികളും ഇതിൽ വരുത്തണമെന്നും എനിക്ക് അപേക്ഷയുണ്ട്. പണ്ടത്തെ സെലക്ടുകമ്മിറ്റിയിൽ എന്തെല്ലാം അഭിപ്രായങ്ങളാണ് വന്നുവെന്നും ഏതെല്ലാം വ്യവസായസ്ഥാപനങ്ങളാണ് മെമ്മോറാണ്ടം സമർപ്പിച്ചുവെന്നും പരിഗണനയ്ക്കെടുത്തുകൊണ്ട് ആവശ്യമായ ഭേദഗതികളും വരുത്താൻ ഈ ബില്ലിനെ നന്നാക്കിത്തീർക്കാൻ ഒരു സെലക്ടുകമ്മിറ്റിക്കുവിടുന്നതുകൊണ്ട് സഹായകരമായിത്തീരുമെന്നതുകൊണ്ടാണ് ഞാൻ സെലക്ടുകമ്മിറ്റിക്കു വിടണമെന്നും 5 ദിവസത്തിനിടയ്ക്ക് റിപ്പോർട്ടു സമർപ്പിക്കണമെന്നും ആവശ്യപ്പെടാൻ കാരണം. ബഹുമാനപ്പെട്ട മന്ത്രി ഇതു സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. ജി. ഗോപിനാഥൻപിള്ള: സർ, ഈ ബിൽ അവതരിപ്പിച്ച ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അനുമോദിക്കുകയാണ്. തൊഴിലാളികൾക്ക് ഏറ്റവും വലിയ ആനുകൂല്യംനൽകിയതായ ഈ ബിൽ എത്രയുംവേഗം പാസാക്കണമെന്ന് ആദ്യ ചർച്ചാവേളയിൽത്തന്നെ പറഞ്ഞത് ഈ സഭയിലെ എല്ലാവരും അനുകൂലിച്ച കാര്യമാണ്. എങ്കിലും എന്തെങ്കിലും അപാകതയുണ്ടെങ്കിൽ സെലക്ടുകമ്മിറ്റി എത്രയുംവേഗം ആലോചിച്ച് ഒരു തീരുമാനമെടുത്ത് സഭയിൽ അവതരിപ്പിക്കണമെന്നുള്ള രീതിയിലാണ് നിയമം നമ്മൾ സെലക്ടുകമ്മിറ്റിക്ക് വിട്ടുകൊടുത്തത്. പക്ഷേ അതിനുശേഷം തൊഴിലാളികൾ പല വിധത്തിലുള്ള അവശതകളും ഉടമകളിൽനിന്നും അനുഭവിക്കേണ്ടിവന്നിട്ടുള്ള കാര്യവും എല്ലാവരും സമ്മതിക്കുന്നുണ്ട്. ആനിലയിൽ എല്ലാ വിഭാഗം തൊഴിലാളികൾക്കും ഏറ്റവും വലിയ ആനുകൂല്യം സിദ്ധിക്കുന്നതിന് ഈ ബിൽ ഉടനടി തന്നെ നടപ്പിക്കാതിരിക്കുന്നത് തീർച്ചയായും ശരിയല്ല. അതുകൊണ്ട് ഇത് എത്രയും വേഗം പാസാക്കണം. എന്റെ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം ഇതിന്റെ അടിയന്തിരാവസ്ഥ പരിഗണിച്ചുകൊണ്ട് ഒരു ഓർഡിനൻസായി പ്രഖ്യാപിച്ചു. ആ ഓർഡിനൻസ് പാസാക്കി എടുത്താൽമാത്രമേ തൊഴിലാളികൾക്ക് നമ്മൾ വിചാരിച്ച ആനുകൂല്യങ്ങൾ നേടാൻ സാധിക്കുകയുള്ളൂ. എംപ്ലോയിസിൽ 250 രൂപാവരെ മാസം ആദായം കിട്ടുന്ന തൊഴിലാളിയെ ഉൾപ്പെടുത്തിക്കൊണ്ട് വ്യവസ്ഥ കൊണ്ടുവന്നിരിക്കുന്നതു തീർച്ചയായും ന്യായയുക്തമാണ്. തൊഴിലാളികളുടെ അവകാശങ്ങൾ അംഗീകരിക്കുന്ന അഭിപ്രായമാണ് അതുകൊണ്ട് നടക്കുന്നത്. ഈ രീതിയിൽ നമ്മുടെ തൊഴിലാളികൾക്ക് ഏറ്റവും വലിയ ആനുകൂല്യം നൽകുന്ന ബിൽ ഏറ്റവും അടിയന്തിരമായി പാസാക്കേണ്ടിയിരിക്കുന്നതിനാൽ തീർച്ചയായിട്ടും ഉടൻതന്നെ പാസാക്കേണ്ട കടമ ഗവൺമെൻറിനുണ്ടെന്ന് അനുസ്മരിപ്പിക്കുകയും സെലക്ടുകമ്മിറ്റിക്കയയ്യക്കണമെന്നനിർദ്ദേശം പിൻവലിക്കുകയുംചെയ്യുന്നു.

ശ്രീ. പി. എസ്. നമ്പൂതിരി: സർ, ഈ ഗവൺമെൻറിനെസംബന്ധിച്ചിടത്തോളം കഴിഞ്ഞ ഡിസംബർ 10—ാം തീയതി തീർച്ചയായും തൊഴിലാളികൾ മുഴുവൻതന്നെ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്ന ആവേശകരമായ ദിവസമായിതന്നെ ഇൻഡ്യയിലുള്ള തൊഴിലാളികളും ഈ ഡിസംബർ 10—ാം തീയതി ആഘോഷിച്ചിട്ടുണ്ടെന്നുള്ള വസ്തുത ബഹുമാനപ്പെട്ട ഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാനാഗ്രഹിക്കുകയാണ്. നീണ്ടകാലങ്ങളായി തൊഴിലാളിവർഗ്ഗം ഇൻഡ്യയിലൊട്ടാകെ പല സമരങ്ങളും നടത്തിയിട്ടുണ്ടെങ്കിൽപോലും ഗ്വാറ്റുവിറ്റിയെസംബന്ധിച്ച് നിയമം എല്ലാ വ്യവസായങ്ങൾക്കും ബാധകമായ നിയമം ഇന്നേവരെ ഇൻഡ്യയിൽ ഉണ്ടായിട്ടില്ല. അത് ആദ്യമായി കഴിഞ്ഞ ഡിസംബർ 10—ാം തീയതി മുതൽക്കാണ് നടപ്പിൽ വന്നത്. ഈ അവസരം തീർച്ചയായിട്ടും തൊഴിലാളികളെസംബന്ധി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിടത്തോളം വളരെയേറെ ആഘോഷിക്കേണ്ട ഒരു ദിവസംതന്നെയായിരുന്നു. 30 കൊല്ലത്തോളമായി തൊഴിലാളികളെസംബന്ധിച്ചിടത്തോളം ഇത്രയേറെ സംഭവ ബഹുലമെന്നു പറയാവുന്ന ഒറ്റകാര്യവും ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. ഇതിനു മുമ്പു പ്രസംഗിച്ച എന്റെ സ്നേഹിതൻ ശ്രീ. കണ്ണൻ ഉന്നയിച്ച ഒരു കാര്യമുണ്ട് മുൻഗവൺമെന്റ് അവതരിപ്പിച്ച സെലക്ടുകമ്മിറ്റിയുടെ പരിഗണനയിൽ ഇരുന്ന ആ ഗ്രാറ്റുവിറ്റി ബില്ല് അതുമാതിരി പകർത്തിയിരിക്കുന്നുഎന്ന . അതു തെറ്റാണ്. മുൻഗവൺമെന്റ് ഗ്രാറ്റുവിറ്റി ബില്ല് കൊണ്ടുവരുന്നത് അതിനുമുമ്പ് ഈ രാജ്യത്ത് ചെയ്തതും തൊഴിലാളികൾ നടപ്പിലാക്കിയിരു ന്നതും ആയ കാര്യമാണ്. ആ ഗവൺമെന്റ് തൊഴിലാളികളെ സംബന്ധിച്ചിട ത്തോളം ഒരു വ്യവസ്ഥ, നിയമമായി കൊണ്ടുവരണമെന്നു നിർദ്ദേശിച്ചു കൊണ്ട് ആ ബില്ലിന്റെ കോപ്പി ഗവൺമെന്റിനു സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വെൽഫയർ ഫണ്ട് ബിൽ അവതരിപ്പിച്ചു. ഏതാണ്ട് അതേരീതിയിലുള്ള ആ ബിൽ ഫാക്ടറികൾക്കാകെ ബാധകമാക്കാവുന്ന രീതിയിൽ ഇന്ന് അവതരിപ്പിക്കുകയാണ് ചെയ്തത്. ആ ബിൽ അപ്രായോ ഗികമാണ്, പ്രവൃത്തിയിൽ കൊണ്ടുവരാൻ സാധിക്കാത്തതാണ്. ഗ്രാറ്റുവിറ്റി ബില്ല് പേരിൽ കൊണ്ടുവന്നു എന്നു പറയാം. അത് പ്രയോഗത്തിൽ കൊണ്ടുവരണമെങ്കിൽ ഒന്നുകിൽ പല വ്യവസായങ്ങളും അടച്ചുപൂട്ടേണ്ടിവരും.

ശ്രീ. എ. വി. കുഞ്ഞമ്പു: എംപ്ലോയീസ് ഗ്രാറ്റുവിറ്റി ബില്ലിന്റെ സെലക്ടുകമ്മിറ്റിയിൽ ബഹുമാനപ്പെട്ട മെമ്പറൻമാരുമെല്ലാം അഭിപ്രായം പറ ഞ്ഞിരുന്നില്ലേ; ആ ഭാഗം ചർച്ചചെയ്തിട്ട് അംഗീകരിച്ചതല്ലേ?

ശ്രീ. പി. എസ്. നമ്പൂതിരി: ആ സെലക്ടുകമ്മിറ്റിയിൽ ഉന്നയിച്ച വാദം തന്നെയാണ് ഞാൻ ഇപ്പോഴും ആവർത്തിച്ചുപറയുന്നത്. ഈ ബില്ല് പാസായിക്കഴിഞ്ഞാൽ അതു നിയമമായി ഈ രാജ്യത്ത് പ്രാബല്യത്തിൽ വന്നു കഴിഞ്ഞാൽ ഓരോ കൊല്ലവും തൊഴിലാളികൾക്ക് 15 ദിവസത്തെക്കൂലി ഗവൺ മെന്റിനു നിക്ഷേപിക്കണം. പല സ്ഥാപനങ്ങളിലേയും തൊഴിലാളികൾ ഇരുപതും ഇരുപത്തഞ്ചുംകൊല്ലം ജോലി ചെയ്തിരുന്ന ആളുകളാണ്. ഉദാ ഹരണമായി കണ്ണൂർ സ്പിന്നിംഗ് മിൽ എടുത്തുനോക്കുക. 30 കൊല്ല ത്തിലധികം സർവ്വീസുള്ള ആളുകളുണ്ട്. അതുപോലെ പാർവ്വതിമിൽ എടുത്തുനോക്കിയാലും വളരെയധികം തൊഴിലാളികൾ ആരോഗ്യം നശിച്ച് ജോലിചെയ്യാൻ കഴിയാത്ത സാഹചര്യത്തിലാണ്. അവർക്ക് പിരിഞ്ഞു പോകണമെന്ന് ആഗ്രഹമുണ്ടെങ്കിലും (ആരും തടസ്സപ്പെടുത്തുകയില്ല) ഈ പിരിഞ്ഞുപോകുന്ന കാലയളവിലേയ്ക്ക് ഒരു ചെറിയ സംഖ്യയെങ്കിലും കിട്ടാൻ ഇടവരുത്തണമെങ്കിൽ അവർ ജോലി ചെയ്തിരുന്ന മുൻകാല സർവ്വീസുകൂടി പരിഗണിച്ചുകൊണ്ടുള്ള ഒരു ഗ്രാറ്റുവിറ്റി ബില്ലു കൊണ്ടു വരണം. ഇല്ലെങ്കിൽ പ്രയോജനമില്ല.

മുൻകൊല്ലത്തെ സർവ്വീസിന് 15 ദിവസത്തെ കൂലി കണക്കാക്കികൊണ്ട് നിക്ഷേപിക്കണമെന്നു പറഞ്ഞാൽ ലക്ഷക്കണക്കിനു രൂപാവരും. ഇത്തരം ഒരു അനുഭവം, ഗവൺമെന്റിൽ ഡിപ്പോസിറ്റ് ചെയ്യാനുള്ള അനുഭവം, മുൻ കൊല്ല സർവ്വീസിനുകൂടി നിക്ഷേപിക്കണമെന്ന വകുപ്പ് ചേർത്തില്ലായിരുന്നു വെങ്കിൽ പല മില്ലുകളും അടച്ചുപൂട്ടേണ്ടി വരുമായിരുന്നു. അതല്ലെങ്കിൽ മുൻ കൊല്ലത്തെ സർവ്വീസ് കിട്ടുകയില്ല. അതുകൊണ്ട് മുൻകൊല്ലത്തെ സർവ്വീ സിന്റെകൂടി മെച്ചമുണ്ടാകണമെങ്കിൽ ഇന്നു ഈ ബിൽ വ്യവസ്ഥചെയ്തിട്ടുള്ള തുപോലെ ഡിസംബർ 10–ാം തീയതിക്കുശേഷം ആരു പിരിഞ്ഞുപോയാലും ശരി, സ്വമേധയാ പിരിഞ്ഞുപോയാലുംശരി, മരണപ്പെട്ടുപോയാലും ശരി, ആ തൊഴിലാളിക്ക് മുൻകൊല്ലത്തിൽ ചെയ്ത സേവനത്തിന് 15 ദിവസത്തെ കൂലി കണക്കാക്കി ഗ്രാറ്റുവിറ്റിക്ക് അവകാശമുണ്ട്. ഇന്നു നിലവിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

നിയമങ്ങളനുസരിച്ചുതന്നെയുള്ള തൊഴിലാളികളുടെ പല ആനുകൂല്യങ്ങളും മുതലാളിമാർ ലംഘിക്കുന്നുണ്ട്. ശ്രീ. കണ്ണൻ പറഞ്ഞമാതിരി പ്രോവിഡൻറ് ഫണ്ട്, ഈ. എസ്. ഐ. ആനുകൂല്യങ്ങളെ ഇങ്ങനെ പലതും ഡിപ്പോസിറ്റ് ചെയ്യാത്ത മുതലാളിമാർകാണും. ബോണസ് കൊടുക്കാത്ത മുതലാളിമാരും ഉണ്ടാവും. തൊഴിലാളികളും അവരുടെ സംഘടിത ശക്തികൊണ്ട് ഇതെല്ലാം നേടിയെടുക്കേണ്ടിവരും. അതിന് ഗവൺമെൻറിൻെറ സഹായവുമുണ്ടാകും. ഇന്നു നിലവിലുള്ള നിയമപ്രകാരംതന്നെ തൊഴിലാളികൾക്ക് കിട്ടേണ്ട പല ആനുകൂല്യങ്ങളും നിഷേധിക്കുന്ന ഈ സന്ദർഭത്തിൽ ഇത്തരംഒരു വ്യവസ്ഥ ഈ ബില്ലിൽ ഉൾപ്പെടുത്തിയില്ലെങ്കിൽ തൊഴിലാളികൾക്ക് അവരുടെ മുൻകാല സർവ്വീസിൻെറ ആനുകൂല്യം കിട്ടാൻ സാധിക്കാതെവരും. അതുകൊണ്ട് വളരെ പ്രധാനമായ, ഇത്ര കൊല്ലം ജോലി ചെയ്തിട്ടുണ്ടെങ്കിൽ, 30 കൊല്ലം സർവ്വീസുണ്ടെങ്കിൽ ആ ആനുകൂല്യം തൊഴിലാളികൾക്ക് ഈ ബിൽകൊണ്ട് കിട്ടുന്നുണ്ട്. അത്രയും നല്ല കാര്യമാണ്; വളരെ സ്വാഗതാർഹമായ കാര്യ മാണ്. കേരളത്തിലെ ഇൻഡസ്ട്രിയൽ റിലേഷൻസ് ബോർഡ് പല ആനു കൂല്യങ്ങളും മുൻപ് തീരുമാനിച്ചതാണ്. അത് ഇതുവരെ നടപ്പാക്കാൻ കഴി ഞ്ഞിട്ടില്ല. ഈ അവസരത്തിൽ ഈ ബില്ലിലെ ആനുകൂല്യങ്ങൾ ഡിസംബർ 10—ാം തീയതി മുതൽക്ക് തന്നെ പ്രാബല്യത്തിൽ വരുത്തിയ ഈ സർക്കാർ വളരെ അഭിനന്ദനം അർഹിക്കുന്നുണ്ട്. ഈ കാര്യത്തിൽ സംഘടിതമായ തൊഴിലാളി വർഗ്ഗത്തിൻെറ, കേരളത്തിലെ മാത്രമല്ല ഇൻഡ്യയിലെ മുഴുവൻ തന്നെ തൊഴിലാളികളുടെ ഉള്ളഴിഞ്ഞ കൃതജ്ഞതയും അഭിനന്ദനവും രേഖ പ്പെടുത്തിക്കഴിഞ്ഞിട്ടുള്ളതാണ്. ഈ ബില്ലിൽ കഴിയുമെങ്കിൽ ശ്രീ. കണ്ണൻ നിർദ്ദേശിച്ചതുപോലെ ചില ഭേദഗതികളും വരുത്താവുന്നതാണ്. അങ്ങനെ വരുത്താവുന്ന ഭേദഗതികൾകൂടി ചേർക്കാൻ കഴിയുന്ന രീതിയിൽ മൂന്നോ നാലോ ദിവസത്തെ അവധി വച്ചുകൊണ്ട് സെലക്ടുകമ്മിറ്റിക്ക് വിടുകയാണെങ്കിൽ അതിൽ വലിയ തകരാറൊന്നുമില്ലെന്നാണ് എൻെറ അഭിപ്രായം. അതുപോലെ തന്നെ ഒരു വ്യവസായ സ്ഥാപനം തകർന്നുപോകാതിരിക്കണമെങ്കിൽ ഒരു കൺ ട്രോൾ വേണം. തൊഴിലാളികളും പിരിഞ്ഞുപോകുന്നത് ചുരുങ്ങിയത് 5 ശതമാനത്തിലോ പത്തു ശതമാനത്തിലോ കൂടാൻ പാടില്ലെന്നുള്ള വ്യവസ്ഥ വയ്ക്കുന്നത് ആ വ്യവസായത്തിൻെറ നിലനിൽപ്പിനുതന്നെ ആവശ്യമാണ്. ഏതായാലും ഈ കാര്യങ്ങളിലെല്ലാം വേണ്ട ഭേദഗതികളും വരുത്താൻ കഴിയുമോ എന്നുള്ളതു പരിശോധിക്കുന്നതിനുവേണ്ടി രണ്ടു മൂന്നു ദിവസത്തെ അവധിവച്ചു കൊണ്ട് സെലക്ടുകമ്മിറ്റിക്ക് അയക്കുന്നതു നന്നായിരിക്കുമെന്നാണ് എൻെറ അഭിപ്രായം. ഈ ബിൽ എത്രയും വേഗം പാസാക്കി നടപ്പാക്കുന്നതോടുകൂടി അതിനാവശ്യമായ ചട്ടങ്ങളുണ്ടാക്കുന്നതിനും ഉദ്യോഗസ്ഥൻമാരെ നിയമിക്കുന്ന തിനും ഉടനടി തയ്യാറാകണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു.

ശ്രീ. പി. രാമലിംഗം: ഈ ബിൽ നമ്മുടെ രാജ്യത്തെ സംബന്ധിച്ചായാലും നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചായാലും വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണ്. ഐക്യമുന്നണി ഗവൺമെൻറ് 1967—ൽ അധികാരം ഏറെറടുത്ത കാലംമുതൽ ഈ നിയമസഭയ്ക്കകത്തും അതേമാതിരി പുറത്തും, തൊഴിലാളി വർഗ്ഗം, പ്രത്യേകിച്ച് സംഘടിത തൊഴിലാളി വർഗ്ഗം, അവരുടെ സംഘ ടനാബലം കൊണ്ടു നേടിയെടുത്ത ചില കാര്യങ്ങൾ നിയമപരമായ അവകാശ ങ്ങളായി മാറിക്കിട്ടുന്നതിനുള്ള ഒരു നിയമനിർമ്മാണ നടപടി എടുക്കണ മെന്ന് നിരന്തരമായി ആവശ്യപ്പെട്ടിട്ടുണ്ട്. അതിൽ പ്രധാനമായി ട്രേഡ് യൂണിയൻ അംഗീകാര ബിൽ, അതേമാതിരി ഗ്രാറ്റുവിറ്റി നൽകുന്ന ബിൽ, ഇങ്ങനെയുള്ള ബില്ലുകൾ അവതരിപ്പിക്കേണ്ടതാണ്, പാസാക്കി എടുക്കേണ്ട താണ് എന്നു പല പ്രാവശ്യവും ആവശ്യപ്പെട്ടിട്ടുണ്ട്. ഏതാണ്ട് രണ്ടു കൊല്ല

LIBRARY ARCHIVES Kerala Legislative Assembly

ത്തിനുശേഷം മാത്രം ചില നിയമങ്ങളും കൊണ്ടുവരികയും അതിന്റെ അവസാന മായിട്ടാണ് ഒര ഗ്രാറുവിററിബിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ കണ്ണൻ പറഞ്ഞതുപോലെ ഈ ബില്ലിനകത്ത് തൊഴിലാളികൾക്ക് അവകാശപ്പെട്ട ഗ്രാറുവിററി തുക ഏതെങ്കിലും ഏജൻസിയെ, ഗവൺമെൻറിനാണെങ്കിൽ ഗവൺമെൻറ്, ഏൽപ്പിക്കണമെന്ന വ്യവസ്ഥയുണ്ടായിരുന്നു. പക്ഷേ സെലക്ടു കമ്മിററിയിൽ അതേപ്പററി ചർച്ചകൾ നടന്ന അവസരത്തിൽ പ്രായോഗികമായ പല ബുദ്ധിമുട്ടുകളും ഉണ്ടെന്നുള്ള കാര്യം വെളിവാക്കപ്പെട്ടു. ഒന്നാമത്, ഈ നിയമം നടപ്പാക്കുന്ന തീയതിക്കു മുൻപ് കണക്കുകൂട്ടുന്നതായ ഗ്രാറുവിററിയുടെ തുക മൊത്തത്തിൽ ഗവൺമെൻറിൽ കെട്ടിവയ്ക്കണമെന്നു പറഞ്ഞാൽ അത് പ്രായോഗികമാകുമോ? അങ്ങനെ പറയാൻ കഴിയുമോ? ഇത് നടപ്പിൽ വരുന്ന തീയതി മുതൽ ആ കൊല്ലത്തിൽ റിട്ടയർചെയ്തുപോകുന്ന അല്ലെങ്കിൽ പിരിഞ്ഞുപോകുന്ന തൊഴിലാളികൾക്ക് കൊടുക്കേണ്ടതായ തുക, 20—ഓ 30—ഓ കൊല്ലത്തെ കഴിഞ്ഞകാല സർവ്വീസിനനുസരിച്ച് കൊടുക്കേണ്ടതായ തുക ഗവൺമെൻറിൽ കെട്ടിവച്ചില്ലെങ്കിൽ അത് എങ്ങനെ ഈടാക്കുമെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം സെലക്ടു കമ്മിററി പ്രാഥമികമായ ചർച്ചകൾ നടത്തി. ആ ചർച്ചകൾ പൂർത്തിയായിട്ടില്ല. അതിനെ സംബന്ധിച്ചിടത്തോളം ഗവൺമെൻറു ഭാഗത്തുനിന്നു പറഞ്ഞത്, അങ്ങനെയാണെങ്കിൽ ഈ തുക ഗവൺമെൻറിൽ കെട്ടിവയ്ക്കണമെന്ന വകുപ്പ് എഴുതിവയ്ക്കട്ടെ, മററു എല്ലാ വ്യവസ്ഥകളും നടപ്പാക്കുന്നതിനുള്ള ഏർപ്പാട് എന്നുള്ള നിലയിൽ ഈ നിയമം ആദ്യംവരട്ടെ, എന്നുള്ള അഭിപ്രായമുണ്ടായി ഏതായാലും സെലക്ടുകമ്മിററിയിൽ അതിന്റെ ചർച്ചകൾ പൂർത്തിയായിട്ടില്ല. അതിനെസംബന്ധിച്ചിടത്തോളം വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളുണ്ടായിരുന്നു. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം സെലക്ടുകമ്മിററിക്ക് അയയ്ക്കണമെന്നുള്ള ഭേദഗതി ഞാൻ അവതരിപ്പിച്ചിട്ടുണ്ട്. പക്ഷേ ഈ ബില്ലിന്റെ പ്രാധാന്യത്തെ കണക്കിലെടുത്തുകൊണ്ട് ഇത് ഇനിയും പാസാക്കുന്നതിനു കാലതാമസം വരുത്തുന്നതു ശരിയല്ലെന്നുള്ളതിനാൽ ഞാൻ ആ ഭേദഗതി പ്രസ് ചെയ്യുന്നില്ല. പക്ഷേ അതേസമയത്ത് ഇതിനികത്ത് വളരെ പ്രധാനപ്പെട്ട ചില മാററങ്ങൾ ആവശ്യമായി വന്നിട്ടുണ്ടെന്നാണ് എനിക്കു പറയാനുള്ളത്. ഒന്നാമതായി ഇതിലെ ക്ലാസ് 1—ൽ—

'Short title, extent, application and commencement' എന്ന ഭാഗത്ത് (3) (b) 'any plantation as defined in clause (f) of section 2 of the Plantations Labour Act, 1951 (Cen ral Act 69 of 1951.)'

എന്നു പറഞ്ഞിട്ടുണ്ട്. പ്ലാൻേറഷൻ ലേബർ ആക്ട് പാർലമെൻറ് പാസാക്കുന്ന അവസരത്തിൽ റബ്ബർ പ്ലാൻേറഷൻ ഉണ്ടെന്നുള്ള കാര്യം വിസ്മരിച്ചു കളഞ്ഞു. കാരണം പ്ലാൻേറഷൻ ലേബർ ആക്ടിന്റെ പരിധിയിൽ റബ്ബർപ്ലാൻേറഷൻ വരുത്തണമെങ്കിൽ അതിന്റെ നിർവ്വചനത്തിൽ മാററംവരുത്തണം. ലേബർ ആക്ടിനുള്ളിൽ 25 ഏക്കറും 30 തൊഴിലാളികളും വന്നിട്ടുണ്ട്. പ്ലാൻേറഷൻ ലേബർ ആക്ടിനെ സംബന്ധിച്ചിടത്തോളം 150 ഏക്കറുണ്ടെങ്കിൽ മാത്രമേ അതിന്റെ പരിധിയിൽ വരുന്നുള്ളൂ. 150 ഏക്കറിനു താഴെയുള്ള തോട്ടങ്ങളാണ് ഈ രാജ്യത്ത് വളരെ കൂടുതലുള്ളത്. ആകെയുള്ള പ്ലാൻറഡ് റബ്ബർതോട്ടങ്ങളിൽ 75 ശതമാനവും 150 ഏക്കറിനു താഴെയുള്ളതാണ്. അതുകൊണ്ട് അവയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക്, ഏതാണ്ട് 75 ശതമാനം തൊഴിലാളികൾക്ക് ഈ നിയമം കൊണ്ടുള്ള പ്രയോജനം കിട്ടുന്നില്ല. ഷാപ്പ് ആക്ടനുസരിച്ചാണെങ്കിൽ, ഷാപ്പിനെ സംബന്ധിച്ച ഡെഫനിഷനിൽ

'any "establishment" as defined in clause (8) of section 2 of the Kerala Shops and Commercial Establishments Act, 1960 (34 of 1960)

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറഞ്ഞിട്ടുണ്ട്. ഒരു മുൻസിപ്പാലിറ്റി യിലുള്ള ഷാപ്പിനെ സംബന്ധിച്ചിടത്തോളം ഷാപ്പ് ആകട്ടെ ബാധകമാകുന്നുണ്ട്. ഒന്നു രണ്ടു തൊഴിലാളികളെ ജോലി ചെയ്യുന്ന ഷാപ്പിനും ഈ നിയമം ബാധകമാകുമെന്നാണ് ഞാൻ മനസിലാക്കുന്നത്. ആ മാതിരി ഷാപ്പുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കുകൂടി ഗ്രാറ്റുവിറ്റി കിട്ടുമ്പോൾ പത്തിരുപതു തൊഴിലാളികളെ പണിയെടുക്കുന്ന നൂറിയൻപത് ഏക്കറിനു താഴെയുള്ള തോട്ടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കിട്ടുന്നില്ലെന്ന അപാകത വരുന്നുണ്ട്. അതുകൊണ്ട് ആ ഡെഫനിഷനിൽ മാറ്റംവരുത്തിക്കൊണ്ട് 50 ഏക്കറിൽ കൂടുതലുള്ള റബ്ബർ തോട്ടങ്ങളിലും 20 ഏക്കറിലുള്ള തേയിലത്തോട്ടങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കിട്ടത്തക്ക രീതിയിലുള്ള മാറ്റം വരുത്തണമെന്നാണ് ഞാൻ ആ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. അല്ലെങ്കിൽ തോട്ടങ്ങളെ സംബന്ധിച്ചിടത്തോളം റബർ തോട്ടങ്ങളിൽ പണിയെടുക്കുന്ന 75 ശതമാനത്തോളം തൊഴിലാളികൾക്ക് ഇതുകൊണ്ടുള്ള പ്രയോജനമില്ലാതെപോകും. എന്നുമാത്രമല്ല ഇൻഡ്യൻ ലേബർ കമ്മിഷൻ അടുത്തകാലത്ത് അഭിപ്രായപ്പെട്ടിട്ടുള്ളത് കേരളത്തെ സംബന്ധിച്ചിടത്തോളം എല്ലാ തൊഴിലാളികൾക്കും ഗ്രാറ്റുവിറ്റി ബാധകമാക്കണമെന്നാണ്. ഗ്രാറ്റുവിറ്റി എന്നു പറയുമ്പോൾ സർക്കാർ സർവ്വീസിലുള്ള ആളുകൾ ചെറുപ്പം മുതൽ, 20 വയസ് മുതൽ തന്റെ യൗവ്വനകാലം മുഴുവൻ ഗവൺമെന്റ് സർവ്വീസിൽ വിനിയോഗിച്ചു കഴിഞ്ഞിട്ട് തനിക്ക് ജോലി ചെയ്യാൻ കഴിവില്ലാതെ റിട്ടയർ ചെയ്യുമ്പോൾ ഒരു തുക ഗ്രാറ്റുവിറ്റിയായി കിട്ടുന്നുണ്ട്. അതേമാതിരി തൊഴിലാളികളെ സംബന്ധിച്ചിടത്തോളം തന്റെ ആയുസ്സിന്റെ നല്ല ഭാഗവും വ്യവസായത്തിനുവേണ്ടി വിനിയോഗിച്ചു കഴിഞ്ഞതിനുശേഷം ആ തൊഴിലാളി പിരിഞ്ഞുപോകുന്ന അവസരത്തിൽ അവൻ തെരുവുതെണ്ടിയായി പോകരുതെന്നു കരുതി അവന് ഗ്രാറ്റുവിറ്റി കൊടുക്കുന്നത് ഒരു സംഭാവനയായി നൽകുന്നു എന്നു അർത്ഥമാക്കേണ്ടതില്ല. നിവൃത്തിയുണ്ടെങ്കിൽ എല്ലാ തൊഴിലാളികൾക്കും ഇതു ബാധകമാക്കണം. അതുകൊണ്ട് യാതൊരു ദോഷവുമില്ല. മുഴുവൻ തൊഴിലാളികൾക്കും ഗ്രാറ്റുവിറ്റി കിട്ടത്തക്കവണ്ണമുള്ള വ്യവസ്ഥയാണ് വേണ്ടത്. പ്ലാന്റേഷനെ സംബന്ധിച്ചിടത്തോളം 50 ഏക്കറിൽ കുറവല്ലാത്ത റബ്ബർ തോട്ടങ്ങൾക്കും 20 ഏക്കറിൽ കുറവല്ലാത്ത തേയിലത്തോട്ടങ്ങൾക്കും അത് ബാധകമാക്കണമെന്നുള്ളതാണ് എന്റെ ഒരു ഭേദഗതി. രണ്ടാമത് മറ്റൊരു ഭേദഗതി ഡെഫനിഷനെ സംബന്ധിച്ചാണ്.

'uninterrupted service for one year'

എന്നുപറയുന്നുണ്ട്. എന്റെ അനുഭവത്തിൽ ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം പല തർക്കങ്ങളുമുണ്ടായിട്ടുണ്ട്. ഒരു കൊല്ലം എന്നു പറഞ്ഞാൽ പല കമ്പനികളിലും വിവിധങ്ങളായ ഫൈനാൻഷ്യൽ ഈയറാണ്. മാർച്ചു മുതൽ അടുത്ത ഏപ്രിൽവരെയാണെങ്കിൽ കുഴപ്പമില്ല. ഏതായാലും 12 കലണ്ടർ മന്ത്സ് എന്നാക്കുന്നതു തർക്കം ഒഴിവാക്കുന്നതിന് സഹായമാകും. എന്റെ ഭേദഗതി 6 മാസം ജോലി ചെയ്തിട്ടുണ്ടെങ്കിൽ ഒരു കംപ്യൂട്ടഡ് ഈയർ സർവ്വീസായി കണക്കാക്കണമെന്നാണ്.

ശ്രീ. പി. എസ്. നമ്പൂതിരി: ഇതൊക്കെ ക്ലാസ് ബൈ ക്ലാസായിട്ട് ചർച്ച നടത്തുന്ന സമയത്ത് എടുത്താൽപ്പോരേ?

ശ്രീ. പി. രാമലിംഗം: ഒന്നുരണ്ടു ഉദാഹരണങ്ങൾ പറഞ്ഞു എന്നേയുള്ളൂ. ക്ലാസ് ബൈ ക്ലാസായിട്ട് ചർച്ച വരുമ്പോൾ പറയാനുള്ള അവസരം കിട്ടും. അപ്പോൾ പറയാം. ഈ കാര്യങ്ങളൊക്കെ അനുഭവത്തിൽനിന്നു പറയുകയാണ്. സെസേഷൻ ആഫ് വർക്ക് എന്നു പറയുമ്പോൾ അതിൽ വലിയ തർക്കത്തിന് അവകാശമുണ്ട്. സെസേഷൻ ആഫ് വർക്കും സ്ട്രൈക്കും തമ്മിൽ വലിയ വ്യത്യാസമില്ല. സെസേഷൻ ആഫ് വർക്ക് എന്നു പറയുമ്പോൾ അത് സ്ട്രൈക്കുമാകാം. 'cessation of work not due to the workers' fault' എന്നതിൽ Whether it is due to the fault of the worker or fault of the employer

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ള തർക്കം വന്നിട്ട് ഗ്രാറ്റുവിറ്റി കൊടുക്കാതിരിക്കാം. അതുകൊണ്ട് ആ ഭാഗം എടുത്തുകളയണം. മറ്റുള്ള സെക്ഷനുകൾക്കും ഞാൻ ഭേദഗതി അവതരിപ്പിച്ചിട്ടുണ്ട്. അതൊക്കെ അതാതു സെക്ഷൻ വരുമ്പോൾ സംസാരിക്കാൻ അവസരമുണ്ടെങ്കിൽ അപ്പോൾ പറയാം.

ശ്രീ. കെ. കരുണാകരൻ: സെസേഷൻ ആഫ് വർക്ക് എന്നുള്ളതു എടുത്തുകളഞ്ഞാൽ ഏതെങ്കിലും കാരണവശാൽ കമ്പനിക്കാർ ജോലി കൊടുക്കാതെ മുടങ്ങിവരുന്ന കാലത്തെ സർവ്വീസിനെ പരിഗണിക്കുന്നതിനു തടസ്സം വരികയില്ലേ? നേരെമറിച്ച് അതിനു വരുത്തേണ്ട ഭേദഗതി വേറെയാണ്.

ശ്രീ. പി. രാമലിംഗം: സെസേഷൻ ആഫ് വർക്ക് എന്നു കഴിഞ്ഞിട്ട് 'not due to the employee's fault' എന്നുള്ളത് എടുത്തുകളയണം. തൊഴിലാളികളുടെ കുറ്റം കൊണ്ടാണ് സെസേഷൻ ആഫ് വർക്ക് ഉണ്ടായതെന്നുള്ള തർക്കം ഉണ്ടാകാൻ പാടില്ല. അങ്ങനെ എസ്കേപ്പ് ചെയ്യാനുള്ള അവസരം കൊടുക്കരുത്.

ശ്രീ. എൻ. ഗണപതി: കുറഞ്ഞത് ഇത്ര രൂപ ഗ്രാറ്റുവിറ്റി വയ്ക്കണമെന്ന അഭിപ്രായമുണ്ടോ?

ശ്രീ. പി. രാമലിംഗം: അത് അപകടകരമായിരിക്കും.

ശ്രീ. എൻ. ഗണപതി: മിനിമം ഇത്രയെന്നു വച്ചില്ലെങ്കിൽ തുക കുറഞ്ഞുപോകുകയില്ലേ?

ശ്രീ. പി. രാമലിംഗം: മിനിമത്തിന്റെ ആവശ്യമില്ല. അഞ്ചുകൊല്ലം കഴിഞ്ഞതിനുശേഷം ആ അഞ്ചുകൊല്ലത്തെ സർവ്വീസ് വച്ചുകൊണ്ടു ഗ്രാറ്റുവിറ്റി കണക്കാക്കാം. മിനിമം വയ്ക്കേണ്ട കാര്യമില്ല.

റിട്രഞ്ച് ചെയ്യുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ പാസ്റ്റ് സർവ്വീസ് നഷ്ടപ്പെടുന്ന രീതിയിലുള്ള വകുപ്പാണ് ഈ ബില്ലിൽ ഉള്ളത്. റിട്രഞ്ച് ചെയ്യുന്ന തൊഴിലാളികൾക്ക് എത്രകൊല്ലത്തെസർവ്വീസുണ്ടോ ആ കൊല്ലത്തെ സർവ്വീസിനുള്ള ഗ്രാറ്റുവിറ്റി അവകാശംകൂടി കൊടുക്കണം. അങ്ങനെ ചില പ്രധാനപ്പെട്ട ഭേദഗതികൾ കൂടി ഇതിൽ കൊണ്ടുവരണം. ഏതായാലും ഈ ബിൽ ഇവിടെ ചർച്ച ചെയ്തതിന്റെ ഫലമായി ആവശ്യമുള്ള ഭേദഗതികൾ ഗവൺമെന്റ് അംഗീകരിച്ചുകൊണ്ട് ആ ഭേദഗതികളോടുകൂടി ഈ ബിൽ പാസ്സാക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എ. കെ. അപ്പു: സർ, ഞാൻ ഈ ബില്ലിനെ പിൻതാങ്ങുകയാണ്. പക്ഷേ ഈ ഗ്രാറ്റുവിറ്റി എങ്ങനെയാണ് കൊടുക്കാൻ സാധിക്കുക അല്ലെങ്കിൽ കൊടുക്കുകയെന്നുള്ളതിനെ സംബന്ധിച്ച് വളരെ വ്യക്തമായ, ഖണ്ഡികയൊന്നും കാണുന്നില്ല. ഉദാഹരണമായിട്ട് ഒരു തൊഴിലുടമ അഞ്ചുവർഷമോ ആറുവർഷമോ ആകട്ടെ ഒരു തൊഴിലാളിയെ ജോലിക്കെടുത്തശേഷം വല്ല കാരണവശാലും തൊഴിലുടമ പൊളിഞ്ഞു പാപ്പരാകുകയോ അങ്ങനെ വല്ലതും സംഭവിച്ചാൽ എപ്രകാരമാണ് ഗ്രാറ്റുവിറ്റികൊടുക്കാൻ സാധിക്കുകയെന്നു വ്യക്തമാക്കണമെന്നുള്ള ഒരു നിർദ്ദേശമാണ് എനിക്കുള്ളത്. അതിനു വർഷംപ്രതി ഗ്രാറ്റുവിറ്റിയിലേയ്ക്ക് തൊഴിലുടമയിൽനിന്ന് തുകകൾ ഈടാക്കുകയോ, അങ്ങനെ എന്തെങ്കിലും ഒരു പദ്ധതി ഇതിൽ നിർദ്ദേശിക്കണമെന്ന ഒരു അഭിപ്രായമാണ് എനിക്ക് പറയാനുള്ളത്. ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുന്നു. സർ, 1969-ലെ ആ ബില്ല് സെലക്റ്റുകമ്മിറ്റിക്ക് അയച്ചിരുന്നു. ആ സെലക്ടുകമ്മിറ്റി ഒരു പ്രാവശ്യം യോഗം കൂടി. അന്നു നടന്ന ചർച്ചകളെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചിടത്തോളം അതിൽ അംഗങ്ങളായിരുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സർ, ആ ബില്ലിൽ ഈ ഗ്രാറ്റുവിറ്റിയെ സംബന്ധിച്ചിടത്തോളമുള്ള എല്ലാ അപാകതകളും പരിഹരിച്ചുകൊണ്ടാണ് ഈ ആർഡിനൻസ് ഈ കഴിഞ്ഞ ഡിസംബറിൽ പ്രസിദ്ധപ്പെടുത്തിയത്; അതിനുശേഷം ഈ ബില്ലിനു രൂപം നൽകിയിട്ടുള്ളത്. സർ, ഗ്രാറ്റുവിറ്റിയുടെ കാര്യത്തിൽ അന്നുതന്നെ ഈ നിയമസഭാതലത്തിൽ ചർച്ചകൾ നടന്നിരുന്നു. ആ ബില്ലനുസരിച്ച് ഗ്രാറ്റുവിറ്റി വർഷംതോറും ഗവൺമെന്റിനു കെട്ടിവയ്ക്കുന്നതിനുള്ള ഒരു ഏർപ്പാടുണ്ടായിരുന്നു. എന്നാൽ പല വ്യവസായങ്ങളിലും അതു പ്രതികൂലമായി ബാധിക്കുമെന്നും സാമ്പത്തികഭദ്രതയും അതുപോലെതന്നെ ഗ്രാറ്റുവിറ്റി കൊടുക്കാൻ സ്ഥായിയായ നിലനിൽപ്പിനും കഴിവുള്ള എല്ലാ വ്യവസായത്തിലും തൊഴിലാളികൾക്ക് അവർ പിരിഞ്ഞുപോകുന്ന അവസരത്തിൽ കിട്ടുന്ന ശമ്പളത്തിന്റെ നിരക്ക് അനുസരിച്ച് മൊത്തം സർവ്വീസു കണക്കാക്കി ഗ്രാറ്റുവിറ്റി കിട്ടാൻ കഴിയാത്ത ഒരു സ്ഥിതി അതുമൂലം ഉണ്ടാകുമെന്ന ഒരു അഭിപ്രായം ഇവിടെ പൊന്തിവന്നിരുന്നു. എന്നാൽ വലിയ സാമ്പത്തിക ഭദ്രതയില്ലാത്ത വ്യവസായങ്ങളിൽ സ്ഥായിയായി നിലനിൽക്കാൻ കഴിവില്ലാത്ത വ്യവസായങ്ങളിൽ വർഷംതോറും ഈ ഗ്രാറ്റുവിറ്റി ഗവൺമെന്റിൽ കെട്ടിവയ്ക്കുന്ന ഏർപ്പാട് നല്ലതാണെന്നും ഒരു അഭിപ്രായമുണ്ടായിരുന്നു. ഇതു രണ്ടുംകൂടി ചേർത്ത് ഈ രണ്ടിനും സാധ്യതയുണ്ടാക്കുന്ന തരത്തിൽ ആ ബില്ലിന് രൂപം നൽകണമെന്ന് ഒരു പൊതുവായ അഭിപ്രായമാണ് അന്ന് ആ ബില്ലിനെ സംബന്ധിച്ച് നടന്ന പൊതുചർച്ചയിൽ ഈ സഭയിൽ ഉയർന്നുവന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് സെലക്ടുകമ്മിറ്റിക്ക് ആ ബില്ല് വിട്ടത്. സെലക്ടുകമ്മിറ്റി അതിനെസംബന്ധിച്ചിടത്തോളം ഒരു ദിവസമേ കൂടിയിരുന്നുള്ളൂ. എന്നിരുന്നാലും സുദീർഘമായ ചർച്ചകൾ നടന്നു. എന്നാൽ അന്ന് അതിനെ സംബന്ധിച്ച് ഉന്നയിക്കപ്പെട്ട ഒരഭിപ്രായം വർഷംതോറും ഗ്രാറ്റുവിറ്റി ഗവൺമെന്റിനു കെട്ടിവച്ചിരുന്നാലും അതുകൊണ്ടു കൂടുതൽ പണമുണ്ടാക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുമെന്നും അങ്ങനെ ഉണ്ടാക്കുന്ന പണത്തിൽനിന്നും തൊഴിലാളികൾ പിരിഞ്ഞുപോകുന്ന അവസരത്തിൽ അവർക്ക് ന്യായമായി കിട്ടേണ്ട അതായത്, അന്നു കിട്ടുന്ന ശമ്പള നിരക്കനുസരിച്ചുതന്നെ ഗ്രാറ്റുവിറ്റി കൊടുക്കാൻ കഴിയുമെന്നും ഒരു അഭിപ്രായം പൊന്തിവന്നു. അത് സാധ്യമാകാതെവരുമെന്നാണ് മറ്റൊരു അഭിപ്രായം പൊന്തിവന്നത്. കാരണം ഇതിന്റെ ഇംപ്ലിമെന്റേഷൻ വരുന്ന അവസരത്തിൽ അതുവരെയുള്ള സർവ്വീസിന് കെട്ടിവയ്ക്കേണ്ട തുക അതാതു മാനേജുമെന്റുകൾ ഗവൺമെന്റിനു കെട്ടിവയ്ക്കേണ്ടിവരും. അങ്ങനെ നിർബന്ധിക്കാൻ കഴിയുമോ, അങ്ങനെ നിർബന്ധിച്ചുകഴിഞ്ഞാലും അത് അടയ്ക്കാൻ നടപടി സ്വീകരിച്ചാൽ പല വ്യവസായസ്ഥാപനങ്ങളെസംബന്ധിച്ചും അതിന്റെ പ്രവർത്തനം നിർത്തിവയ്ക്കേണ്ട ഒരു സാഹചര്യമുണ്ടാകും. അതുകൊണ്ട് അതാതു വർഷം കെട്ടിവയ്ക്കുന്ന സംപ്രദായം പിൽക്കാലത്തേയ്ക്ക് സാധ്യമല്ല അതു മുന്നോട്ടുമാത്രമേ നടപ്പാക്കാൻ സാധിക്കുകയുള്ളൂ. അങ്ങനെ വന്നാൽ പല വ്യവസായങ്ങളിലും തൊഴിലാളികൾക്ക് പിൽക്കാലസർവ്വീസിനു ഗ്രാറ്റുവിറ്റി കിട്ടാതെ വരും. അങ്ങനെ ഒരു അഭിപ്രായം ഉന്നയിക്കപ്പെട്ടു. ഏതായാലും അതിനെപ്പറ്റി ചർച്ചകൾ നടന്നു. ഒരു തീരുമാനത്തിലെത്താതെ ആകെ ചിന്താക്കുഴപ്പത്തിലാണ് അന്നത്തെ സെലക്ടുകമ്മിറ്റി യോഗം അവസാനിച്ചത്. വീണ്ടും സെലക്ടുകമ്മിറ്റി കൂടാൻ കഴിഞ്ഞില്ല. സർ, ഗ്രാറ്റുവിറ്റിയെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ ഒരുകാര്യം നമ്മൾ വിസ്മരിക്കുന്നതു ശരിയായിരിക്കുകയില്ല. ഇന്ന് പലവ്യവസായങ്ങളിലും ഗ്രാറ്റുവിറ്റി അംഗീകരിച്ചിട്ടുണ്ട്. എഗ്രിമെന്റുകൾവഴി ഗ്രാറ്റുവിറ്റികൾ അംഗീകരിച്ചിട്ടുണ്ട്. പുതിയ അവാർഡുകൾ

LIBRARY ARCHIVES Kerala Legislative Assembly

മൂലം അപൂർവ്വം ചില വ്യവസായങ്ങളിൽ ഗ്രാറ്റുവിറ്റി അംഗീകരിച്ചിട്ടുണ്ട്. അവാർഡുമൂലം ഗ്രാറ്റുവിറ്റി അംഗീകരിച്ചിട്ടുള്ള എല്ലാ വ്യവസായങ്ങളിലും അടിസ്ഥാനപരമായി അംഗീകരിച്ചിട്ടുള്ള ഒരു തത്വം ഈ വ്യവസായങ്ങൾക്ക് സാമ്പത്തിക കഴിവുണ്ടെന്നുണ്ടെങ്കിൽ മാത്രം ഗ്രാറ്റുവിറ്റി അംഗീകരിക്കുകയെന്നുള്ളതാണ്. അതനുസരിച്ച്, അവാർഡുകളും അനുസരിച്ച് ഗ്രാറ്റുവിറ്റി കിട്ടിയിട്ടുണ്ട്. അങ്ങനെയല്ലാത്തവർ കൊടുക്കേണ്ടതില്ലെന്നു കോടതി തന്നെ അംഗീകരിച്ചിട്ടുണ്ട്. അങ്ങനെ സ്ഥായിയായി നിലനിൽക്കുന്ന പലവ്യവസായങ്ങളിലും ഗ്രാറ്റുവിറ്റി കേസുകളും കോടതിയിൽ പോയതിന്റെ ഫലമായി അതു നിഷേധിക്കപ്പെട്ടിട്ടുണ്ട്. ഗ്രാറ്റുവിറ്റി നിഷേധിക്കപ്പെട്ടിട്ടുണ്ട്. ഒരുപക്ഷേ ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ തീരുമാന പ്രകാരം ഗ്രാറ്റുവിറ്റി കിട്ടിയിരുന്നാലും ട്രിബ്യൂണലിന് ഈ കാര്യത്തെ സംബന്ധിച്ചുള്ള അതിന്റെ പ്രസക്തിയും ഈ വ്യവസായത്തിന്റെ കഴിവുമൊക്കെ ബോദ്ധ്യപ്പെട്ടുകഴിഞ്ഞാലും ട്രിബ്യൂണൽ ഗ്രാറ്റുവിറ്റി അനുവദിച്ചുകൊണ്ട് നൽകിയിട്ടുള്ള അവാർഡുകളും ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ട്. അങ്ങനെ എല്ലാ വ്യവസായങ്ങളിലും സ്ഥായിയായി ഈ രാജ്യത്തു പ്രവർത്തിക്കുന്ന എല്ലാ വ്യവസായങ്ങളിലും സാമ്പത്തികഭദ്രതയില്ലെന്നു തെളിയിക്കാൻ മാനേജ്മെന്റുകൾക്കു കഴിഞ്ഞാൽ ഗ്രാറ്റുവിറ്റി കിട്ടുകയില്ല. ഇനി എഗ്രിമെന്റിൽതന്നെ ഗ്രാറ്റുവിറ്റി അംഗീകരിക്കപ്പെട്ടിട്ടുള്ള എല്ലാ വ്യവസായങ്ങളിലും അതിന്റെ നിരക്കുകളും വ്യത്യസ്തമാണ്. പല സ്ഥലത്തും അംഗീകരിച്ചിട്ടുള്ളത് അടിസ്ഥാനശമ്പളത്തിന്റെ അടിസ്ഥാനത്തിലാണ്. അതുതന്നെയും ദിവസവും അതിന്റെ നിരക്കും ഒക്കെ വളരെ വ്യത്യസ്തമാണ്. മൊത്തശമ്പളത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാറ്റുവിറ്റി അംഗീകരിച്ചിട്ടുള്ളത് വളരെ വളരെ കുറവാണ്; അപൂർവ്വം ചില വ്യവസായങ്ങളിൽ മാത്രമാണ്. അതുകൊണ്ട് ഇങ്ങനെയുള്ളവ്യ വസായങ്ങളിൽത്തന്നെ, സ്ഥായിയായിട്ടു നിലനിൽക്കാൻ കഴിവുള്ള വ്യവസായങ്ങളിൽത്തന്നെ കിട്ടിക്കൊണ്ടിരിക്കുന്ന ഗ്രാറ്റുവിറ്റിയുടെ നിരക്കുകൾ ഏകീകരിക്കുകയും അവ ഒന്നു ക്രമീകരിക്കുകയും ചെയ്യുകയെന്നുള്ളത് ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ആവശ്യമാണ്. കഴിവുള്ള വ്യവസായങ്ങൾ പോലും സാങ്കേതികമായും നിയമപരമായും ഉള്ള തടസ്സവാദങ്ങളുന്നയിച്ച് ഗ്രാറ്റുവിറ്റി തൊഴിലാളികൾക്ക് നിഷേധിക്കുന്ന ഒരു സ്ഥിതിയുണ്ട്. അപ്പോൾ അതിന് ഒരു പരിഹാരമുണ്ടാകണം. അതുപോലെതന്നെ നമ്മുടെ രാജ്യത്ത് പരമ്പരാഗതമായിട്ടുള്ള വ്യവസായങ്ങളുണ്ട്. വേണ്ടത്ര സാമ്പത്തികഭദ്രതയില്ലാതെ പ്രവർത്തിക്കുന്ന വ്യവസായങ്ങളുണ്ട്. ആ വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം തൊഴിലാളികൾക്ക് ഈ ഗ്രാറ്റുവിറ്റി കിട്ടുന്നതിനുള്ള ഒരു വ്യവസ്ഥയുണ്ടാക്കണം. വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി ഒരു പ്രയർ ചാർജ്ജന്നുള്ള നിലയിൽ വ്യവസായികളും അംഗീകരിക്കണമെന്നുള്ളതാണ് ഈ നിയമത്തിന്റെ അടിസ്ഥാനം. അങ്ങനെയുള്ളവ്യവസായങ്ങളെസംബന്ധിച്ചിടത്തോളമല്ലാതെ തന്നെ ഈ അടുത്ത കാലത്ത് ചില സമീപനങ്ങളുണ്ടായി. ചെത്തുതൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ ഒരു ക്ഷേമനിധിയെന്നുള്ള അടിസ്ഥാനത്തിൽ അവരുടെ സർവ്വീസ് ആനുകൂല്യമെന്നുള്ള നിലയിൽ അവർക്കു കിട്ടേണ്ട ആനുകൂല്യങ്ങളെസംബന്ധിച്ചിടത്തോളം ഒരു നിയമം ഈ സഭ തന്നെ ഉണ്ടാക്കിയതാണ്. കശുഅണ്ടി തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഈ കാര്യത്തിൽ ഒരു എഗ്രിമെന്റുണ്ടായിരുന്നു. ചില അടിസ്ഥാനതത്വങ്ങളൊക്കെ അംഗീകരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഒരു നിയമനിർമ്മാണം ആവശ്യമാണെന്നുള്ളത് ഈ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടെന്നോണ് ഞാൻ മനസ്സിലാക്കുന്നത്. അതിനുള്ള നടപടികളും ഈ ഗവൺമെന്റ് എടുത്തു വരുന്നു. അതിനകത്തും ഈ പിൽക്കാലസർവ്വീസിനുള്ള ഒരു ആനുകൂല്യമെന്നുള്ളനിലയിൽ ഈ ഗ്രാറ്റുവിറ്റി എറെക്കുറെ നൽകപ്പെട്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ തുടർന്നുള്ള വർഷത്തേയ്ക്ക് അതാതുവർഷം തന്നെ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി ഒരു ക്ലിപ്തനിരക്കിൽ ഗവൺമെൻറിൽ കെട്ടിവയ്ക്കുന്നതിനുള്ള ഒരു ഏർപ്പാടാണ് അംഗീകരിച്ചിട്ടുള്ളത്. ഇതു കശുഅണ്ടി രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികളുടെ എല്ലാ സംഘടനകളും ഈ രാജ്യത്ത് തൊഴിലാളിപ്രവർത്തനം നടത്തുന്ന എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടേയും പ്രതിനിധികളും അടിസ്ഥാനപരമായി അംഗീകരിച്ചിട്ടുള്ള ഒരു കാര്യമാണ്. അപ്പോഴും ചിലചില വ്യവസായങ്ങളിൽ പിൽക്കാലം ഉപേക്ഷിച്ചുകൊണ്ട് തുടർന്നുള്ള കൊല്ലങ്ങളിലേയ്ക്കു വ്യവസായങ്ങളിൽ ഒരു പ്രയാർ ചാർജ്ജ് എന്നുള്ളനിലയിൽ ഗ്രാറ്റുവിറ്റി അംഗീകരിച്ചു നടപ്പാക്കാൻ ഒരു നടപടി അംഗീകരിക്കേണ്ടിവരും. എന്നാൽ അടിസ്ഥാന വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം സ്ഥായിയായി നിലനിൽക്കുന്നതിനും, നിലനിൽക്കാൻ കഴിവില്ലാത്തതുമായ വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം ആ രംഗത്തുനിലവിലുള്ള ഗ്രാറ്റുവിറ്റി നിരക്കുകളും ഏകീകരിക്കുകയും അതു നൽകാതിരിക്കാൻ ശ്രമിച്ചിട്ടുള്ള വ്യവസായികളെ നിർബന്ധപൂർവം അതുകൊടുക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്ന ഒരു നിയമം എന്നുള്ളനിലയിൽ ആണ് ഈ ബില്ലിനെകാണേണ്ടത് എന്നാണ് എനിക്കു പറയാനുള്ളത്.

സർ, ഈ പ്രശ്നം, ഈ ഗ്രാറ്റുവിറ്റി പ്രശ്നം വളരെക്കാലങ്ങളായി വളരെ വർഷങ്ങളായി തൊഴിലാളി പ്രസ്ഥാനങ്ങളും ഉന്നയിക്കുന്നതും പ്രക്ഷോഭണം കൂടിയിട്ടുള്ളതുമാണ്. ഈ ഒരു നിയമം വേണമെന്നുള്ള അടിസ്ഥാനത്തിൽതന്നെ പ്രക്ഷോഭണങ്ങളും ആരംഭിച്ചിട്ട് വർഷങ്ങളായി. അടിയന്തിര പരിഗണന ആവശ്യമുള്ള ഒരു പ്രശ്നമെന്നുള്ളനിലയിൽ മുൻഗവൺമെൻറിന്റെ തന്നെ പരിഗണനയിൽ ഇതു വന്നിരുന്നതാണ്. എന്നാൽ എന്തുകാരണത്താലോ 31 മാസക്കാലം ഇതിന് ഒരു ബില്ലു തയാറാക്കുന്നതിനും അത് ഈ സഭയിൽ അവതരിപ്പിക്കുന്നതിനും വേണ്ടിവന്നു എന്നുള്ളത് അന്നുതന്നെ ചൂണ്ടിക്കാണിക്കപ്പെട്ട ഒരു പോരായ്മയായിരുന്നു. ആ ബില്ലിൽത്തന്നെ വളരെ അപാകതയുണ്ടായിരുന്നു. വളരെ വൈരുദ്ധ്യമുണ്ടായിരുന്നു. അതും ഇന്ന് ചൂണ്ടിക്കാണിക്കേണ്ടതാണ്. എന്നാൽ ഈ ഗവൺമെൻറ് അധികാരത്തിൽ വന്ന ഉടനെതന്നെ വളരെ ശ്രദ്ധയോടുകൂടി ഈ കാര്യത്തിൽ അടിയന്തിരമായിത്തന്നെ നടപടികളും സ്വീകരിച്ചത് വളരെ സ്വാഗതാർഹമായ ഒരുകാര്യമാണ്. സർ, ഈ കാര്യങ്ങളിൽ മറെറാരു പ്രാധാന്യംകൂടിയുണ്ട്. ഒരു തൊഴിലാളി പ്രവർത്തകനെന്നുള്ളനിലയിൽ കഴിഞ്ഞ 31 മാസക്കാലത്തെ എന്റെ അനുഭവവും ഈ കഴിഞ്ഞ രണ്ടരമാസക്കാലത്തെ എന്റെ അനുഭവവും ഈ സഭയിൽ പ്രസ്താവിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ 31 മാസക്കാലം ഫാക്ടറിത്തൊഴിലാളികളെസംബന്ധിച്ചിടത്തോളവും തൊഴിലാളിവർഗ്ഗത്തെസംബന്ധിച്ചും അവർക്ക് വേണ്ടത്ര പരിഗണന ആ ഗവൺമെൻറിൽനിന്നും കിട്ടിയിരുന്നില്ലെന്ന ആവലാതി ഉണ്ട് സർ. സർ, വെള്ളക്കാളർകാരനെ, വൈറ്റ് കാളർ സെക്ഷനെസംബന്ധിച്ചിടത്തോളം മുൻഗവൺമെൻറിന്റെ കാലത്ത് കാര്യമായ പരിഗണന കിട്ടിയിരുന്നു. എന്നാൽ ഫാക്ടറി തൊഴിലാളികളെസംബന്ധിച്ചിടത്തോളം അവരുടെ പ്രശ്നങ്ങളോട് ആ ഗവൺമെൻറിന് അടിസ്ഥാനപരമായുണ്ടായിരുന്നകൂറ് മനസ്സിലാക്കാൻ ഒരു സാഹചര്യമുണ്ടായി എന്നുള്ളത് ഒരു വസ്തുതയാണ്. എന്നാൽ ഈ നിയമനിർമ്മാണത്തോടുകൂടി ഒരു കാര്യം വ്യക്തമാണ്. ഫാക്ടറിയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ഇടയിൽ പാടത്തിൽ പണിയെടുക്കുന്ന തൊഴിലാളികളുടെയിടയിൽ ചില്ലറ കച്ചവടക്കടകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ഇടയിൽ അവരുടെ പ്രശ്നങ്ങളോട് കൂറുള്ള ഒരു ഗവൺമെൻറ് ഇവിടെ നിലവിൽവന്നിരിക്കുന്നു, ഞങ്ങളുടെ പ്രശ്നങ്ങളും പരിഹരിക്കാൻ ഒരു ഗവൺമെൻറ് ഉണ്ടായി, നടപടി സ്വീകരിച്ചുവരുന്നു എന്നുള്ളത് അവരെസംബന്ധിച്ചിടത്തോളം ആശാവഹമായ ഒരു ഫലമുളവാക്കിയിട്ടുണ്ട്. ഈ ആർഡിനൻസ് പുറത്തു വന്നതിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly

പ്പാൻ ലെവലിലും തൊഴിലാളികളും കൂടുന്ന സ്ഥലങ്ങളിലുമൊക്കെ ഒരു ചർച്ച യാരംഭിച്ചിട്ടുണ്ടെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. സർ, ഈ ട്രെൻഡ് നിലനിൽക്കത്തക്കവണ്ണം തൊഴിലാളികളെസംബന്ധിച്ചിടത്തോളം അവരുടെ പ്രശ്നങ്ങളോട് കൂടുതൽ താതാത്മ്യം പ്രാപിക്കാൻ ഫലപ്രദമായ നടപടികളും സ്വീകരിക്കുന്നതിൽ കാണിക്കുന്ന ഇപ്പോഴത്തെ വ്യഗ്രത എന്നും നിലനിൽക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്.

സർ, ഈ ബില്ലിൽത്തന്നെ എന്തെങ്കിലും അപാകതകളുണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനു ഈ ബില്ല് ഒന്നോരണ്ടോ ദിവസത്തെ സമയം വച്ച് ഒരു സെലക്ടുകമ്മിറ്റിക്ക് റഫർചെയ്യുന്നതും ഇതു പരിശോധിക്കുന്നതും നല്ലതാണെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. വളരെ പരിണതപ്രജ്ഞൻമാരായ തൊഴിലാളി പ്രവർത്തകൻമാർ പ്രതിപക്ഷത്തുണ്ട്. പഴയ ബില്ലിനെ സംബന്ധിച്ചിടത്തോളമുള്ള ചർച്ചയിലും സെലക്ടുകമ്മിറ്റിയിലും ശ്രീമാൻ കണ്ണനെപ്പോലുള്ളവർ വസ്തുനിഷ്ഠമായ അഭിപ്രായങ്ങളാണ് അന്നു പറഞ്ഞിരുന്നത്. ഇതിലുള്ള തെറ്റുകളും തിരുത്തണം. അടിസ്ഥാനപരമായി വ്യവസായങ്ങളിൽ ഒരു പ്രയർചാർജെജന്നുള്ള നിലയിൽ തൊഴിലാളികൾക്ക് ഇതു കിട്ടുന്നതിനും പരമ്പരാഗതമായ വ്യവസായങ്ങളിലും സാമ്പത്തിക ഭദ്രതയില്ലാത്ത വ്യവസായങ്ങളിലും മറ്റെന്തെങ്കിലും സ്കീമുകളും ആവിഷ്ക്കരിച്ചു നടപ്പാക്കുകയോ അല്ലെങ്കിൽ ഈ ബില്ലിൽത്തന്നെ വ്യവസ്ഥകളുണ്ടാക്കി നടപ്പാക്കുകയോ ചെയ്യണം. അതുകൊണ്ട് ഈവക കാര്യങ്ങളെപ്പറ്റി ആലോചിക്കേണ്ടതും അവസാനരൂപം നൽകേണ്ടതുമാണ്. സർ, ഞാൻ ഈ ബില്ലിനെ പിൻതാങ്ങുകയാണ്.

11 a. m.] ശ്രീ. കെ. ഐ. രാജൻ: സർ, യശ:ശരീരനായ സഖാവ് മത്തായി മാഞ്ഞൂരാൻ രൂപംകൊടുത്ത ഗ്രാറ്റുവിറ്റി ബിൽ ഈ സഭയിൽ ചർച്ച ചെയ്തു സെലക്ട്കമ്മിറ്റിക്കു വിട്ടു. സെലക്ട് കമ്മിറ്റിയിലും പ്രവർത്തിച്ച ഒരു അംഗമെന്നുള്ള നിലയിൽ ഈ ബില്ലിലെ ചില പോരായ്മകളും ഈ നിയമസഭാവേദിയിലും സെലക്ട് കമ്മിറ്റിയുടെ ചർച്ചാവേളയിലും ഞാൻ ഉന്നയിച്ചിട്ടുള്ളതാണ്. ആ നിയമത്തിൽ ചില ഭേദഗതികളും വരുത്തിക്കൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി രവീന്ദ്രൻ ഇത് ഒരു ഓർഡിനൻസായി പുറപ്പെടുവിച്ചിട്ടുള്ളത്. ആ ഓർഡിനൻസ് ഇന്ന് ഒരു ബില്ലിന്റെ രൂപേണ വീണ്ടും ഇവിടെ ചർച്ചയ്ക്കു വിധേയമായിരിക്കുകയാണ്. പഴയ ബില്ലിൽനിന്നും ചില മാറ്റങ്ങളും ഇതിൽ വരുത്തിയത് സ്വാഗതാർഹമാണ്. എലിജിബിലിറ്റിയെസംബന്ധിച്ചിടത്തോളം അതിൽ 10 വർഷമാണു നിശ്ചയിച്ചിരുന്നത്. ഇതിൽ അത് 5 വർഷമായി കുറവുചെയ്തിട്ടുണ്ട്. അത് ഒരു മാറ്റമല്ലെന്നോ സ്വാഗതാർഹമായ നടപടിയല്ലെന്നോ ഞാൻ പറയുന്നില്ല. തൊഴിലാളികളെസംബന്ധിച്ചിടത്തോളം അത് സ്വാഗതാർഹമായ നടപടി തന്നെയാണ്. പക്ഷേ 5 വർഷത്തിലേക്ക് ഇറങ്ങിവരാൻതയ്യാറായ ബഹുമാനപ്പെട്ട മന്ത്രിയും അദ്ദേഹത്തിന്റെ പാർട്ടിയും എന്തുകൊണ്ട് ഒരു കൊല്ലം എന്നു എഴുതിവയ്ക്കാൻ തയ്യാറായില്ല. 10—ൽ നിന്നു 5—ലേക്കിറങ്ങിവരാൻ കഴിയുമെങ്കിൽ ഒന്നിലേക്കിറങ്ങിവരാൻ എന്താണു കുഴപ്പം? ഇക്കാര്യം ഞാൻ ആലോചിച്ചിട്ടുണ്ട്. അതല്ല, അങ്ങനെ നിശ്ചയിക്കുന്നതു ശരിയല്ലെന്നുള്ള അഭിപ്രായമാണെങ്കിൽ 3 വർഷം എങ്കിലും വയ്ക്കാമല്ലോ. 3 വർഷം തുടർച്ചയായി ജോലി ചെയ്ത തൊഴിലാളികൾക്കെല്ലാം ഗ്രാറ്റുവിറ്റിക്ക് അർഹതയുണ്ടെന്നു ഇതിൽ എഴുതിവച്ചാൽ അത് ഇതിലും കുറെക്കൂടി സ്വാഗതാർഹമായിരിക്കും തൊഴിലാളികൾക്ക്. അതു പ്രയോജനകരവുമായിരിക്കും. അങ്ങനെയൊരു ഭേദഗതികൂടിവരുത്തുന്നതിൽ ബഹുമാനപ്പെട്ട മന്ത്രിക്കും അദ്ദേഹത്തിന്റെ പാർട്ടിക്കും പിന്തുണനൽകുന്ന മറ്റു പാർട്ടികൾക്കും എതിരില്ലെന്നാണ് എന്റെ വിശ്വാസം. സെലക്ട്കമ്മിറ്റിക്കു

LIBRARY ARCHIVES Kerala Legislative Assembly

വിടുകയാണെങ്കിൽ ഇത് ഒരു നിർദ്ദേശമായി പരിഗണിക്കണമെന്നുള്ള അപേക്ഷ എന്നെസംബന്ധിച്ചിടത്തോളമുണ്ട്. എന്റെ മാന്യസ്നേഹിതൻ രാമലിംഗം പറഞ്ഞ പ്ലാന്റേഷന്റെ പ്രശ്നത്തിൽ ഞാനും പരിപൂർണ്ണമായി യോജിക്കുകയാണ്. പ്ലാന്റേഷൻ ലേബർ ആക്ട് വിധേയമായിട്ടുള്ള അല്ലെങ്കിൽ ബാധകമാക്കിയിട്ടുള്ള എസ്റ്റേറ്റുകൾക്കുമാത്രമേ ഇതുബാധകമാവുകയുള്ളൂ എന്നുള്ള നിലയ്ക്ക് നാം അംഗീകരിക്കുകയാണെങ്കിൽ രാമലിംഗം പറഞ്ഞതുപോലെ പതിനായിരക്കണക്കിനു തൊഴിലാളികൾക്ക്, റബർ പ്ലാന്റേഷനിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കിട്ടാൻസാധ്യമല്ലാതെവരും. പ്ലാന്റേഷൻ ലേബർ ആക്ടിലെ വ്യവസ്ഥയനുസരിച്ച് 30 തൊഴിലാളിയും 25 ഏക്കറും വേണം. അങ്ങനെ വേണമെന്നു അനുശാസിക്കുന്ന പ്ലാന്റേഷൻ ലേബർ ആക്ട് 1957—ൽ നമ്മുടെ രാജ്യത്തു ബാധകമാക്കിയപ്പോൾ പ്ലാന്റേഷൻ ലേബർ ആക്ടിന്റെ ആനുകൂല്യത്തിൽനിന്നും ഒഴിഞ്ഞുമാറുന്നതിനു വേണ്ടി എസ്റ്റേറ്റുകളെ തുണ്ടുതുണ്ടായി വെട്ടിമാറ്റിയിട്ടുള്ള കാര്യങ്ങൾ സഭയിലും പുറത്തും ഉന്നയിച്ചിട്ടുള്ളതാണ്. തൊഴിലാളികളുടെ സജീവപ്രശ്നമെന്നുള്ള നിലയിൽ പ്ലാന്റേഷൻ ലേബർ ആക്ട് ബാധകമാകുന്ന എസ്റ്റേറ്റിൽമാത്രമേ ഇതു കൊടുക്കേണ്ടതുള്ളൂ എന്നുള്ള നിലപാട് എടുക്കരുത്. 10 തൊഴിലാളികൾ പണിയെടുക്കുന്ന തോട്ടങ്ങളിലും ഇതു ബാധകമാണ്, അവർക്കും ഈ ഗ്രാറ്റുവിറ്റിക്ക് അർഹതയുണ്ടെന്നുള്ള ഒരു ഭേദഗതി കൂടി വരുത്തണമെന്നുള്ള ഒരു നിർദ്ദേശം എനിക്കുണ്ട്. അതുപോലെതന്നെ ഗ്രാറ്റുവിറ്റികൊടുക്കുന്നത് 30 വർഷമായി നിശ്ചയിച്ചിരിക്കുകയാണ്. അത് 40 ആയി വർദ്ധിപ്പിക്കണമെന്ന ഒരപേക്ഷകൂടി എനിക്കുണ്ട്. കാരണം 18 വയസ്സിലാണ് മിക്ക സ്ഥാപനങ്ങളിലും തൊഴിലാളികളെ പ്രവേശിപ്പിക്കുന്നത്. ഈ 30 കൊല്ലംകഴിഞ്ഞാൽ പിന്നെ 10 വർഷംകൂടി അവിടെ സേവനമനുഷ്ഠിക്കേണ്ടതായിവരും. അതുകൊണ്ട് ഒന്നുകിൽ 20 മാസത്തെ ശമ്പളം ഗ്രാറ്റുവിറ്റിയായി കൊടുക്കുക അല്ലെങ്കിൽ 40 വർഷം മാക്സിമം കൊടുക്കുക. മറ്റൊരുകാര്യംകൂടി: തൊഴിലാളികളുടെ സ്വഭാവദൂഷ്യം കൊണ്ടു പിരിച്ചുവിടുകയാണെങ്കിൽ സാമ്പത്തികനഷ്ടം ഈടാക്കണമെന്നുണ്ട്. അതു സ്വീകാര്യമല്ല; അത് എടുത്തുകളയേണ്ടതാണ്. ഈ വക കാര്യങ്ങൾ ചർച്ചചെയ്ത് അംഗീകരിക്കുകയും സെലക്ട്കമ്മിറ്റിക്കു വിട്ടു പരിശോധിക്കുകയുംചെയ്യണമെന്നഭ്യർത്ഥിച്ചുകൊണ്ടു ഞാൻ നിറുത്തുന്നു.

ശ്രീ. ഇ. ബാലാനന്ദൻ: സർ, ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ട് അൽപം ചില സംഗതികൾ സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഈ ബിൽ തൊഴിലാളികളുടെ ഇടയിൽ അവേശകരമായ പ്രതികരണമുണ്ടാക്കി എന്ന് ചിലർ ചൂണ്ടിക്കാണിച്ചു. ഉണ്ടാകും, ഉണ്ടാക്കിയിട്ടുണ്ടാകും. കഴിഞ്ഞ ഗവൺമെന്റ് കൊണ്ടു വന്ന ബിൽ കുറച്ചുദിവസം കൊണ്ട് ഓർഡിനൻസ് ആക്കിയതിന്റെ ഖ്യാതി ഈ ഗവൺമെന്റിന് കിട്ടുന്നതിൽ വിരോധമില്ല. ഈ പറഞ്ഞ ആവേശമൊക്കെ ആദ്യവും ഉണ്ടായിരുന്നോ എന്നാലോചിക്കണം. സർ, രാഷ്ട്രീയകാര്യമൊന്നും ഞാൻ പറയുന്നില്ല. ഈ ബിൽ ഇപ്പോഴുള്ള രൂപത്തിൽ പാസാക്കിയെടുക്കാൻ പാടില്ല. അടിസ്ഥാനപരമായിത്തന്നെ രാമലിംഗം ചൂണ്ടിക്കാണിച്ച ഡെഫനിഷൻ മാറണം. കൂടാതെ 5 വർഷം ജോലി ചെയ്യുന്നവർക്ക് എലിജിബിലിറ്റി ഉണ്ടെന്നുള്ള സെക്ഷൻ 4(ബി) ആവശ്യമില്ല. അതുപോലെ തന്നെ ഒരു വർഷം തുടർച്ചയായി സർവ്വീസുള്ളവർക്കും ഗ്രാറ്റുവിറ്റി ആനുകൂല്യം ലഭിക്കേണ്ടതുണ്ട്. സർ, സെക്ഷൻ 6 സുപ്രീം കോടതിയുടെ നിർദ്ദേശത്തിനു വിപരീതമായിട്ടുള്ള ഒരു വകുപ്പാണ്. സാധാരണ ഗതിയിൽ ഒരു സ്ഥാപനത്തിൽ ചെന്ന് ജോലി ചെയ്ത് കുറച്ചു കഴിഞ്ഞതിനു ശേഷം എന്തെങ്കിലും പാകപ്പിഴകൾ ഉണ്ടായാൽ അത് പിൽക്കാല സർവ്വീസിന് ബാധകമാകുമോ? ഇത് വേറെ ഒരു രൂപത്തിൽ സുപ്രീം

LIBRARY ARCHIVES Kerala Legislative Assembly

കോടതിയുടെ മുമ്പിൽ വരികയും ഇതുമാതിരിയുള്ള ശിക്ഷണം പാടില്ലെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുള്ളതാണ്. അതുകൊണ്ട് ഇതാവശ്യമില്ല. എടുത്തു കളയണമെന്നാണ് എന്റെ അപേക്ഷ. കൂടാതെ ഈ ബില്ലിന്റെ വിശദാംശങ്ങളിൽ കുറച്ചു മാറ്റം വരുത്തേണ്ടതായും വരും. അതുകൊണ്ട് സെലക്ട് കമ്മിറ്റി വച്ച് ഇതിന്റെ ഗുണദോഷങ്ങൾ പരിശോധിച്ച് ആവശ്യമായ മാറ്റം വരുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. കരുണാകരൻ: സർ, ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. എന്റെ ഓർമ്മ ശരിയാണെങ്കിൽ 22 കൊല്ലങ്ങൾക്ക് മുൻപ് പഴയ കൊച്ചിയിലെ ആദ്യത്തെ ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ ആയിരുന്ന ശ്രീ. ശങ്കരമേനോൻ ആണ് ഗ്രാറ്റുവിറ്റി ഒരു വിധിയായിക്കൊണ്ട് നിയമപ്രകാരം പ്രാബല്യം കൊടുത്തത്. അതിനു ശേഷം പല തൊഴിൽത്തർക്കങ്ങളിലും ഗ്രാറ്റുവിറ്റി വിധി ഉണ്ടായിട്ടുണ്ടെങ്കിലും ശ്രീമാൻ ഉണ്ണി ചൂണ്ടിക്കാണിച്ചതു പോലെ ഇന്ന് കോടതികൾ ആ കാര്യത്തിൽ എടുത്തിട്ടുള്ള സമീപനം വ്യവസായത്തിന്റെ ആദായത്തെക്കൂടി കണക്കിലെടുക്കണമെന്നുള്ളതാണ്. ആ നിലയ്ക്ക് വ്യവസായികളെ സംബന്ധിച്ചിടത്തോളം ഡിപ്രീസിയേഷൻ കണക്കാക്കുന്ന കാര്യത്തിൽ സഹകരിച്ചു കാണുന്നുമില്ല. വ്യവസായത്തിന്റെ രണ്ടു പ്രധാന ഘടകങ്ങളാണ് മെഷീനറിയും തൊഴിലാളിയും എന്നുള്ളത് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. തൊഴിലാളികളുടെ തേയ്മാനത്തെ സംബന്ധിച്ചിടത്തോളം, ആരോഗ്യം നഷ്ടപ്പെടുന്നതിനെ സംബന്ധിച്ചിടത്തോളം അവർക്ക് കൊടുത്ത വേതനത്തിന് ആദായം കണക്കാക്കണമെന്നു പറയുകയും അതേ അവസരത്തിൽ മെഷീനറിക്കു വരുന്ന തേയ്മാനത്തിന് ഡിപ്രീസിയേഷൻ കണക്കാക്കണമെന്നു പറയുകയും ചെയ്യുന്നത് ശരിയായ നീതീകരണം ആകുകയില്ല. ഡിപ്രീസിയേഷൻ ആദ്യകാലങ്ങളിൽ കിട്ടും. ഗ്രാറ്റുവിറ്റി അവസാനകാലത്ത്, പിരിച്ചുവിടുമ്പോഴാ കിട്ടുന്നതാണ്. അതുകൊണ്ട് ഗ്രാറ്റുവിറ്റി കൊടുക്കുക എന്നുള്ളത് സാമാന്യേന എല്ലായിടത്തും അംഗീകരിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. ആ നിലയ്ക്ക് ഗ്രാറ്റുവിറ്റി സംബന്ധിച്ച് ഇത്രയും കാലതാമസം ഉണ്ടാകാൻ ഇടയായതു തന്നെ ഒരു കുറവായി വേണം കാണാൻ. ഗ്രാറ്റുവിറ്റി ഏർപ്പെടുത്തിയിട്ടുള്ള വ്യവസായ സ്ഥാപനങ്ങൾ ഉൾക്കൊള്ളിക്കണമെന്നുള്ള കാര്യത്തെ സംബന്ധിച്ചിടത്തോളമുള്ള വിശദീകരണത്തെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാണിച്ചു. പ്ലാന്റേഷന്റെ കാര്യത്തിൽ എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട രാമലിംഗത്തിന്റെ നിർദ്ദേശം ചെറുകിട എസ്റ്റേറ്റുകാരെ ഒഴിവാക്കണമെന്നാണ്. ഒഴിവാക്കാൻ നിശ്ചയിച്ചിട്ടില്ല. റബർ എസ്റ്റേറ്റിന് 50 ഏക്കർ വച്ചിരിക്കുകയാണ്, ശരിക്കുള്ള കണക്കനുസരിച്ചാണെങ്കിൽ റബർ എസ്റ്റേറ്റിൽ രണ്ടേക്കറിന് ഒരു തൊഴിലാളിയാണ്. അതനുസരിച്ചാണെങ്കിൽ 25 തൊഴിലാളികൾ വേണം. ആ നിലയ്ക്ക് 50 ഏക്കർ ആവശ്യമില്ല. നേരെ മറിച്ച് പ്ലാന്റേഷൻ ലേബർ ആക്ടിലെ 25 acres and 30 workers എന്നുള്ളതിനു പകരം 25 acres or 30 workers എന്നാക്കുകയോ വേണം. സർ, ഈ ബിൽ സെലക്ട് കമ്മിറ്റിക്കു വിടണമെന്നുള്ള പ്രമേയത്തെ ഞാൻ പിന്താങ്ങുന്നത് സെലക്ട് കമ്മിറ്റിക്കു പോയാൽ ഉണ്ടാകാവുന്ന കാലതാമസത്തെ വിസ്മരിച്ചുകൊണ്ടല്ല. പക്ഷേ ഒരു കാലതാമസവും കൂടാതെ ഒന്നുരണ്ടു ദിവസം കൊണ്ട് നമുക്ക് അത് പരിശോധിച്ച് തിരുത്തേണ്ട കാര്യങ്ങളാണുള്ളത്. അത് പ്രഥമ ദൃഷ്ട്യാ വലിയ ദോഷമില്ലെങ്കിലും അനുഭവത്തിൽ വളരെയധികം വിഷമമുണ്ടാക്കുന്ന കാര്യമാണ്.

സെലക്ട് കമ്മിറ്റിക്ക് പോകുന്നു എന്നതുകൊണ്ടാണ് പ്രത്യേകിച്ചു പറയുന്നത്. സൂപ്പർ ആനുവേഷന്റെ കാര്യം പറയുന്നുണ്ട്. 30 വർഷം പൂർത്തിയാകുകയോ 55 വയസ് തികയുകയോ ഇതിൽ ആദ്യം സംഭവിക്കുന്നതേതോ അത് എന്നു പറഞ്ഞിട്ടുണ്ട്. 18-ാമത്തെ വയസിൽ ജോലിയിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രവേശിക്കുന്ന ആളെ സംബന്ധിച്ചിടത്തോളം 30 വർഷം പൂർത്തിയാകുക എന്നു പറയുന്നത് അയാൾക്ക് 48 വയസാകുമ്പോഴാണ്. പല മാനേജുമെൻറുകളും സൂപ്പർ ആനുവേഷൻ വന്നു കഴിഞ്ഞു. ഒഴിവാക്കാം എന്നു പറഞ്ഞുകൊണ്ട് സൂപ്പർ ആനുവേഷൻറെ പേരിൽ ഒഴിവാക്കും. 30 വർഷം സർവീസുള്ള ഒരാളെ ഒഴാവാക്കാമെന്നു പറഞ്ഞാൽ അങ്ങനെയാണ് സംഭവിക്കുക. ഇങ്ങനെ വരുമ്പോൾ 30 കൊല്ലം കൊടുത്തിരിക്കുന്നത് തൊഴിലാളിക്ക് ഒരു ബെനിഫിറ്റാണോ? അവൻ സ്വയം ഒഴിഞ്ഞുപോയാലും ഗ്രാറ്റുവിറ്റി കൊടുക്കണമെന്ന് മുൻപ് വ്യവസ്ഥയുണ്ടായിരുന്നു. ഇപ്പോഴാകട്ടെ, മുതലാളിക്ക്, തൊഴിലാളിക്കെതിരായി ഉപയോഗിക്കാനല്ലാതെ തൊഴിലാളിക്കു സഹായകരമായി ഉപയോഗിക്കാൻ ഈ ഭാഗം ഉപയോഗപ്രദമാവുകയില്ല. അതുകൊണ്ട് ഈ ഭാഗം ഭേദഗതി ചെയ്യണമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്.

[Shri Moideenkutty Haji in the Chair].

Cessation of work സമയമുൾപ്പെടെ തൊഴിലാളികൾക്ക് മുഴുവൻ ഗ്രാറ്റുവിറ്റി നൽകണമെന്ന് ശ്രീ. രാമലിംഗം പറഞ്ഞു. നൽകാൻ പാടില്ല എന്നാണ് എൻറെ അഭിപ്രായം. ഈ വാക്കുകൾ വേറെ തരത്തിൽ വ്യാഖ്യാനിക്കാൻ സാധ്യതയില്ലേ? അതായത് പണിമുടക്ക്.....

ശ്രീ. പി. രാമലിംഗം: 'Not due to employees fault' എന്ന ഭാഗം എടുത്തുകളയണമെന്നേ ഞാൻ പറഞ്ഞുള്ളൂ.

ശ്രീ. കെ. കരുണാകരൻ: പക്ഷേ എന്തിനുവേണ്ടിയാണ് നിയമമുണ്ടാക്കുന്നത്? നിയമം ഉണ്ടാക്കുമ്പോൾ, പലപ്പോഴും കഴിഞ്ഞകാലങ്ങളിലെ അനുഭവങ്ങൾ വച്ചുകൊണ്ട് നോക്കിയാൽ, നിയമത്തിൻറെ ഭദ്രത ഉറപ്പുവരുത്തുന്നതിനു വേണ്ട ഭാഷ ഉപയോഗിക്കുകയുംവേണം. കേസിനു പോകുന്നവനും നിയമത്തിലെ പഴുതുകൾ നോക്കി നടക്കുന്നവരും വാക്കുകളെ പലമാതിരി വ്യാഖ്യാനിച്ച് പഴുതുണ്ടാക്കാൻ ശ്രമിക്കും. ഞാൻ പറയുന്നത് 5 കൊല്ലത്തെ സർവ്വീസ് എന്നു പറയുമ്പോൾ വിഷമമുണ്ടാവുകയില്ലായിരിക്കാം. പക്ഷേ ''കണ്ടിന്യൂവസ് സർവ്വീസ്'' എന്നു പറയുമ്പോൾ വ്യാഖ്യാനത്തിനു വഴിയുണ്ടാക്കും. അതു പാടില്ല.

അടുത്തതായി എനിക്കു പറയാനുള്ളത് ഗ്രാറ്റുവിറ്റി നിശ്ചയിക്കുന്നത് വേജ് റേറ്റിൻറെ അടിസ്ഥാനത്തിലായിരിക്കുമെന്നുള്ളതിനെപ്പറ്റിയാണ്. വേജ് റേറ്റ് എന്നതു പലതായിരിക്കും. പീസ്റേറ്റു കാണും, തൊഴിലാളിക്ക് അവൻറെ പ്രത്യേക റേറ്റു കാണും. ഉദാഹരണമായി പോർട്ടേഴ്സിൻറെ റേറ്റു 4 ക. യാണ്. പീസ് റേറ്റുകാരാണെങ്കിൽ 6 രൂപയ്ക്കും 8 രൂപയ്ക്കും ജോലിചെയ്യുന്ന തൊഴിലാളികൾ കാണും. വേജ് റേറ്റു എന്നു പറയുമ്പോൾ കിട്ടാൻപോകുന്നത് ഏതാണ്? ചിലപ്പോൾ അലവൻസും ഓവർടൈമും ഒക്കെ ഒഴിവാക്കും. അവൻറെ ശമ്പളത്തെ സംബന്ധിച്ചിടത്തോളം വേജ് റേറ്റു എന്നതിൻറെ അടിസ്ഥാനത്തിൽ ഡൈബ്യൂണൽ തൊഴിലാളിക്കെതിരായി കേസിൽ വിധിയെഴുതുകയും ചെയ്യും.

വേറൊന്നു ചൂണ്ടിക്കാണിക്കാനുള്ളത് deduction of gratuity എന്നതിനെപ്പറ്റിയാണ്. ക്ലാസിൽ പറയുന്നത് ഇതാണ്.

"In the case of an employee who is dismissed for misconduct involving financial loss to the employer, the amount of such loss may be deducted from the gratuity due to him subject to the condition that such deduction shall not exceed twentyfive per cent of the gratuity payable."

LIBRARY ARCHIVES Kerala Legislative Assembly

ഒരു കുറ്റത്തിനു രണ്ടു ശിക്ഷ പാടില്ല എന്നുള്ളതു് ഏറ്റവും പ്രാഥമിക മായ തത്വമാണു്. ആ കാര്യം ഇതിലെ വകുപ്പിൽ സ്വീകരിച്ചിട്ടില്ല. ഒഴിവു കാലവേതനമാണു് കൊടുക്കുന്നതെന്നുള്ള ഏറ്റവും പ്രാഥമികമായ കാര്യം മാറ്റിവച്ചാൽപോലും ഒരു കുറ്റത്തിനു രണ്ടു ശിക്ഷ പാടില്ല. സർവ്വീസിൽ നിന്നു ഡിസ്മിസ് ചെയ്യുക, പിന്നെ തുക പിടിക്കുകയുംകൂടി വേണമെന്നു പറയുന്നതു് എന്തിനാണു്? ഡിസ്മിസ് ചെയ്താൽ അവനു് ജോലി നഷ്ടപ്പെട്ടു. പിന്നെ എന്തിനാണു് 25 ശതമാനം നക്കാപ്പിച്ച പിടിച്ചു് മുതലാളിക്കുകൊടുക്കുന്നതു്? കുറ്റം ചെയ്തു, പിരിച്ചു വിട്ടു; പിന്നെ വേറൊരു ശിക്ഷ എന്തിനാണു്? ഇതൊരുപക്ഷേ ഓർമ്മിക്കാതെ പെട്ടുപോയ തായിരിക്കാം. തൊഴിലാളിവർഗ്ഗത്തിന്റെ നാഡിമിടിപ്പുകളും അറിയുകയും അതനുസരിച്ചു പ്രവർത്തിക്കുകയുംചെയ്യുന്ന മി. രവീന്ദ്രൻ കൊണ്ടുവന്ന നിയമമാകുമ്പോഴും ഇതു് നോട്ടക്കുറവുകൊണ്ടു വന്നതായിരിക്കാനേ വഴിയുള്ളു. എന്നാൽ ഞാൻ മനസ്സിലാക്കുന്നതു് പിന്നെ 15 ദിവസം എന്നു വയ്ക്കുന്നതു് എതിർപ്പുണ്ടാക്കുന്ന കാര്യമാണു്.

ശ്രീ. പി. രവീന്ദ്രൻ: ഒരു വർഷം സേവനം ചെയ്തയാൾക്കു 15 ദിവസം എന്നുള്ളതു മാറ്റിക്കഴിഞ്ഞു.

ശ്രീ. കെ. കരുണാകരൻ: എനിക്കു് ചൂണ്ടിക്കാണിക്കാനുള്ളതു് അങ്ങനെ യൊന്നും ലിമിറ്റുചെയ്യേണ്ട കാര്യമില്ലെന്നാണു്. ഏതായാലും 15 കൊല്ലത്തെ ശമ്പളമാണു് കൊടുക്കുന്നതു്. ലിമിറ്റുചെയ്യാതെ മാക്സിമം കിട്ടാവുന്നതു കൊടുക്കണം. അതുപോലെ ഒരു കൊല്ലത്തെ കാംപെൻസേഷൻ 'തേയ്മാനം' പരിഹരിക്കുന്നതിനു് എന്ന നിലയിൽ വയ്ക്കണം; അവർക്കു് ആരോഗ്യം നഷ്ടപ്പെടുന്നുണ്ടല്ലൊ, അതു പരിഗണിച്ചു്.

സെലക്ടുകമ്മിറ്റി നീണ്ടുപോകാനിടയാകരുതെന്നുകൂടി പറഞ്ഞു കൊണ്ടു് ഇതിനെ അങ്ങേയറ്റം സ്വാഗതംചെയ്യുന്നു.

ശ്രീ. എ. പി. കുര്യൻ: ഈ ആർഡിനൻസു് റീപ്ലേസു് ചെയ്യുന്ന ബില്ലു് കഴിയുന്നതുംവേഗം നിയമമാക്കണം എന്നുള്ള അഭിപ്രായത്തോടു് യോജിപ്പുണ്ടു്. പക്ഷേ സഭയുടെ എല്ലാഭാഗത്തുനിന്നും വന്ന നിർദ്ദേശങ്ങളും ധരിച്ചുകൊണ്ടു്, പ്രത്യേകിച്ചും വളരെ പ്രധാനപ്പെട്ട ഭേദഗതികളും ഈ നിയമത്തിൽ ഉൾക്കൊള്ളണ മെന്നുള്ളതുകൊണ്ടു്, ബഹുമാനപ്പെട്ട മന്ത്രി, ചുരുങ്ങിയ ദിവസത്തെ കാലാവധി വച്ചുകൊണ്ടു് ഇതു സെലക്ടുകമ്മിറ്റിക്കു് വിടണമെന്ന നിർദ്ദേശത്തോടു യോജിക്കുമെന്നാണു് ഞാൻ പ്രതീക്ഷിക്കുന്നതു്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തു് കൊണ്ടുവന്ന ബില്ലിലും ആ ബില്ലിന്റെ ചർച്ചാവേളയിലും പൊന്തി വന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിക്കണം.

ക്ലാസു് 1—ൽ പല ഭേദഗതികളും ആവശ്യമുണ്ടു്. റബ്ബർവ്യവസായം മുത ലായ വ്യവസായങ്ങളും ഉൾപ്പെടുമോ എന്നുള്ളതുസംബന്ധിച്ചു് വ്യക്തത വേണമെന്നു പറഞ്ഞു. പ്ലാന്റേഷൻ ലേബർ ആക്ടിന്റെ പരിധിയിൽ വരുന്ന തോട്ടങ്ങളും മാത്രമേ നിർഭാഗ്യവശാൽ ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളു. അതു് അപര്യാപ്തമാണു്. പ്രത്യേകിച്ചും ചെറുകിട തോട്ടങ്ങളിലെ ആയിരവും പതിനായിരവും കണക്കിനു തൊഴിലാളികളും സംഘടിച്ചുകൊണ്ടു് അവകാശവാദം നടത്തുന്ന കാലമാണിതു്.

എനിക്കു് ചൂണ്ടിക്കാണിക്കാനുള്ളതു്, സെലക്ടു കമ്മിറ്റി പരിശോധിക്കു മ്പോഴും, എഴുപത്തഞ്ചേക്കർ എന്നും പതിനെട്ടേക്കർ എന്നും പത്തേക്കർ എന്നും ഒക്കെ പറയുന്നതിനുപകരം 10 തൊഴിലാളികളും ജോലിചെയ്യുന്ന തോട്ടം എന്നു നിജപ്പെടുത്തുകയായിരിക്കും നല്ലതെന്നാണു്. ഏക്കറിനെ സംബന്ധിച്ചു്

LIBRARY ARCHIVES Kerala Legislative Assembly

തർക്കം വരും. അതുകൊണ്ട് 10 തൊഴിലാളികളും പണിയെടുക്കുന്ന തോട്ടങ്ങളിൽ ഈ നിയമം ബാധകമാകത്തക്ക നിർദ്ദേശം പരിഗണിക്കണം.

സൂപ്പർ ആനുവേഷന്റെ കാര്യം പറയുന്ന ഭാഗത്ത് 30 വർഷം എന്നുള്ള മാക്സിമം വച്ചിരിക്കുന്നത് എടുത്തുകളയണം എന്നുള്ള അഭിപ്രായത്തോടു സാർവ്വത്രികമായി യോജിപ്പാണ് കണ്ടത്. അത് എടുത്തുകളയണമെന്ന് അപേക്ഷിക്കുകയാണ്. പതിനെട്ടും ഇരുപതും വയസ്സാകുമ്പോൾ ജോലിയിൽ പ്രവേശിക്കുന്ന തൊഴിലാളികൾക്കു മുപ്പതു വർഷം കഴിയുമ്പോൾ നാൽപ്പത്തെട്ട് അൻപത് വയസ്സുവരെ മാത്രമേ ആകുകയുള്ളു. ഗ്രാറ്റുവിറ്റിക്ക് അവർക്ക് അർഹതയുമില്ല. അതുകൊണ്ട് അത് എടുത്തുകളയേണ്ടതാണ്.

മറെറാരു കുറവു കാണുന്നുണ്ട്. "any bonus" എന്നു പറയുന്നത് "bonus" എന്നു മാത്രമായി വ്യത്യാസപ്പെടുത്തണം. ക്ലാസ് ബൈ ക്ലാസ് ഡിസ്കഷൻ സമയത്ത് ഈ മാറ്റംവരുത്തുമെന്ന് വിശ്വസിക്കുന്നു. ബോണസ് എന്നു മാത്രം മാറ്റി ചേർക്കുകയാണെങ്കിൽ അതിൽ അർത്ഥമുണ്ട്.

അതുപോലെ മറ്റു പല സംഗതികളും ഈ പ്രധാനപ്പെട്ട നിയമത്തിൽ ഉൾക്കൊള്ളണമെന്നതുകൊണ്ട് ഞാൻ നേരത്തെ സൂചിപ്പിച്ചപോലെ, മറ്റു മെംബർമാർ ചൂണ്ടിക്കാണിച്ചതുപോലെ, സെലക്ടുകമ്മിറ്റിക്ക് അയച്ചിട്ട് സെലക്ടുകമ്മിറ്റിയിൽ ചർച്ച ചെയ്തു സ്വീകരിക്കാനുള്ള സന്ദർഭം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുകയാണ്.

സർ, സെലക്റ്റുകമ്മിറ്റിക്കയയ്ക്കണമെന്ന ഭേദഗതിയെ ഞാൻ പിൻതാങ്ങുന്നു. കാരണം, ഈ ബില്ലിൽ സാരമായ മാറ്റംവരുത്തണമെന്ന് ഉദ്ദേശിക്കുകയാണ്. പ്രത്യേകിച്ച് അതിന്റെ 1–ാമത്തെ വകുപ്പിൽ, സർ, ഇത് ആർക്കെല്ലാം ബാധകമാകുമെന്നുകാണിച്ചിട്ടുണ്ട്. മൂന്നു തരത്തിലുള്ള തൊഴിലാളിവർഗ്ഗത്തിനുമാത്രമേ ഇതു ബാധകമാകുകയുള്ളു. അതു പോരാ. തൊഴിലാളി എന്നു പറയുന്നത് ചില വിഭാഗങ്ങൾ മാത്രമല്ല. ചിലതരം വിഭാഗങ്ങൾക്കു കൊടുക്കാതെ ഈ മൂന്നു വിഭാഗത്തിൽപ്പെട്ടയാളുകൾക്കു മാത്രം കൊടുക്കുന്നതു ശരിയല്ല. ആ രീതിയിൽ, മറ്റുള്ള തൊഴിലാളികൾക്ക്, പ്രത്യേകിച്ച് ട്രാൻസ്പോർട്ട് തൊഴിലാളികൾക്കും ഇതു ബാധകമാക്കേണ്ടതാവശ്യമാണ്.

ആ നിലയിലും, അതോടൊപ്പംതന്നെ, (ഞാൻ ചുരുക്കുകയാണ്) 4–ാമത്തെ വകുപ്പിൽ 5 കൊല്ലം കണ്ടിന്യുവസ് സർവ്വീസ് വേണമെന്നു പറഞ്ഞിട്ടുള്ളത് 1 കൊല്ലം എന്നാക്കണം. 5 കൊല്ലം കണ്ടിന്യുവസ് സർവ്വീസ് ഉള്ളവർക്കു ഗ്രാറ്റുവിറ്റി കിട്ടാൻ അർഹതയുണ്ടായിരിക്കുമെന്നുള്ളതു ചുരുക്കി ഒരു കൊല്ലം ആക്കണം. അതൊടൊപ്പം, 15 മാസത്തെ ശമ്പളമാണ് മാക്സിമം ഗ്രാറ്റുവിറ്റിയായികൊടുക്കണമെന്നു പറയുന്നത് മാറ്റി 30 മാസത്തെ ശമ്പളമെങ്കിലും മാക്സിമം ഗ്രാറ്റുവിറ്റിയായി കൊടുക്കണമെന്നുള്ള ഭേദഗതിയാണെനിക്കുള്ളത്. ഞാൻ ഇതു സെലക്ടുകമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ള അപേക്ഷ വയ്ക്കുകയാണ്.

പിന്നെ ഒരു വകുപ്പുള്ളതു ഇതാണ് (ക്ലാസ് 6)

'In the case of an employee who is dismissed or discharged for misconduct involving financial loss to the employer, the amount of such loss may be deducted from the gratuity due to him subject to the condition that such deduction shall not exceed twenty-five per cent of the gratuity payable.'

എന്തെങ്കിലും കാരണവശാൽ ഈ മുതലാളിമാർക്ക് തൊഴിലാളികളുടെ പേരിൽ എന്തു കുറവും ചുമത്താൻ സാധ്യതയുണ്ടെന്നുള്ള സ്ഥിതിവിശേഷം ഉണ്ടാകും. ആ നിലയിൽ, സർ, ഈ വകുപ്പുകൊണ്ട് ഉണ്ടാകുന്ന ആനുകൂല്യങ്ങൾ, മുതലാ

LIBRARY ARCHIVES Kerala Legislative Assembly

ളിമാർ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി ആനുകൂല്യങ്ങൾ ഇല്ലാതാക്കാൻ ഉപ യോഗിക്കുന്ന പല സംഭവങ്ങൾ ഉണ്ടാക്കിതീർക്കാൻ ഉള്ള സാഹചര്യം ഉള്ളതു കൊണ്ട് ഈ വകുപ്പ് തീരെ എടുത്തു കളയണമെന്ന് അപേക്ഷിക്കാനാണ് ഞാൻ ഇത് സഭയുടെ മുൻപാകെ വയ്ക്കുന്നത്. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഗവൺമെൻറ് കൈകാര്യം ചെയ്യേണ്ടതായിട്ടുണ്ട്. അതോടൊപ്പം സർ, ഈ ബില്ലിനെ സംബന്ധിച്ചും ഇപ്രകാരം മറ്റ് പലതിനെസംബന്ധിച്ചും അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട മെമ്പർമാരിൽനിന്നും പരാമർശങ്ങൾ കേട്ടു.

സർ, ഈ ബില്ലുകൊണ്ടുവരാൻ താമസിച്ചതിനെസംബന്ധിച്ച് അപ്പുറ ത്തിരിക്കുന്ന ഭരണാധികാരിവർഗ്ഗത്തിൽപെട്ടവർ വിമർശിക്കുന്നതു കേട്ടു. ഈ ബില്ലിനെ സംബന്ധിച്ചും ഇപ്പുറത്തിരിക്കുന്ന ആളുകളെ സംബന്ധിച്ചും വിമർശിച്ചു: ഈ ബില്ല് അവതരിപ്പിച്ചു പാസ്സാക്കുന്നതിൽ വ്യഗ്രത ഞങ്ങൾക്കാണുണ്ടായിരുന്നത്. ആർഡിനൻസ് പ്രകാരമാണ് ഞങ്ങൾ പാസ്സാക്കിയത്. അതുകൊണ്ട് മുമ്പത്തെഗവൺമെൻറിന് അത്തരത്തിലുള്ള ആത്മാർത്ഥതഉണ്ടായി രുന്നില്ലെന്നുള്ള തരത്തിലുള്ള വിമർശനങ്ങളുണ്ടായി. അതു ശരിയല്ല സർ. ഇത് സെലക്ടുകമ്മിറ്റിയുടെ മുമ്പാകെ ഒരുവർഷത്തോളംകാലമുണ്ടായി രുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. ഫൈനലായിട്ടു തീർച്ചപ്പെടുത്താ നുള്ള അവസരത്തിലാണ് അന്നത്തെ ഗവൺമെൻറു പോയത് എന്നുള്ളത് വിസ്മരിച്ചതു ശരിയല്ല. പ്രത്യേകിച്ചും അന്നത്തെ ഗവൺമെൻറ് സത്വരമായി അതുനടപ്പാക്കണമെന്നുള്ള ആഗ്രഹത്തോടുകൂടിയാണ് പ്രവർത്തിച്ചിരുന്നത്. അതുകൊണ്ട് ആ വസ്തുത വിസ്മരിച്ചുകൊണ്ടുള്ള പരാമർശനങ്ങൾ ഖേദകര മായിപ്പോയി എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്.

സർ, അതുപോലെതന്നെ ഇതിൽ ചിലവകുപ്പുകളിൽ മാറ്റം വരുത്തേണ്ട തായിട്ടുണ്ട്. തൊഴിലാളികൾക്ക് വളരെയേറെ ആനുകൂല്യംനൽകുന്ന ഒരു നിയമമെന്നു പറഞ്ഞാൽപോര. അതു ഫലപ്രദമാകത്തക്കവണ്ണം അതിലുള്ളതായ വകുപ്പുകൾ എളുപ്പത്തിൽ ആനുകൂല്യം നേടിയെടുക്കാൻ പറ്റുന്ന നിലയിലാ യിരിക്കണം. പ്രായോഗികമായി അതു എങ്ങനെയിരിക്കും എന്നു പരിശോധി ച്ചതിനു ശേഷം എഴുതിച്ചേർക്കണം. അതിനുവേണ്ടി ഇത് സെലക്ടു കമ്മിറ്റിക്ക് അയയ്ക്കണം. രണ്ടോ മൂന്നോ ദിവസംമതി. സെലക്ടുകമ്മി റ്റിക്ക് അയച്ച് നല്ലരീതിയിലുള്ള ഒരു ബില്ലാക്കി ഇതിനെമാറ്റി കൊണ്ടുവരണ മെന്നുള്ള ഭേദഗതിയെ ഞാൻ പിൻതാങ്ങികൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. കണപതി: സർ, இந்த கேரளா இன்டஸ்ரியல் எம்பிளாயீஸ் கிராற்றுவிட்டி பில் 1970. இந்த பில்லைப்பற்றி பல மெம்பர்கள் இந்த சபை யில் பேசினார்கள். ஆனால் எல்லா மெம்பர்களைப்போல கண் மூடித்தனமாக ஆதரிக்க முடியாத நிலையில் இருக்கிறேன். தொழிலாளிகளுக்கு நன்மை செய்யும் அளவுக்கு சில திருத்தங்களுடன் இந்த பில்லை ஆதரிக்கிறேன். மேலும் இந்த பில் மற்ற மெம்பர்கள் கூறுவதுபோல செலக்ட் கமிட்டிக்கு அனுப்பிக் குறைந்த பட்ச காலதாமதம் ஆவதைக்கூட நான் ஆதரிக்கவில்லை. உடனடியாக நியாய மான திருத்தங்களுடன் இந்த பில்லைப் பாஸாக்கவேண்டுமென்று மந்திரி அவர் களை வற்புறுத்துகிறேன். இந்த பில் பிரகாரம் மாக்ஸிமம் 15-மாத சம்பளம் கிராற்றுவிற்றியாகக் கிடைக்க வழி செய்யப்பட்டிருக்கிறது. இது கூடுதல் சம் பளம்வாங்கும் தொழிலாளிகளுக்கு மட்டும் பிரயோஜனகரமாய் இருக்கும். பெனல் செயர்மானுக இருக்கக்கூடிய Shri. மொய்தீன்குட்டி காஜி, அவர்களுடைய தொகுதியாகிய காலிக்கட்டில்கூட ஷாப் எஸ்டாபிளிஷ்மென்ட் சம்பந்தப்பட்ட ஊழியர்களுக்கு மாதம் 15, 20, 30, 40, 50 ரூபாய்வரை தான் சம்பளம் கிடைக்கிறது.

செயர்மான்: அங்கு அப்படியொன்றும் இல்லை.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ஸ்ரீ. என். கணபதி: அது எப்படி என்றால் அவர்களுடைய சாப்பாடு, துணிமணி போக உள்ள தொகை அவர்களுக்கு கொடுக்கப்படுகிறது. மூணார் டவுணிலும் மற்று ஹைரேஞ்சு பாகத்திலுள்ள சிறிய டவுன் பிரதேசத்தில் பதினைந்து முதல் அம்பது ரூபாய் வரை தான் சம்பளம் நிர்ணயிக்கப்பட்டுள்ளது. இப்படிப்பட்ட தொழிலாளிகளுக்கு நாற்பது, அம்பது வருட சர்வீஸ்கள் இருந்தாலும் அவர்களின் ஜீவிய கடைசி காலத்தில் 400, 500 ரூபாய் தான் கிராற்றுவிற்றியாகக் கிடைக்க வழியிருக்கிறது. அதனால் குறைந்தபட்ச சம்பளம் அமைத்ததுபோல ஒரு குறைந்தபட்ச கிராற்றுவிட்டி தொகை எல்லாக் கட்சி தலைவர்களுடைய அபிப்பிராயங்களையும் கலந்து ஆலோசித்து ஒரு தொகை திட்டவட்டமாக நிர்ணயிக்கப்படுவது நல்லது. நான் எனது திருத்தத்தில் குறைந்தது 3000 ரூபாயாவது தொகை இருக்கவேண்டுமென்று கேட்டுக்கொள்கிறேன். இடுக்கி என். எம். ஆர். குட்டநாடு விவசாய தொழிலாளிகள் இப்படிப்பட்ட தொழிலாளிகள் சம்பளத்தைக் கணக்கிட்டால் பதினைந்து மாதச் சம்பளம் என்று நினைத்தாலும் 4000, 5000 ரூபாய் கிராற்றுவிற்றி விஷயத்தில் கிடைக்கும். ஆகவே இவ்விஷயத்தில் மந்திரி அக்கரை காட்டவேண்டும் அல்லது தோட்டத் தொழிலாளிகளுக்கு சம்பளம் மூன்று ரூபாய்க்குக் குறைவாகத்தான் கிடைக்கிறது. இது மினிமம் வேஜஸ் அல்ல. அல்லது மினிமம் வேஜஸ் அடிப்படையிலாவது இந்த கிராற்றுவிட்டி விஷயத்திலாவது கணக்கெடுத்துத் தொகை நிர்ணயிக்கவேண்டும். தோட்டத் தொழிலாளிகளுக்கு 1952-மினிமம் வேஜஸ் ஸ்ரீ பனம்பிள்ளி கோவிந்த மேனோன் அவர்கள் கொண்டுவந்துள்ளதை அமல் நடத்தப்படும் என்று பழைய சர்க்கார் கூறியது. கேரளத்திலுள்ள தோட்டத் தொழிலாளிகள் ஸ்டிரைக் செய்தபோது மினிமம் வேஜஸ் அமலாக்கப்படும் என்று மீண்டும் மீண்டும் சர்க்கார் தரப்பில் கூறப்பட்டது. பிறகு முதலாளிமார் சங்கமான எ. கெ. பி. க்கு சரணாகதி அடைந்து மினிமம் வேஜஸ் கொடுக்காமல் இருபது முதல் முப்பத்தேழு பைசா வரையிலும் கொடுக்கப்பட்டது. ஸ்டிரைக் செய்த பிறகு முன்பு 50 பைசா வரை தரத்தயார் என்று நம்பூதிரிப்பாடு எ. பி. கெ. க்கு வாக்களித்ததாக கேளிவிப்பட்டேன். ஆனால் வாக்களித்தத் தொகைகூட வேலை நிறுத்தத்திற்குப் பிறகு கிடைக்கவில்லை. ஸ்டிரைக் செய்ததினால் அத்தொகையும் குறைந்துபோயிற்று. அதுபோல சிறுவர்களுடைய வேலை நேரம் பிளான்டேஷன் ஆக்ட் பிரகாரம் 5½ மணி நேரம் செய்தால் போதும். ஆனால் ஹைரேஞ்சு பிராந்தியத்தில் 8½ மணி நேரம் அநியாயமாகவும் சட்டவிரோதப்படியும் வேலை வாங்கப்படுகிறது. ஸர், இரண்டாம் கிளாஸில் டி. (1)-ல் whose monthly wages exceed ரூ. 750 என்றிப்பதை 300 ரூபாய்யாக குறைப்பது நல்லது. ஏனென்றால் ஏற்றத்தாழ்வின் வித்தியாசத்தை குறைக்கவேண்டும். மாதம் 25-ம் 50-ம் சம்பளம் இருக்கும் போது 750 வரையுள்ள உயர்ந்த சம்பளம் வரை தொழிலாளிகளுக்கு கிராற்று விற்றி அனுமதிப்பதை கட்டுப்படுத்துவது நல்லது. அது 750 ரூபாய் சம்பளம் வாங்கும் தொழிலாளிக்கு பதிலாக 300 ரூபாய் வரை ஆக்கலாம். பூதான தலைவர் ஜெயபிரகாஷ் நாராயணன் ஒரு அறிக்கையில் கூறியுள்ளதை இந்நேரத்தில் மந்திரி அவர்களின் கவனத்திற்கு ஞாபகமூட்ட விரும்புகிறேன். கூடிய சம்பளம் 500-ம் குறைந்த சம்பளம் 100-ம் ஆக இருக்கவேண்டுமென்று கூறியுள்ளார். நமது இந்தியா எழிய நாடாகும். வருமானம் மிகவும் குறைந்துள்ளவர்களாவோம். ஆகவே இதையும் மந்திரி அவர்கள் கவனிப்பார்களாக. கிளாஸ் 4-ல் (டி) ரிசிக்கினேஷனுக்குப் பிறகு டிஸ்மிஸ்ஸல் ஆர் டெர்மினேஷன் என்று சேர்ப்பது நல்லது. அப்படியானால் 40 அல்லது 50 வருடம் ஜீவிதம் முழுதும் உழைத்து உருக்குலைந்த தொழிலாளிகளுக்கு அவனுடைய கிராற்று விற்றி தொகையில் முதலாளிகள் கைவைக்கலாகாது. அதே 4-ம் கிளாஸில் சக்ஸ்பிளனேஷன் 3-ல் 15 நாட்கள் என்றிருப்பதை 30 நாட்கள் ஆக்கவேண்டும்.

ഏതെങ്കിലും കൂടിയ സംഖ്യം വാങ്ങും കണ്ണൻദേവൻ കമ്പനി മുതലിയ കമ്പനികളിൽ കൂടുതൽ മാത കിരാറ്റുവിറ്റു കൊടുക്കപ്പടുകിറത്തു. അതിനു മേലാക എക്സ്ഗ്രേഷിയാ പോനസ് എന്നു വേറു ചില തൊകകളും കൊടുക്കപ്പടുകിറത്തു. ഇതെ ഇന്ത സപൈയിൽ തെരിയപ്പടുത്തിക്കൊൾകിറേൻ. മേലും ക്ലാസ് 6 അവശ്യമില്ലാത കിണ്ടാസ് ആകും. എതോ തവറുതലോ അല്ലത അറിയാമലോ എതാവത നഷ്ടപ്പട്ടാൽ തൊഴിലാളി കിരാറ്റുവിറ്റിയിരുന്തു 25 ശതമാനം പിടിക്കവേണ്ടുമെന്നു കൂറപ്പട്ടിരുക്കിറത്തു. സർ, എങ്കൾ പ്ലാന്റേഷൻ ഏരിയാവൈ എടുത്തുക്കൊണ്ടാൽ പാക്ടറിയിൽ ഒരു മെഷീൻ പഴുതടൈയ നേരട്ടാൽ മെഷിൻ വിലൈയെ എടുത്തുക്കൊണ്ടാൽ ലട്ചക്കണക്കാകും. ആനാൽ തൊഴിലാളികളുടൈയ കിരാറ്റുവിറ്റി 25 ശതമാനം എന്നു സൊന്നാൽ 125-സോ അല്ലത 250 ആക ഇരുക്കലാം. ഇത കണ്ണൻദേവൻ കമ്പനി, ടാട്ടാ, പിർലാ പോൻറവർകളുക്കു പിച്ചൈക്കാരാകും. അന്ത കാരു മുതലാളികളുക്കുക് കിടൈക്കും എന്തവിതമാന പിരയോജനമും കിടൈയാത. പിറകു ഏൻ പലൈതലൈമുറൈകളാക ഉഴൈത്ത തൊഴിലാളിയിൻ വയിറ്റിൽ അടിക്കവേണ്ടുമ് ഏൻ ഇപ്പടി ഒരു അനീതി കാണ്പിക്കവേണ്ടുമ്? ആകവേ അക്കിണാസ് വൈത്തിരുപ്പത നമത തൊഴിലാളർ മന്തിരി അവർകളുക്കു പെരുമ കേവലമാനതാകും. ഇന്ത പില്ലിൽ ക്ലാസ് 2 എക്സ്പ്ലനേഷൻ (ജെ)-ൽ വേജസ് എൻറു ടെഫനിഷനിൽ ഹവുസ് റെൻറു അലവൻസ്-ം സംപളത്തിൽ കൂട്ടി കിരാട്ടുവിട്ടി കൊടുക്കവേണ്ടിയത. ആനാൽ ഇത നടൈമുറൈക്കു സരിയാക പ്ലാന്റേഷൻ ഏരിയാവിൽ ഒത്തു വരാത വിഷയമാകുമ്. അതനാൽ ഇന്ത പില്ലിൽ സരിയാന തിരുത്തം കൊണ്ടുവന്തു ഹവുസ് റെന്റു അലവൻസ് കൊടുക്കവേണ്ടുമ്. കടൈസിയാക എന്നൈപ്പൊറുത്തവരൈയിൽ സെലക്ട് കമിട്ടിക്കു അനുപ്പാമൽ ഉടൻ പാസാക്ക കേട്ടുകൊൾകിറേൻ.

ശ്രീ. കെ. എ. ശിവരാമഭാരതി: സർ, ഈ ബില്ല് സെലക്ട് കമ്മിറ്റിക്ക് പോകണമെന്നുള്ള അഭിപ്രായം രേഖപ്പെടുത്തിക്കൊണ്ട് ചില മെമ്പറൻമാർ സംസാരിച്ചപ്പോൾ അതു കാലതാമസമുണ്ടാക്കുന്ന ഒരു നടപടിയാവുകില്ലേയെന്ന ഒരു സംശയം മറിച്ചും കുറെ അംഗങ്ങൾ പ്രകടിപ്പിക്കുകയുണ്ടായി. എൻറെ അഭിപ്രായത്തിൽ കഴിഞ്ഞ പ്രാവശ്യം ഈ ബില്ല് നിയമസഭയിൽ അവതരിപ്പിക്കുകയും, ഇതു മാതിരി ഒരു ബില്ല് നിയമസഭയിൽ അവതരിപ്പിക്കുകയും അതു സെലക്ട് കമ്മിറ്റിക്ക് പോവുകയും ചെയ്ത സന്ദർഭത്തിൽ പ്രധാനമായിട്ടുള്ള പല പ്രശ്നങ്ങളെ സംബന്ധിച്ചും ചർച്ചനടക്കുകയുണ്ടായി. ബില്ലിൻറെ വ്യവസ്ഥകളിൽ നിന്നും വ്യത്യസ്തമായി ചില നിർദ്ദേശങ്ങൾ വരുകയും ചെയ്തു. അത്തരം കാര്യങ്ങൾ മുഴുവനും ഈ ബില്ലിൻറെ കാര്യത്തിൽ പരിഗണിച്ചിട്ടില്ല. പ്രത്യേകിച്ചും ഡിപ്പോസിറ്റ് ചെയ്യുകയെന്നുള്ള കാര്യത്തെ സംബന്ധിച്ചിടത്തോളം അന്ന് അഭിപ്രായവ്യത്യാസമുണ്ടായിരുന്നെങ്കിൽത്തന്നെയും ഒരു വിധത്തിൽ അത് അംഗീകരിച്ചിട്ടാണ് സെലക്ട് കമ്മിറ്റി യോഗം പിരിഞ്ഞത്. വളരെയെല്ലാം ഒച്ചപ്പാടുകളെല്ലാം ഉളവാക്കിക്കൊണ്ട് ആ യോഗം പിരിഞ്ഞു എന്നു പറയുന്നതു ശരിയല്ല. മാത്രമല്ല അതതു കാലത്തിനേറ്റതായ ഗ്രാറ്റുവിറ്റി ഡിപ്പോസിറ്റു ചെയ്യുകയെന്ന അഭിപ്രായത്തോട് യോജിച്ചു എന്ന നിലയിലാണ് അന്നത്തെ യോഗം പിരിഞ്ഞത്. ഈ വ്യവസ്ഥ ഉൾപ്പെടുത്തിയാൽ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കിട്ടുമെന്ന് സമാശ്വസിക്കാൻ വഴിയുണ്ട്. അങ്ങനെയല്ലെങ്കിൽ നിയമം പാസ്സാക്കിയെന്ന് സമാധാനിക്കാമെന്നല്ലാതെ, ഡിപ്പോസിറ്റു ചെയ്യുന്ന ഒരു നടപടി സ്വീകരിക്കുന്നില്ലെങ്കിൽ അതുകൊണ്ട് പ്രയോജനമില്ല. അതുകൊണ്ട് യഥാർത്ഥത്തിലുള്ള പ്രയോജനം അവർക്ക് ലഭിക്കുകയില്ലെന്നുള്ള സ്ഥിതിയായിരിക്കും വന്നു ചേരുക. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം നമുക്കു നിശ്ചയമായും പരിഗണിക്കേണ്ടതുണ്ട്. ഇന്നു ലേബറിൻറെ ചാർജ് വഹിക്കുന്ന മന്ത്രി ഈ

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തിൽ വളരെയധികം തൽപ്പരനാണെന്നുള്ളതിൽ അഭിപ്രായവ്യത്യാസമില്ല. അദ്ദേഹം എല്ലാ കാര്യങ്ങളെക്കുറിച്ചും വളരെയധികം മനസ്സിലാക്കുകയും ആവശ്യമായിട്ടുള്ള മാറ്റങ്ങളും ഈ ബില്ലിൽ വരുത്തുകയും ചെയ്യും. പക്ഷേ, സ്വാഭാവികമായിട്ടും പലർക്കും ചിലതെല്ലാം വിട്ടുപോകും. ആ കൂട്ടത്തിൽ ഇവിടെയും ചിലതു വിട്ടുപോയിട്ടുണ്ട്. അങ്ങനെ വിട്ടുപോയിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പരിശോധിക്കാനും അതനുസരിച്ചുള്ള മാറ്റങ്ങളും വരുത്താനും ഒരു സെലക്ട് കമ്മിറ്റിക്ക്, രണ്ടു മൂന്നു ദിവസത്തിനകം തിരിച്ചയയ്ക്കത്തക്ക നിലയിൽ ഇതു വിട്ടുകൊടുക്കണം. കഴിയുമെങ്കിൽ ഈ നിയമസഭയിൽത്തന്നെ പാസ്സാക്കണമെന്നാണ് എന്റെ അഭിപ്രായം. സർ, ഞാൻ ഈ ബില്ലിനെ പരിപൂർണ്ണമായിട്ടും പിൻതാങ്ങുകയാണ്.

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ): സർ, ഈ ബില്ലിന്റെ തത്വത്തോട് ഈ സഭയിലുള്ള എല്ലാ ആളുകളും യോജിക്കുന്നവരാണ്. ചില പ്രായോഗികമായ ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിക്കപ്പെടുകയുംചെയ്തിട്ടുണ്ട്. ഈ ബില്ല് സെലക്ട് കമ്മിറ്റിക്കു വിടണമെന്നുള്ള അഭിപ്രായഗതി എല്ലാ ഭാഗത്തുനിന്നും ഉയർന്നുവന്നിട്ടുണ്ട്. ഈ ഓർഡിനൻസ് പുറപ്പെടുവിച്ചു കഴിഞ്ഞതിനുശേഷം തന്നെ ഒരു കാര്യം ഞാൻ പരസ്യമായി പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. ചില ന്യൂനതകൾ ഇതിനകത്തുണ്ടെന്നും ഈ ന്യൂനതകൾ പരിഹരിക്കുന്നതിന് ബില്ല് നിയമസഭയിൽ വരുമ്പോൾ സന്ദർഭം ഉണ്ടാകുമെന്നും പറഞ്ഞിരുന്നു. ഇനി യാതൊരു ഭേദഗതിയും സ്വീകരിക്കുകയില്ല ഇതിലുള്ള വ്യവസ്ഥകൾ അങ്ങേയറ്റം നടപ്പിലാക്കണമെന്ന ഒരു നിലപാട് ഗവൺമെന്റ് ആദ്യം മുതൽക്കേ സ്വീകരിച്ചിരുന്നില്ല. അതിനെ സംബന്ധിച്ച് നിയമസഭയിൽ കാര്യമായി ചർച്ച ചെയ്യുമെന്നും തൊഴിലാളികൾക്ക് അനുകൂലമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുമെന്നും നേരത്തേതന്നെ ഗവൺമെന്റ് പ്രസ്താവിച്ചിട്ടുണ്ട്. ആ നിലയിലാണ് ഇന്ന് ഇത് സെലക്ട് കമ്മിറ്റിക്ക് വിടണമെന്നുള്ള ആഭിപ്രായഗതി പരിഗണിക്കുന്നത്. ഇത് സെലക്ട് കമ്മിറ്റിക്കു വിടുന്നതിൽ ഗവൺമെന്റിന് എതിരഭിപ്രായമില്ല. രണ്ടുദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കത്തക്ക വിധത്തിൽ ഈ ബില്ല് സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുന്നതിന് ഗവൺമെന്റ് തയ്യാറാണ്. അങ്ങനെ സെലക്ട് കമ്മിറ്റിക്ക് വിടുന്നു എന്നുള്ളതുകൊണ്ട് പ്രത്യേകമായ വകുപ്പുകളെ സംബന്ധിച്ച് ചൂണ്ടിക്കാണിച്ചിട്ടുള്ള അഭിപ്രായങ്ങളെ സംബന്ധിച്ച് ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. സെലക്ട് കമ്മിറ്റിയിൽ വച്ച് സുഗമമായി പരിശോധിക്കാം. ഒരു കാര്യം ചൂണ്ടിക്കാണിക്കണമെന്ന് ആഗ്രഹമുണ്ട്. ശ്രീ. ബാലാനന്ദൻ സംസാരിച്ചപ്പോൾ ഇവിടെ സെലക്ട് കമ്മിറ്റി സ്റ്റേറ്റിലിരുന്ന ബില്ല് ഓർഡിനൻസ് ആയി പ്രഖ്യാപിച്ച് അതിന്റെ ഖ്യാതി നേടിയെടുക്കാനാണ് അങ്ങനെ ചെയ്തതെന്ന് അദ്ദേഹം പറഞ്ഞു. ശ്രീ. ബാലാനന്ദനെപ്പോലെ തൊഴിലാളി രംഗത്തു പ്രവർത്തിക്കുന്ന ഉന്നതനായ ഒരു വ്യക്തി ഇങ്ങനെ പറയുമെന്ന് ഞാൻ ഒരിക്കലും വിചാരിച്ചിരുന്നതല്ല. കാരണം ഇതിനു മുൻപ് അവതരിപ്പിച്ചിരുന്ന 1969–ലെ ബില്ലിന്റെ ആവിർഭാവത്തെ സംബന്ധിച്ച് ശ്രീ. ആർ. എസ്. ഉണ്ണിയും ശ്രീ. പി. എസ്. നമ്പൂതിരിയും ഇവിടെ വിശദീകരിക്കുകയുണ്ടായി. ഈ ബിൽ അതേനിലയിൽത്തന്നെ സെലക്ട് കമ്മിറ്റിയിൽ പാസാക്കിയിരുന്നാൽപോലും കേന്ദ്രഗവൺമെന്റിന്റെ അനുമതി കിട്ടി നടപ്പിലാക്കാൻ വളരെ കാലതാമസം ഉണ്ടാകുമായിരുന്നു എന്നുള്ളതിൽ സംശയമില്ല. അതുമാത്രമല്ല പെത്തുതൊഴിലാളി വെൽഫയർ ഫണ്ടിന്റെ മാതൃകയിൽ ഡ്രാഫ്ടു ചെയ്ത ബില്ലായിരുന്നു. അതിൽ അവ്യക്തത ഉണ്ടായിരുന്നില്ല. പൊതുവേ ഇതിനെ സംബന്ധിച്ച് ഒരു തീരുമാനമെടുക്കാൻ സെലക്ട് കമ്മിറ്റിക്ക് കഴിഞ്ഞിരുന്നില്ല. ഒന്നോരണ്ടോ പ്രാവശ്യമാണ് സെലക്ട് കമ്മിറ്റി കൂടിയതെന്നാണ് മനസിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്. ഉണ്ണി: സെലക്ട് കമ്മിറ്റിയിൽ ഇക്കാര്യത്തെക്കുറിച്ച് തർക്കമുണ്ടായിരിന്നു. തർക്കത്തിലാണ് സെലക്ട് കമ്മിറ്റി തന്നെ പിരിയുന്നത്.

ശ്രീ. പി. രവീന്ദ്രൻ: സെലക്ട് കമ്മിറ്റിയിലുണ്ടായിരുന്ന ആൾ തന്നെ പ്രഖ്യാപിച്ചു കഴിഞ്ഞു; വ്യക്തമായ തീരുമാനമെടുക്കാൻ കഴിയാതെ ഡെപ്പോസിറ്റിനെ സംബന്ധിച്ച് എന്തായിരിക്കണം വകുപ്പ് എന്നതിനെ സംബന്ധിച്ച അവസാനമായി തീരുമാനമെടുക്കാൻ കഴിയാതെ സെലക്ട് കമ്മിറ്റി പിരിയുകയാണുണ്ടായത്. പിന്നീട് സെലക്ട് കമ്മിറ്റിയുടെ യോഗം കൂടുകയോ ബില്ല് പാസാക്കിയെടുക്കുന്നതിനുള്ള അടിയന്തിരമായ നടപടികളും സ്വീകരിക്കുകയോ ചെയ്തതായി കാണുന്നില്ല. അതു മാത്രമല്ല ഇതിലുള്ള ചെല വകുപ്പുകളും കേന്ദ്രഗവൺമെന്റിന്റെ അനുമതിയോടുകൂടി....

ശ്രീ. കെ. എ. ശിവരാമഭാരതി: സർ, ഞാനും കമ്മിറ്റിയിൽ ഉണ്ടായിരുന്ന ആളാണ്. എനിക്ക് മനസിലാക്കാൻ സാധിച്ചിടത്തോളം അന്ന് ഒരു യോജിപ്പിന്റെ അടിസ്ഥാനത്തിൽ പിരിയുകയും പിന്നീട് ഫൈനലായി ടച്ച് ചെയ്യുകയും പുതിയ ഡ്രാഫ്റ്റ് മെമ്പറൻമാർക്ക് അയക്കുകയും ചെയ്യുമെന്ന് പറഞ്ഞതായാണ് എന്റെ ഓർമ്മ.

ശ്രീ. ആർ. എസ്. ഉണ്ണി: അന്ന് ബഹുമാനപ്പെട്ട ശിവരാമഭാരതി നേരത്തേ പോയി. അവസാനം വരെ ഉണ്ടായിരുന്നില്ല. അതിൽ മെമ്പറൻമാർ ശക്തിയായി ഉന്നയിച്ചിരുന്ന അഭിപ്രായമാണ് ഞാൻ നേരത്തേ പറഞ്ഞത്.

ശ്രീ. പി. രവീന്ദ്രൻ: രണ്ടുപേരും പറഞ്ഞത് ശരിയാണ്. യോഗത്തിന്റെ ഫയലിൽ അങ്ങനെയാണ് കാണുന്നത്. വ്യക്തമായ തീരുമാനമെടുക്കാതെ.....

ശ്രീ. എ. വി. കുഞ്ഞമ്പു: തർക്കത്തിൽ പിരിഞ്ഞു എന്നു പറയുന്നത് ശരിയാണ്. ഞാനും സെലക്ട് കമ്മിറ്റിയിൽ മെമ്പറാണ്. സെലക്ട് കമ്മിറ്റി യോഗം ചേർന്നിട്ട് മറെറാരു ദിവസം ചർച്ച ചെയ്യാൻ വേണ്ടിയിട്ട് മാറ്റി വയ്ക്കുകയാണ് ചെയ്തത്. അല്ലാതെ തർക്കത്തിൽ പിരിയുകയല്ല ചെയ്തത്.

മി. ചെയർമാൻ: ഇപ്പോഴും തർക്കമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സെലക്ട് കമ്മിറ്റിയിലിരുന്ന് അതിന്റെ ചർച്ച പൂർത്തിയാക്കുന്നതിനു മുൻപ് ചില അഭിപ്രായപ്രകടനങ്ങളും നടന്നതുകൊണ്ട് ഒന്നും നടന്നില്ലെന്ന രീതിയിൽ സംസാരിക്കുന്നതു ശരിയല്ല.

ശ്രീ. പി. രവീന്ദ്രൻ: ആ രീതിയിലല്ല സംസാരിച്ചത്. ഈ ബില്ലു തന്നെ എങ്ങനെയാണ് രൂപം കൊണ്ടത് എന്ന കാര്യം പറഞ്ഞതാണ്. ചെത്തു തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ മാതൃകയിൽ ഡ്രാഫ്റ്റു ചെയ്ത ബില്ലാണ്. ഇതിനു തന്നെ തൊഴിലാളികളും എത്ര മാത്രം പ്രക്ഷോപണം നടത്തേണ്ടി വന്നു എന്ന ചരിത്രത്തിലേക്ക് ഞാനിപ്പോൾ കടക്കുന്നില്ല. പക്ഷേ സെലക്ട് കമ്മിറ്റിയിലിരുന്ന ഈ ബില്ല് നിയമമായി നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടാക്കുമായിരുന്നു എന്ന് ചൂണ്ടിക്കാണിക്കാൻ വേണ്ടി ഇത്രയും പറഞ്ഞതാണ്. ഒന്ന് സെലക്ട് കമ്മിറ്റി വളരെ വേഗം ഇതിന്റെ നടപടി മുന്നോട്ടുകൊണ്ടുപോയില്ല. ഇതിലുള്ള വകുപ്പുകളും തന്നെ ഇത് കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിന്റെ അംഗീകാരമുണ്ടെങ്കിൽ മാത്രമേ നടപ്പിലാക്കാൻ കഴിയുമായിരിന്നുള്ളു. കാലതാമസം ഒഴിവാക്കുന്നതിനു വേണ്ടി ഒരു ഓർഡിനൻസായിട്ട് ഇക്കാര്യങ്ങളും നടപ്പിലാക്കി എന്നു മാത്രമേയുള്ളൂ. പ്രസിഡൻറിന്റെ അംഗീകാരം ലഭിക്കാൻവേണ്ടി ചില മാറ്റങ്ങളും ഇതിനകത്തു വരുത്തിയിട്ടുണ്ട്. ഈ ഓർഡിനൻസ് പാസാക്കിയതിനു ശേഷം വിവിധ ഫാക്ടറികളിൽ നിന്ന് വ്യക്തിപരമായി തൊഴിലാളികളുടെ കത്തുകളും എനിക്കു കിട്ടിയിട്ടുണ്ട്. ഈ നിയമം ഊർജിതത്തിൽ വന്നില്ലായിരുന്നെങ്കിൽ അടുത്തകാലത്ത് പിരിഞ്ഞു പോകേണ്ടി വന്ന ആളുകൾക്ക് ഗ്രാറ്റുവിറ്റി കിട്ടുകയില്ലായിരുന്നു എന്നും ഓർഡിനൻസ് നടപ്പിൽവരുത്തിയതുകൊണ്ട് നിയമപരമായി കിട്ടാനിടയായി എന്നും ചില തൊഴിലാളികളിൽ നിന്നും കത്തുകൾ കിട്ടിയിട്ടുണ്ട്. ബിൽ പാസായി നടപ്പിലാകുന്നതുവരെ പിരിഞ്ഞുപോവുകയോ പിരിച്ചു വിടുകയോ ചെയ്യുന്ന തൊഴിലാളികൾക്ക് നിയമപ്രകാരം ഗ്രാറ്റുവിറ്റി ലഭിക്കാനുള്ള സാദ്ധ്യതയുണ്ടായിരുന്നു. അതു കഴിയുന്നതും വേഗം തൊഴിലാളികൾക്ക് നിയമാനുകൂല്യം ചെയ്തു കൊടുക്കുമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഇത്തരം ഓർഡിനൻസ് പുറപ്പെടുവിക്കാൻ ഗവൺമെൻറ് തയ്യാറായത്. ഖ്യാതിക്കുവേണ്ടി മറ്റൊരു ബില്ലെടുത്ത് ഓർഡിനൻസായി പ്രഖ്യാപിച്ചു എന്ന് ബാലാനന്ദൻ പറഞ്ഞതിൽ മാത്രമേ ഖേദമുള്ളൂ. സർ, ഖ്യാതിക്കു വേണ്ടിയല്ല ഈ രാജ്യത്തെ തൊഴിലാളികൾക്കു അനുകൂലമായ ഒരു നടപടി സ്വീകരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി മാത്രം ചെയ്ത ഒരു കാര്യമാണ്. അത് ഈ രാജ്യത്തെ തൊഴിലാളി വർഗ്ഗം ഖ്യാതിക്കുവേണ്ടി ചെയ്തതാണോ, അനുകൂലമായി ചെയ്തതാണോ എന്നു വിധിച്ചുകൊള്ളട്ടെ എന്നു മാത്രമേ എനിക്ക് ഇതിനെ സംബന്ധിച്ച് പറയാനുള്ളൂ. ഈ ബില്ലിലെ വിവിധ വകുപ്പുകളെ സംബന്ധിച്ച് ഇവിടെ പരമാർശനമുണ്ടായി. ഇതിനെ സംബന്ധിച്ച് ചിലതു പറയാനുണ്ടെങ്കിലും സെലക്ട് കമ്മിറ്റിക്കു വിടണമെന്നുള്ള അഭിപ്രായമുള്ളതുകൊണ്ട് ഇതിനെ സംബന്ധിച്ച് ഇപ്പോഴൊന്നും പറയണമെന്ന് ഉദ്ദേശിക്കുന്നില്ല. താഴെ പറയുന്ന അംഗങ്ങളെ സെലക്ട് കമ്മിറ്റിക്കയക്കണമെന്ന് പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്.

Shri R. S. Unni
,, E. Balanandan
,, C. Kannan
,, P. Ramalingam
,, P. S. Namboodiri
,, K. Karunakaran
,, N. Ganapathy
,, K. A. Sivaramabharathy
,, C. S. Neelakantan Nair
,, K. Moideenkutty Haji
,, P. P. Wilson
,, K. I. Rajan
,, J. A. Chacko and the mover and the report to be submitted on or before 23-1-1970.

The question that the Kerala Industrial Employees' Payment of Gratuity Bill, 1970 be referred to a select Committee consisting of the members suggested by the mover was put and carried.

The Bill was referred to the Select Committee.

LIBRARY ARCHIVES Kerala Legislative Assembly

The Kerala Housing Board Bill

Irrigation & Agriculture Minister (**Shri O. Koran**) Sir, I Introduce the Kerala Housing Board Bill.

I Lay on the table a statement under Rule 73 (1) of the Rules of Procedure and conduct of Business in the Kerala Legislative Assembly.

Mr. Chairman: The Bill stands introduced.

ശ്രീ. ഒ. കോരൻ: സർ, 1970–ലെ കേരള ഹൗസിംഗ് ബോർഡുബിൽ ഈ സഭയുടെ പരിഗണനയ്ക്കായി ഞാൻ സമർപ്പിച്ചുകൊള്ളുന്നു. സർ, ഈ ബില്ല് ഒരു ഓർഡിനൻസായിട്ട് പ്രഖ്യാപിച്ചിട്ടുള്ളതു ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അറിയാമെന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് ഇതൊരു സെലക്ടു കമ്മിറ്റിക്ക് അയയ്ക്കുന്നതിനു വിരോധമില്ല. പക്ഷേ വളരെ താമസിയാതെ സെലക്ടുകമ്മിറ്റികൂടി റിപ്പോർട്ടു സമർപ്പിച്ച് ബില്ലുപാസ്സാക്കുന്നതിനു നടപടികൾ കൈക്കൊള്ളണമെന്ന് ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്.

Finance Minister (**Shri N. K. Seshan**): I second it.

ശ്രീ ഒ. കോരൻ: സർ, ഈ ബിൽ ചർച്ചയ്ക്കെടുക്കണമെന്ന അഭിപ്രായത്തെ പുരസ്കരിച്ചുകൊണ്ടു ചില കാര്യങ്ങൾ പറയാനാഗ്രഹിക്കുന്നു. നമ്മുടെ സ്റ്റേറ്റിൽ വളരെക്കാലമായി ഒരു ഭവനനിർമ്മാണബോർഡ് രൂപീകരിക്കണമെന്നുള്ള ആശയം മുന്നോട്ടുവച്ചിട്ടുണ്ടെങ്കിലും ഇതുവരെയും നമുക്കതിന് അന്തിമമായി രൂപം നൽകാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് കേരളത്തിൽ ഇപ്രകാരമുള്ള ഒരു നിയമനിർമ്മാണനടപടിക്കു മുന്നോട്ടുവരാൻ ഗവൺമെൻറ് ശ്രമിച്ചിട്ടുള്ളത്. അഖിലേൻഡ്യാ ലെവലിൽത്തന്നെ ഭവനനിർമ്മാണമന്ത്രിമാരുടെ ഒരു സമ്മേളനത്തിൽ ഇൻഡ്യയുടെ വിവിധസംസ്ഥാനങ്ങളിൽ മഹാരാഷ്ട്ര, ഉത്തർപ്രദേശ് എന്നീ സ്ഥലങ്ങളിൽ 1958–61 ഈ മൂന്നുകൊല്ലക്കാലങ്ങളായി കൂടുകയും അഖിലേൻഡ്യാ നിലവാരത്തിൽത്തന്നെ ഹൗസിംഗ് ബോർഡ് രൂപീകരിക്കുന്നതിനെ സംബന്ധിച്ചുള്ള ഒരഭിപ്രായം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ഇതിനു അന്തിമമായി രൂപം നൽകാൻ സാധിച്ചിട്ടില്ല. മൂന്നാം പഞ്ചവൽസരപദ്ധതികാലത്തിൽ ഇതേപ്പറ്റിയുള്ള ഒരഭിപ്രായം ഉണ്ടായിരുന്നെങ്കിലും അന്തിമമായ ഒരു രൂപം അതിനുശേഷമാണ് ഉണ്ടായത്. അതനുസരിച്ചു 1967-ൽ മദ്രാസിൽവച്ചുകൂടിയ യോഗത്തിൽ ഹൗസിംഗ് ബോർഡ് രൂപീകരിക്കണമെന്നുള്ള അഭിപ്രായം തറപ്പിച്ച് തീരുമാനിക്കുകയുണ്ടായി. അതനുസരിച്ച് ഇൻഡ്യയിൽ താഴെ പറയുന്ന സ്റ്റേറ്റുകളിലെല്ലാം ഹൗസിംഗ് ബോർഡ് നിലവിൽവരുകയും അതിന്റെ പ്രവർത്തനം വളരെയധികം കാര്യക്ഷമമായിത്തീർന്നിട്ടുണ്ടെന്നും ആ സ്റ്റേറ്റുകളിൽ നടന്നിട്ടുള്ള പ്രവർത്തനങ്ങളുടെ ഫലമായി മനസ്സിലാക്കാൻ സാധിക്കും. ഹൗസിംഗ് ബോർഡ് നിലവിൽവന്നിട്ടുള്ള സ്റ്റേറ്റുകൾ ഇവയാണ്. ആന്ധ്രപ്രദേശ്, ഗുജറാത്ത്, മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര, തമിഴ്നാട്, മൈസൂർ, ഉത്തർപ്രദേശ്. അതിന്റെ പ്രവർത്തനത്തെപ്പറ്റി പഠനം നടത്തിയിട്ടുള്ള ആളുകൾ അതു വളരെ കാര്യക്ഷമവും ഉപയോഗപ്രദവുമായിത്തീർന്നിട്ടുണ്ടെന്നു ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ഈ ബോർഡിന്റെ പ്രവർത്തനം കൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളത് ഇന്നു
12 Noon] വീടുനിർമ്മാണത്തിനുള്ള വ്യത്യസ്തങ്ങളായ എജൻസികൾ—ഔദ്യോഗികവും അനൗദ്യോഗികവുമായ എജൻസികൾ—ഒന്നായി ക്രോഡീകരിച്ചുകൊണ്ട് പോകാനുള്ള യാതൊന്നും ഇന്നു നിലവിലില്ലാത്തതുകൊണ്ട് അതു

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുകയാണ്. ഈ നിയമം നടപ്പിലാകുന്നതോടുകൂടി അപ്രകാരമുള്ള ഏജൻസികം രൂപീകരിച്ചു മുന്നോട്ടുകൊണ്ടുപോകാൻകഴിയും. മറെറാന്ന്, ഗവൺമെൻറുദ്ദേശിക്കുന്നത് ഈ ഏജൻസികളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കണമെങ്കിൽ അതിനു ഫണ്ട് ഒഴിച്ചുകൂടാൻപാടില്ലാത്തതാണ്. ബോർഡ് നിലവിൽ വരുന്നതോടുകൂടി ഫണ്ടുകൂടി സ്വരൂപിക്കാനും സാധിക്കും. മറെറാന്ന് ഈ ബിൽ പാസ്സാക്കുന്നതോടുകൂടി ഇതിൻെറ പ്രവർത്തനം കാര്യക്ഷമമാക്കാനും കഴിയും. സംസ്ഥാനത്ത് ഹൗസിംഗ് ബോർഡിൻെറ നടപടി നിലവിൽ വന്നാൽ നമ്മുടെ സ്റേറററിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് വീടുകളുണ്ടാക്കേണ്ടത്, എവിടെയെല്ലാമാണ് അത് ഒഴിച്ചുകൂടാൻ പാടില്ലാത്തത് എന്നീ കാര്യങ്ങളിൽ പഠനംനടത്തി റിപ്പോർട്ട് ശേഖരിച്ച് അതിനുള്ള നടപടികളും സ്വീകരിക്കാൻ കഴിയും.

മറെറാന്ന് ഇന്നു നമ്മുടെ സ്റേറററിൽ വിവിധസ്ഥലങ്ങളിൽ വീടു നിർമ്മാണത്തിനു വിവിധ നിയമനിർമ്മാണങ്ങളാണുള്ളതെന്നാണ്. അതിനു ഒരേകീകരണമില്ല. സിററി ഇംപ്രൂവ്മെൻറ് ട്രസ്റ് ആക്ട് 1960-ൽ പാസ്സാക്കിയിട്ടുള്ളതാണ്. അതു തിരുവനന്തപുരത്തു മാത്രമേ ബാധകമാകുകയുള്ളൂ. മറെറാന്നുള്ളത് ടൗൺപ്ലാനിംഗ് ആക്ടാണ്. അതു തിരു-കൊച്ചിഭാഗത്ത് 1108-ൽ നിലവിൽ വന്നിട്ടുള്ളതാണ്. അതു തിരു–കൊച്ചിഭാഗത്തേയ്ക്കു മാത്രമേ ബാധകമാകുകയുള്ളൂ. മറെറാന്ന്, മദ്രാസ് ടൗൺപ്ലാനിംഗ് ആക്ട് 1920–ൽ ഭേദഗതിയായിട്ടുള്ളതാണ്. അതു മലബാറിൽ ബാധകമായിട്ടുള്ളതാണ്. അതെല്ലാം ഏകീകരിക്കുകയും ആ നിയമങ്ങളുടെ വെളിച്ചത്തിൽ പുതിയ മാററങ്ങളെ ഉൾക്കൊണ്ടുകൊണ്ട് ഈ നിയമത്തിൽ കൂടുതൽ കാര്യക്ഷമമായ നടപടികളും കൈക്കൊള്ളാനാണ് പ്രധാനമായും ഈ നിയമംകൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇതെല്ലാം നടപ്പിൽവന്നുകഴിഞ്ഞാൽ നമ്മുടെ രാജ്യത്തിലെ ജനങ്ങൾക്ക് പ്രത്യേകിച്ചു നമ്മുടെ സ്റേറററുഗവൺമെൻറ് ഏററവും പ്രധാനമായി നടപ്പാക്കേണ്ട കാര്യം, ഭക്ഷണം, വസ്ത്രം, പാർപ്പിടസൌകര്യം ഇവ ഉണ്ടാക്കുകയാണ്. നമ്മുടെ സ്റേറററിനെസംബന്ധിച്ച് ജനങ്ങൾക്ക് വീടിൻെറ ആവശ്യകത വളരെയധികം വർദ്ധിച്ചുവരികയും അതിനുവേണ്ടിയുള്ള നടപടികളും കൈകൊള്ളാൻ ജനങ്ങൾ ആഗ്രഹിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സമയത്ത് അതു കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുവരാനുള്ള നടപടി ഇപ്രകാരം ഉള്ള നിയമനിർമ്മാണം കൈകൊണ്ടാൽമാത്രമേ നടപ്പിലാക്കാൻകഴിയൂ എന്നുള്ളതുകൊണ്ടാണ് ഇപ്രകാരമുള്ള നിയമത്തിനുവേണ്ടി ശ്രമിക്കപ്പെട്ടിട്ടുള്ളത്. ഇതിന് എതിർപ്പില്ലാത്തവിധത്തിൽ എല്ലാ ആളുകളുടെയും സഹായസഹകരണത്തോടുകൂടി വളരെവേഗത്തിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: സർ, വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വിഷയത്തെസംബന്ധിച്ചുള്ള ഒരു ബില്ലാണ് ഇത്. ഇത് വളരെ അവധാനതയോടുകൂടി പരിഗണിച്ച് ഉപകാരപ്രദമായ ഒരു ബില്ലാക്കിത്തീർക്കാൻ കഴിയുന്നതും ശ്രമിക്കണമെന്നു ഞാനാഗ്രഹിക്കുന്നു.

Mr. Chairman: Are you moving your amendment?

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: Yes. I move that the Bill be circulated for eliciting public opinion. വളരെ അടിയന്തിര സ്വഭാവംകൽപ്പിച്ച് ഒരു ഓർഡിനൻസ് മൂലം നടപ്പിൽവരുത്താൻ തക്കതായി കണ്ട ഈ ബിൽ അത്ര ഓടിച്ചു പാസ്സാക്കിക്കൊണ്ടുപോയാൽ വളരെ വിഷമങ്ങൾ അതിൽ നിന്നുണ്ടാകുമെന്നു കണക്കാക്കിയിട്ട് ഇതു പൊതുജനാഭിപ്രായത്തിനു സർക്കുലേററു

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യണമെന്നുള്ള എന്റെ അമൻറുമെൻറാണ് ഞാൻ ഇവിടെ സമർപ്പിക്കുന്നത്. ഈ ടൗൺപ്ലാനിംഗ് എന്നെല്ലാം പറയുന്നത് നമ്മുടെ പഞ്ചവൽസരപദ്ധതികളോടൊപ്പം വളർന്നും സങ്കീർണ്ണമായും പരിഹൃതമായും തീർന്നിട്ടുള്ള ഒരേർപ്പാടാണ്. ഒന്നും രണ്ടും പഞ്ചവൽസരപദ്ധതികളിൽ ഇത് റൂറലും അർബനും ഹൗസിംഗിനോട് ബന്ധപ്പെട്ടതായിരുന്നു. അവിടെനിന്നും അത് മാറി പ്രത്യേക പ്രാധാന്യം കൽപ്പിച്ചതുകൊണ്ട് ആ ലൈനിൽ വലിയ പുരോഗതിയും ഉണ്ടാക്കിയിട്ടുണ്ട്. പല സംസ്ഥാനങ്ങളും ഈ മാതിരിയുള്ള കാര്യങ്ങൾക്കു വേണ്ടി പ്രത്യേക നിയമനിർമ്മാണങ്ങളും ചെയ്തു. ഉദാഹരണമായി മഹാരാഷ്ട്രയിലെ 1954-ലെ ടൗൺപ്ലാനിംഗ് ആക്ടും അതിനുശേഷം 1966-ലെ ടൌൺപ്ലാനിംഗ് ആക്ടും കൊണ്ട് ഓരോ പ്രദേശത്തിനും പ്രത്യേകം പ്രത്യേകം പ്രശ്നങ്ങളുള്ളതിനെ കണക്കിലെടുത്തുകൊണ്ട് അവയ്ക്കുവേണ്ടിയുള്ള പരിഹാരം കാണാനുള്ള ഏർപ്പാടുകളും ചെയ്യുന്നുണ്ട്. എന്നാൽ നമ്മുടെയിവിടെ ഈ മാതിരിയുള്ള പ്രശ്നങ്ങളും ഉണ്ടെങ്കിലും അത് ശരിയായരീതിയിൽ കാണാൻ നമുക്ക് സാധിച്ചിട്ടില്ലെന്നുള്ളതു ഒരു പരമാർത്ഥമാണ്. അതുകൊണ്ടാണ് ഇവിടെ ഒരു പ്ലാനിംഗ് ആക്ട് പാസ്സാക്കിയത്. നമ്മുടെ പഴയ തിരുവിതാംകൂറിലെ 1108-ലെ ടൗൺപ്ലാനിംഗ് ആക്ട് എടുത്ത് 1948-ൽ അതൊന്നു തേച്ചുമിനുക്കിക്കൊണ്ടു വരികയാണ് ചെയ്തത്. ഇതിനുള്ള സാഹചര്യം ഉണ്ടായത് ഗ്രേറ്റർ കൊച്ചിൻ ഡെവലപ്പ്മെൻറ് സ്കീം എന്നൊരു സ്കീം വന്നപ്പോഴാണ്. അതിനുവേണ്ടി ഒരു നിയമനിർമ്മാണം വേണ്ടിവന്നു എന്നുള്ളതാണ്. എന്നാൽ അതിനുവേണ്ടി ഒരു പുതിയ നിയമം ഉണ്ടാക്കാതെ 1108-ൽ തിരുവതാംകൂറിൽ ഉണ്ടായിരുന്ന ആ ആക്ട് പേരു മാറ്റി കൊണ്ടുവന്നിട്ടുള്ളതല്ലാതെ വേറൊന്നും ഉണ്ടായില്ല. അതിനുശേഷം തിരുവനന്തപുരം ടൗൺഇംപ്രൂവ്മെൻറിനുവേണ്ടി നിയമനിർമ്മാണം വന്നു. അതൊടൊപ്പം തന്നെ പിന്നീട് കേരള സംസ്ഥാനമുണ്ടായപ്പോഴാണ് അതിനുശേഷം 1920-ൽ മദ്രാസിലുണ്ടായിരുന്ന നിയമവും നടപ്പിൽവന്നു. മൂന്നു നാലു വിഭിന്ന നിലവാരത്തിലാണ് ഈ പ്രശ്നം കൈകാര്യം ചെയ്തിട്ടുള്ളത്. അതുകൊണ്ട് കാര്യമായ യാതൊരു പ്രവർത്തനവും നടന്നിട്ടില്ലെന്നല്ല പല വിഷമങ്ങളും ഉണ്ടായിട്ടുമുണ്ട്. അതായത് വർദ്ധിച്ചുവരുന്ന ജനസംഖ്യയുടേയും വളർന്നുവരുന്ന വ്യാവസായിക സാധ്യതകളുടെയും വെളിച്ചത്തിൽ കൂടുതൽ ജീവിതസൗകര്യങ്ങളും ഉണ്ടാക്കുന്നതിനും ജനങ്ങൾക്ക് താമസത്തിനുവേണ്ട സൗകര്യങ്ങളും സുഗമമാക്കുന്നതിനും വേണ്ടി പല കാര്യങ്ങളും ചെയ്യാനുണ്ടെങ്കിലും അതിലൊന്നും ശരിയായ രീതിയിൽ സമീപിക്കാൻ സാധിച്ചിട്ടില്ല നമുക്ക്. അതുകൊണ്ടാണ് ഇതിൽ ഇപ്പോഴും പല സാമൂഹ്യപ്രശ്നങ്ങളും ഉണ്ടായിത്തീർന്നിട്ടുള്ളത്. അതെല്ലാം പരിഹരിക്കത്തക്ക രീതിയിലുള്ള ഒരു പുതിയ നിയമം സ്വാഗതാർഹമാണ്. പക്ഷേ ആ നിയമം കൊണ്ട് കൂടുതൽ സങ്കീർണ്ണമായ പ്രശ്നങ്ങളും ഉണ്ടാകാത്ത രീതിയിൽ വളരെ കാര്യക്ഷമതയോടുകൂടി ആലോചിച്ചിട്ടുവേണം അതു നടപ്പിലാക്കാൻ. പഴയ ആക്ടും പുതുക്കിയെടുത്തുകൊണ്ടുള്ള ട്രാവൻകൂർ കൊച്ചിൻ ടൗൺപ്ലാനിംഗ് ആക്ടിന്റെ പ്രവർത്തനം കൊച്ചി പ്രദേശത്തെ ചില സ്ഥലങ്ങളിലുണ്ട്. പല കൊല്ലങ്ങളായി പ്രവർത്തിച്ചു വരുന്നെങ്കിലും കാര്യമായ യാതൊരു പണിയും ചെയ്തിട്ടില്ലെന്ന് മാത്രമല്ല ജനങ്ങളുടെ പരാതിക്ക് ധാരാളം ഇട കൊടുത്തുകൊണ്ട് പക്ഷേ ഭേദഗതികൾക്കും ബുദ്ധിമുട്ടുകൾക്കും ഇടയാക്കിയെന്നുള്ളതല്ലാതെ കാര്യമായി ഭവനനിർമ്മാണത്തിന് സഹായകമായിട്ടോ അല്ലെങ്കിൽ ടൗൺപ്ലാനിംഗിന് പ്രോൽസാഹജനകമായിട്ടോ കാര്യമായി ഒന്നും ചെയ്യാൻ സാധിച്ചിട്ടില്ല. ഗ്രേറ്റർ കൊച്ചിൻ ഡെവലപ്പുമെൻറ് പദ്ധതിയുടെ പേരിൽ രണ്ടുമൂന്നു സ്ഥലങ്ങൾ വികസനത്തിനായി എടുത്തിട്ടുണ്ട്. ആപദ്ധതിതന്നെ പിഴച്ച നിലയിലായിപ്പോയി. സാധാരണയായി നാം ഇങ്ങനെയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ സ്വയം വികസനം പ്രാപിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലങ്ങളെ ഒഴിച്ചുനിർത്തി വികസനസാധ്യതയില്ലാത്ത സ്ഥലങ്ങൾക്ക് പ്രത്യേകത കൊടുത്തുകൊണ്ട് പ്രവർത്തിക്കുകയാണു വേണ്ടത്. അതിനു പകരം സ്വയം വികസനം പ്രാപിച്ചുവരുന്ന സ്ഥലങ്ങളെ എടുത്തിട്ട് ആ സ്ഥലങ്ങളെല്ലാം അകപ്പെടുത്തിട്ട് അവിടെ പല പ്രസ്ഥാനങ്ങളും ആവിഷ്കരിച്ചുകൊണ്ടു സ്കീംസ് ഉണ്ടാക്കിയിട്ടുണ്ട്. പക്ഷേ ആ സ്കീം നടക്കാൻ പോകുന്നില്ലെന്നു മാത്രമല്ല അതുകൊണ്ട് പുതിയ വികസനം ഉണ്ടാകാനും പോകുന്നില്ലെന്നുള്ളതാണ് അനുഭവംകൊണ്ടു കണ്ടിട്ടുള്ളത്. ആ പദ്ധതിയെപ്പറ്റി ജനങ്ങളുടെയിടയിൽ വളരെ സംശയത്തിനും തെറ്റിദ്ധാരണകയ്ക്കും ഇടം കൊടുത്തിട്ടുണ്ട്. ഉദാഹരണമായിട്ട് കല്യൂർ പദ്ധതി എന്ന ഒരു പദ്ധതിയെസംബന്ധിച്ചു പറയുമ്പോൾ അവിടെ കുറെയധികം ഭൂമിയുള്ള ഭൂ ഉടമകളുണ്ട്. അവർക്ക് കുടിയാൻമാരെ ഒഴിവാക്കാൻവേണ്ടിയുള്ള ഒരു മാർഗ്ഗമായിട്ട് ഈ പദ്ധതി പരിണമിക്കുന്നു എന്നാണ് പറയുന്നത്. അതുകൊണ്ട് അവിടെ പറയുന്ന രീതിയിലുള്ള വികസനം ഒട്ടുണ്ടാകാനും പോകുന്നില്ല. എതാണ്ട് ഈ വക കാര്യങ്ങളിൽ കുറേക്കൂടി അവധാനതയോടുകൂടി ഈ പ്രശ്നങ്ങളെ പഠിച്ച് അതിനാവശ്യമായ നിയമങ്ങൾ ഉണ്ടാക്കുകയേ പറ്റുകയുള്ളൂ. ഇപ്പോഴത്തെ ഈ നിയമത്തിൽ കാണുന്ന ഒരു സവിശേഷത സെക്ഷൻ 15-ൽ പറയുന്നു—

15. Transfer of service of existing employees of the City Improvement Trust to the Board:—(1) Every whole-time employee of the City Improvement Trust shall, on and from the appointed day, become an employee of the Board with such designation as the Board may determine, and shall hold his office therein by the same tenure, at the same remuneration and on the same terms and conditions of service and with the same rights and privileges as to gratuity, if any, and other matters as he would have held the same if this Act had not been passed, and shall continue to do so unless and until his remuneration, terms and conditions are duly altered by the Board.

അതിപ്പോൾ രണ്ടു സ്ഥാപനങ്ങൾ ശരിയല്ല. ഈ രണ്ടു സ്ഥാപനങ്ങൾക്കും ഉദ്യോഗസ്ഥൻമാരുണ്ട്. ആ ഉദ്യോഗസ്ഥൻമാരുടെ സ്ഥിതി ഭദ്രമാക്കുന്നതിനു വളരെ വ്യഗ്രതയാണു കാണുന്നത്. അതു തെറ്റല്ല. പക്ഷേ ഇതു വരുമ്പോൾ എന്താണ്? ഇന്നു രണ്ട് എസ്റ്റാബ്ലിഷ്മെൻറ് ഉണ്ടെങ്കിലും അതു യോജിച്ചുചേർത്താൽ ഇന്നത്തെ സംഖ്യാബലം കുറയും. അങ്ങനെ കുറച്ചാൽ കുറെ എക്കോണമി ഉണ്ടാകും. കാര്യക്ഷമതയുമുണ്ടാകും. അതുകൂടാതെകണ്ട് ഇന്നുള്ള തസ്തികകൾ അതേപടിയിൽ നിലനിർത്തുകയാണെങ്കിൽ ഡ്യൂപ്ലിക്കേഷൻ ഓഫ് ഓഫീസ് ഉണ്ടാകും. അതുകൊണ്ട് ഉദ്ദേശിക്കുന്ന യാതൊരു ഫലവും ഉണ്ടാകാൻ പോകുന്നില്ല എന്നു മാത്രമല്ല വളരെക്കൂടുതൽ ചെലവും ഉണ്ടാകും. ഇന്നുതന്നെ ഇതിനുവേണ്ടിയുള്ള ഓഫീസർൻമാരുടെ എണ്ണം വളരെക്കൂടുതലാണ്. രണ്ടുമൂന്നു വിജ്ഞാപനങ്ങൾ പ്രസിദ്ധപ്പെടുത്തുകയല്ലാതെ കാര്യമായ യാതൊന്നും ചെയ്തിട്ടില്ല. അതിനുംപുറമേ പദ്ധതിക്കുവേണ്ടി എടുത്തിട്ടുള്ള ആ പ്രദേശത്ത് ശരിയായ ഒരു സർവ്വെകൂടി നടത്താതെകണ്ട് ചില പ്രദേശങ്ങൾ ആർബിട്രറിയായി എടുത്ത് ഡെവലപ്പുമെൻറ് ഉണ്ടാക്കാൻ കടലാസ്സു പദ്ധതി മാത്രം ഉണ്ടാക്കുകയാണ്. ഈ പദ്ധതിയുടെ വിശേഷം എന്തൊണെന്നു വച്ചാൽ—സ്വാഭാവികമായി അതിൽ ഉണ്ടായി വരുന്ന ഒരു കാര്യമാണ്—അത് പ്ലാനിനെസംബന്ധിച്ചുള്ള കാര്യങ്ങളിലും കാര്യമായി പറഞ്ഞിട്ടുണ്ട്.

"In the long-term, the plans for development of cities and towns must be in a self-financing basis. This is intimately connected in turn with the vexed question of land acquisition and land prices."

LIBRARY ARCHIVES Kerala Legislative Assembly

അതു കാര്യമായി എടുക്കേണ്ടതാണ്. ഇപ്പോഴും പട്ടണത്തിന്റെ ചില ഭാഗങ്ങളിൽത്തന്നെ വിലകൂടിയ പ്രദേശങ്ങളുണ്ട്. എന്നിട്ട് ആ പ്രദേശങ്ങളും ആണ് ഡെവലപ്പുമെന്റിനുവേണ്ടിയെടുത്ത് വികസിപ്പിക്കാൻപോകുന്നത്. അങ്ങനെ വരുമ്പോഴും അവിടെയുള്ള ചില പ്രശ്നങ്ങളുണ്ട്. ചെറിയ ചെറിയ ഭൂ ഉടമകളുണ്ട്. പല ഭൂ ഉടമകളും വിരലിലെണ്ണാൻ കാണും. അതു കൂടാതെ നല്ലൊരുവിഭാഗം കുടികിടപ്പുകാരുണ്ട്. അതുകൂടാതെ തൊഴിലിനുവേണ്ടിമാത്രം ഇവിടെ വന്നു സ്ഥിരം താമസക്കാരായിട്ടുള്ള കുടികിടപ്പുകാരല്ലാത്ത—വിഭാഗവും ഉണ്ട്. ആ പ്രദേശംകൊണ്ട് അവരുടെ ഉപജീവനം, ഉദ്യോഗപരമായിട്ടോ ജോലിക്കോ—കഴിയുന്നവർ ആയിരിക്കും. ആ സ്ഥലങ്ങളെല്ലാം അക്വയർ ചെയ്യുകയാണ്. എന്നിട്ട് അവർക്ക് എന്തെങ്കിലും ഒരു കോംപെൻസേഷൻ കൊടുത്താൽ അതുകൊണ്ട് അവർക്കു വേറെ പോയി താമസിക്കാൻ സാധിക്കുകയില്ല. അങ്ങനെ വരുമ്പോൾ ടൗൺപ്ലാനിംഗിന്റെ പേരിൽ വളരെയേറെ മാനുഷിക പ്രശ്നങ്ങൾ പുതുതായി ഉണ്ടാക്കിയെടുക്കുകയാണുചെയ്യുന്നത്. അനവധിപേർ താമസത്തിനു സൗകര്യമില്ലാതെ ജോലി നഷ്ടപ്പെട്ടു കഷ്ടപ്പെടുന്ന സ്ഥിതിയുണ്ടാകും. അതിനും എന്തെങ്കിലും ഒരു നിയമനിർമ്മാണം കൂടി ഈ ഘട്ടത്തിൽത്തന്നെ ഉണ്ടാക്കണം. അതുകൂടാതെ ഇതിന്റെ അക്വിസിഷനെസംബന്ധിച്ച് വളരെ വിഷമങ്ങളുണ്ട്. ട്രാവൻകൂർ—കൊച്ചിൻ ടൗൺപ്ലാനിംഗ് ആക്ടനുസരിച്ച് ഇവിടെ പ്രവർത്തിക്കാനായി തിരഞ്ഞെടുത്ത ഒരു സ്ഥലം 1965—ലെ നോട്ടിഫിക്കേഷൻ മൂലം എടുത്തു കൊടുത്തിരിക്കുകയാണ്. ഇന്നും അതിന്റെ മറ്റു പടങ്ങുകളൊന്നും നടന്നിട്ടില്ല. അന്നു എടുത്തത് അന്നത്തെ വില കൊടുക്കാമെന്നു പറഞ്ഞാണ്. അഞ്ചാറു വർഷങ്ങൾക്കകത്ത് അവിടെ വളരെയേറെ വില വർദ്ധിച്ചിട്ടുണ്ട്. അതൊന്നും പരിഗണിക്കാതെ കണ്ട് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ചില നോട്ടിഫിക്കേഷനിലും മറ്റും കാണുന്നത് സെന്റിന് 200 രൂപ വിലവച്ചു കൊടുക്കുമെന്നാണ്. സ്ഥലം അക്വയർചെയ്തു ഒഴിവാക്കിയെടുത്ത്, അവിടെ താമസിക്കുന്ന ആളുകളെ ഒഴിവാക്കി എട്ടുപത്തു സെന്റുകളും വീതമുള്ള തുണ്ടുകളും തിരിച്ചു ലേലത്തിൽ വിൽക്കാനാണ് ആഗ്രഹിക്കുന്നത്. പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വിജ്ഞാപനം അനുസരിച്ചുതന്നെ 200 രൂപ സെന്റിനു കൊടുക്കുന്ന സ്ഥലത്തിനു ലേലത്തിൽ വിറ്റാൽ നാലായിരം രൂപയോളം പ്രതീക്ഷിക്കുന്നുണ്ടെന്നും അങ്ങനെ കിട്ടുന്നതുകൊണ്ട് പണമുണ്ടാക്കി പദ്ധതികളും വിജയിപ്പിക്കണമെന്നുമാണ് കാണുന്നത്. ഇതു സാമ്പത്തിക ബുദ്ധിമുട്ടിനുള്ള നല്ലൊരു നിവാരണ മാർഗ്ഗമാണെന്നു സമ്മതിക്കാതെ തരമില്ല. പക്ഷേ സെന്റിന് 200 രൂപമാത്രമേ ഉടമസ്ഥനു കൊടുക്കുകയുള്ളുവെന്നും കാര്യമായി വികസനം ഏർപ്പെടുത്താതെതന്നെ സൈറ്റ് വാല്യൂ കണക്കാക്കി ലേലത്തിനു വച്ചാൽ ഇൻഡ്യയിലെ ഏതു കുബേരനും വന്നു മൽസരിക്കാം, മൽസരിച്ച് സെന്റിന് നാലായിരം രൂപ കിട്ടുമെന്നും ആണ്. അങ്ങനെ കിട്ടിയാൽ ഇവിടത്തെ സോഷ്യലിസം എന്താണെന്നാണ് ഞാൻ ചോദിക്കുന്നത്? സോഷ്യലിസ്റ്റ് വ്യവസ്ഥിതിയെപ്പറ്റിയൊക്കെ പറയുന്നുണ്ടെങ്കിലും ഉള്ളവർക്കാണ് പിന്നെയും ഗുണംകിട്ടുന്നത്. ഈ പറഞ്ഞു സ്ഥലങ്ങളിൽ താമസിക്കുന്നവരിൽ 80 ശതമാനംപേരും എട്ടു പത്തു സെന്റിനു താഴെ ഭൂമിയുള്ള ആളുകളാണ്. അവരിൽനിന്ന് 200 രൂപവച്ച് വാങ്ങിയിട്ട് 400 രൂപയ്ക്ക് വിറ്റു ലാഭമുണ്ടാക്കുന്ന ഈ പദ്ധതി വരുന്നതുകൊണ്ട് ഒന്നാമതായി അവരുടെ കുടുംബം നശിക്കുകയും പിന്നെ അവരുടെ താമസ സ്ഥലത്തെ ജോലി നഷ്ടപ്പെട്ടു വഴിയാധാരമായിത്തീരുകയുമാണു ചെയ്യുന്നത്. അതുകൊണ്ട് ഈ പ്രശ്നം കാര്യമായി എടുത്ത്, അതിന്റെ സാമൂഹ്യമായ പ്രാധാന്യംകൂടി കണക്കിലെടുത്തുകൊണ്ട് എന്തെങ്കിലും ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. അതുപോലെതന്നെ വേറൊരു കാര്യം ശ്രദ്ധിക്കണം. സ്വയം വികസനം പ്രാപിച്ചുവരുന്ന പ്രദേശങ്ങൾ വലിയ ബുദ്ധിമുട്ടു കൂടാതെ വികസിച്ചുവരികയാണ്. അവിടെ ചെയ്യേണ്ടത് പുതിയ ചില അമനിറ്റീസ് ഉണ്ടാക്കിക്കൊടുക്കുകയാണ്. റോഡുകൾ, സ്കൂളു

LIBRARY ARCHIVES Kerala Legislative Assembly

കത്തക്കുള്ള സൈറ്റുകത്തം, പൊതുവിഹാരങ്ങത്തക്കുള്ള സ്ഥലങ്ങത്തം ഇങ്ങനെയുള്ളവ ഉണ്ടാക്കികൊടുത്താൽ ബാക്കിയുള്ളവ തനിയേ ഉണ്ടായിക്കൊള്ളും. അവിടെ പണിയാനുള്ള കെട്ടിടങ്ങത്തം ഇന്ന പാറ്റേണിലുള്ളത യിരിക്കണമെന്നു നിർദ്ദേശിച്ചാൽ അതനുസരിച്ചു ചെയ്തുകൊള്ളും. യാതൊരു വികസനത്തിനും സാദ്ധ്യതയില്ലാത്ത ചതുപ്പുപ്രദേശങ്ങത്തം, വ്യവസായങ്ങത്തം യാതൊന്നുമില്ലാത്ത ഗ്രാമപ്രദേശങ്ങത്തം, ആരോഗ്യത്തിനു ഹാനികരമായ പ്രദേശങ്ങത്തം ഇങ്ങനെയുള്ള പ്രദേശങ്ങളുണ്ട്. അങ്ങനെയുള്ള പ്രദേശങ്ങളെ നന്നാക്കിയെടുക്കാൻ സാധിക്കും. ഉദാഹരണം പറയുകയാണെങ്കിൽ എറണാകുളത്തു പല സ്ഥലങ്ങളും വികസനത്തിനുവേണ്ടി എടുത്തിട്ടുണ്ട്. ടൗൺപ്ലാനിംഗിന് എടുത്തിട്ടുണ്ട്. ആ പ്രദേശങ്ങത്തം ഞാൻ മുൻപു പറഞ്ഞതുപോലെ സ്വയം വികസന സാദ്ധ്യതയുള്ള സ്ഥലങ്ങളാണ്. അവയൊക്കെ വികസിക്കുകയുംചെയ്യുന്ന പ്രദേശങ്ങളാണ്. കഴിഞ്ഞ എട്ടുപത്തു കൊല്ലത്തിനുള്ളിൽ ആ സ്ഥലങ്ങത്തം വളരെ വ്യത്യാസപ്പെട്ടിട്ടുണ്ട്. ധാരാളം പെറുകിട വ്യവസായങ്ങത്തം, പുതിയ രീതിയിലുള്ള കെട്ടിടങ്ങത്തം, അതുപോലെതന്നെ പൊതുവിഹാര സ്ഥലങ്ങത്തം ഇവയെല്ലാം ഉണ്ടായിട്ടുണ്ട്. അവിടെ ഇനി കാര്യമായി ഒന്നും ചെയ്യാനില്ല. പണക്കാരായിട്ടുള്ള ആളുകത്തം അവിടെ താമസക്കാരായുള്ളതുകൊണ്ട് കൂടുതൽ സൗകര്യങ്ങത്തം കിട്ടും. നേരെ മറിച്ച് എറണാകുളത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റംവരെ നോക്കുകയാണെങ്കിൽ ഒരു പ്രദേശമുണ്ട്. വടക്കു പേരണ്ണൂർ മുതൽ തെക്ക് തേവര വരെയുള്ള സ്ഥലത്ത് യാതൊരു പുരോഗതിയുമുണ്ടായിട്ടില്ല. ആ പ്രദേശം ഒരു കാലത്തു കൃഷിനിലങ്ങളായിരുന്നു. അടുത്തകാലത്തുണ്ടായ വികസനത്തിന്റെയും വികസന കുറവിന്റേയും ഫലമായി അവിടം കൃഷിയില്ലാതെ കൃഷിക്കാരില്ലാതെ തരിശുഭൂമിയായിത്തീർന്നിട്ടുണ്ട്. ആ പ്രദേശം മുഴുവൻ എറണാകുളം പട്ടണത്തിന്റെ ഭംഗിയേയും ശുചിത്വത്തേയും നശിപ്പിക്കുന്നരീതിയിൽ കിടക്കുകയാണ്. കൊതുകുശല്യം കാരണം സാംക്രമിക രോഗം പകരുന്നതിനു വഴിതെളിക്കുന്നുണ്ട്. ആ പ്രദേശം മൂന്നു മൂന്നര ചതുരശ്രനാഴികയോളം വിസ്തീർണ്ണംവരും. ആ പ്രദേശം അകപയർ ചെയ്യുകയാണെങ്കിൽ നിസ്സാരമായ ചെലവേ വരുകയുള്ളു. ആ പ്രദേശമെടുത്താൽ ഒരു പുതിയ പട്ടണം സംവിധാനം ചെയ്യാൻ സാധിക്കും. ആധുനികരീതിയിൽ സുഖസൗകര്യങ്ങത്തം ഏർപ്പാടു ചെയ്യത്തക്കരീതിയിലുള്ള ഒരു പുതിയ പട്ടണം ഉയർന്നുവരും. അതൊന്നും ശ്രദ്ധിക്കാതെ സ്വയം വികസനം പ്രാപിച്ചുവരുന്ന സ്ഥലങ്ങത്തം, അനേകം കുടുംബങ്ങത്തം താമസിക്കുന്ന സ്ഥലങ്ങത്തം, ആ കുടുംബങ്ങളെ ഒഴിപ്പിച്ചെടുത്ത് ആ പ്രദേശം ലേലത്തിൽ വിറ്റു കൂടുതൽ സംഖ്യ വരുമാനമുണ്ടാക്കി പദ്ധതി നടപ്പാക്കാമെന്നുവിചാരിച്ചാൽ അതുകൊണ്ടു കിട്ടുന്ന ഗുണത്തെക്കാളേറെ പൊതുജനദ്രോഹമുണ്ടാക്കാനേ കഴിയുകയുള്ളു. ഈ വകകാര്യങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ടു പദ്ധതിക്കു വേണ്ടതായവ്യവസ്ഥ വരുത്തുന്നുതിനുവേണ്ടി ഈ ബിൽ പൊതുജനാഭിപ്രായത്തിന് സർക്കുലേറ്റ് ചെയ്തതാൽ അതുകൊണ്ട് വലിയ അപകടമൊന്നും വരാനില്ല. ആർഡിനൻസ് മൂലം അടിയന്തിരമായി നടപടിയെടുക്കത്തക്ക അടിയന്തിരസ്ഥിതിയൊന്നും ഈ കാര്യത്തിലില്ല. ഇത്രയുംകാലം, ടൗൺപ്ലാനിംഗ് ആക്ട് നടപ്പിലായ 19'5 മുതൽ 5 കൊല്ലമായിട്ടും ആ രീതിയിൽത്തന്നെ കിടക്കുന്നതുകൊണ്ട് വലിയ കഷ്ടനഷ്ടമൊന്നും വന്നിട്ടില്ല. അതുകൊണ്ട് അഞ്ചാറുമാസം താമസിച്ചാലും കഷ്ടനഷ്ടമില്ല. ഇതേപ്പറ്റി പൊതുജനങ്ങളുടെ അഭിപ്രായമറിഞ്ഞു യഥാർത്ഥസ്ഥിതി മനസ്സിലാക്കികൊണ്ട് ഈ പ്രശ്നത്തിനു നിവാരണമുണ്ടാക്കുകയാണെങ്കിൽ ഇതിനേക്കാത്തക്കൂടുതൽ സങ്കീർണ്ണമായ പ്രശ്നങ്ങത്തഉണ്ടാകാതിരിക്കാനും പൊതുജനങ്ങത്തക്ക് ഉപകാരം ചെയ്യുന്ന കൂട്ടത്തിൽ ഉപകാരത്തേക്കാത്തം വലിയ ഇരട്ടി ദ്രോഹം ഉണ്ടാകാതിരിക്കാനും ഈ നിയമം കാര്യക്ഷമമായി നടപ്പിലാക്കാനും സാധിക്കും. ആരീതിയിൽ ഈ നിയമം പൊതുജനാഭിപ്രായം അറിയുന്നതിനു സർക്കുലേറ്റ് ചെയ്യണമെന്നുള്ള എന്റെ ഭേഗതി ഞാൻ സമർപ്പിച്ചുകൊണ്ട് എന്റെ വാക്കുകത്തം അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Shri T. K. Krishnan: I move that the Bill be referred to a Selec Committee.

സർ, ഇത് സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ള പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഇതിനെ പൊതുജനാഭിപ്രായത്തിനു വിടണമെന്നുള്ള അഭിപ്രായവും വരികയുണ്ടായി. അതു ശരിയായ അഭിപ്രായമാണെന്ന് എനിക്കു തോന്നുന്നില്ല. ബഹുമാനപ്പെട്ട പറമ്പിത്തറ മാസ്റ്റർ വളരെ ആത്മാർത്ഥതയോടെയാണ് അതു പറഞ്ഞതെങ്കിലും അതു വളരെ കാലതാമസത്തിന് ഇടയാകുമെന്നുള്ളതുകൊണ്ട് അതിനെ ഞാൻ എതിർക്കുകയാണ്. അടിയന്തിരമായ ഒരു കാര്യമായി ഇതിനെ കണക്കിലെടുത്ത് ഇതൊരു സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെടുകയാണ്. ഇവിടെ നാം ഒരു ഹൗസിംഗ് ബോർഡ് രൂപീകരിക്കുന്ന കാര്യത്തെപ്പറ്റി ആലോചിക്കുകയാണ്. അനവധി വർഷങ്ങളായി ഹൗസിംഗ് ബോർഡുകൾ നിലവിൽ വരികയും അതിന്റെ ആനുകൂല്യങ്ങൾ അനുഭവിക്കുകയും ചെയ്യുന്ന മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു നോക്കിയാൽ ഏറ്റവും പരിഹാസ്യമായ രീതിയിലാണ് നാം നിൽക്കുന്നത്. കാരണം എത്രയോ കൊല്ലങ്ങളായി ഹൗസിംഗ് ബോർഡ് നിലവിൽ വരികയും ആയിരക്കണക്കിനു വീടുകൾ അവയുടെ ആഭിമുഖ്യത്തിൽ നിർമ്മിച്ച് അതിൽ താമസിക്കുകയും അവിടെ ജനിച്ചു വളരുകയും ചെയ്തിട്ടുള്ള ആളുകൾ നാം ഇവിടെ ഹൗസിംഗ് ബോർഡ് രൂപീകരിക്കാൻ പോകുന്നു എന്നുള്ള വാർത്ത വായിച്ചാൽ നമ്മെ പരിഹസിക്കും. എന്നുമാത്രമല്ല, പല സ്ഥലത്തും ഹൗസിംഗ്ബോർഡ് തുടരണമോ, ഹൗസിംഗ് ബോർഡ് അവസാനിപ്പിക്കുകയല്ലേ വേണ്ടതെന്ന് ആലോചിച്ചുവരികയാണ്. ബാംബെ മുതലായ സ്ഥലങ്ങളിൽ ഹൗസിംഗ്ബോർഡ് ഒരു വെള്ളാനയാണെന്നുള്ള അഭിപ്രായം വരുകയും, അതു തുടരണമോഎന്നുള്ള കാര്യം ആലോചിക്കുകയുംകൂടി ചെയ്തുവരികയാണ്. അങ്ങനെയുള്ള സ്ഥിതിയിലാണ് ഇവിടെ ഒരു ഹൗസിംഗ്ബോർഡ് രൂപീകരിക്കുന്ന കാര്യത്തെപ്പറ്റി നാം ആലോചിച്ചുവരുന്നത്. എത്ര വൈകിയാലും ശരി ഈ അഭിപ്രായത്തെ ഞാൻ അനുകൂലിക്കുകയാണ്. Better late than never എന്നുള്ള തത്വമനുസരിച്ച് വളരെ വൈകിയിട്ടാണെങ്കിലും ഇപ്പോഴെങ്കിലും ബോധോദയം ഉണ്ടായതിൽ ഞാൻ സന്തോഷിക്കുന്നു. കഴിഞ്ഞ ബഡ്ജറ്റ് ചർച്ചാവേളയിൽ ഇവിടെ ഒരു ഹൗസിംഗ്ബോർഡ് രൂപീകരിക്കുന്ന കാര്യം ഊന്നിപ്പറഞ്ഞായിരുന്നു. നമ്മുടെ നാട്ടിൽ ഹൗസിംഗിനെ സംബന്ധിച്ച് ചില പരിശ്രമങ്ങളും നടന്നുവരികയാണ്. ഇവിടെ സിറ്റി ഇംപ്രൂവ്മെന്റ് ട്രസ്റ്റുണ്ട്, എറണാകുളത്തും ചില സംരംഭങ്ങളും അതിനുവേണ്ടി ഉണ്ടായിട്ടുണ്ട്. തൃശൂരിൽ ഒരു നെഹ്റു നഗർ ഹൗസിംഗ് കോവാപ്പറേറ്റീവ് സൊസൈറ്റിയുണ്ട്. പാലക്കാട്ട് ചന്ദ്രനഗർ സഹകരണസംഘത്തിന്റെ കീഴിൽ ഒരു ഹൗസിംഗ് നിർമ്മാണസംഘമുണ്ട്. അതുപോലെ കോഴിക്കോട്ട് ചുരുങ്ങിയ തോതിൽ ഭവനനിർമ്മാണ പദ്ധതി നടന്നുവരുന്നുണ്ട്. ഞാൻ അതൊന്നും വിസ്മരിക്കുന്നില്ല. പക്ഷേ ഇതിനൊക്കെ വളരെ പരിമിതികളുണ്ട്. അതിന്റെ സാമ്പത്തികശേഷി എത്രയോ പരിമിതമാണ്. ഇന്നുള്ള സാഹചര്യങ്ങൾ നോക്കിയാൽ വളരെയധികം വികസനസാദ്ധ്യതയുള്ള ഒന്നാണ് ഭവനനിർമ്മാണം. നമ്മുടെ നാട്ടിൽ സ്വന്തം വീടില്ലാതെ അന്യരുടെ വീടുകളിലും പീടികത്തിണ്ണകളിലും റോഡരുകിലും രാത്രി കഴിച്ചു കൂട്ടേണ്ടിവരുന്ന നിർഭാഗ്യവാൻമാരെപ്പറ്റി ഓർത്തുപോകുകയാണ്. ഈ അവസരത്തിൽ 'അശ്വമേധ'ത്തിലെ ഒരു പാട്ട് ഞാൻ ഓർക്കുകയാണ്.

"പാമ്പുകൾക്കു മാളമുണ്ട്, പറവകൾക്കാകാശമുണ്ട്
മനുഷ്യപുത്രനു തലചായ്ക്കാൻ മന്നിലിടമില്ല"

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ ബിൽ അവതരിപ്പിച്ച മന്ത്രിയും ബഹുമാനപ്പെട്ട മന്ത്രിയും കൂടി, രണ്ടുപേരുംകൂടി ഡബിൾ പ്രൊഗ്രാം എടുക്കുകയാണെങ്കിൽതരക്കേടില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: അദ്ദേഹം ബിൽ അവതരിപ്പിച്ചുകൊണ്ട് അതു പറയുമെന്നു ഉദ്ദേശിച്ചു. അദ്ദേഹം അതു പറഞ്ഞില്ല. ആ കുറവ നികത്തുകയാണ്.

നമ്മുടെ നാട്ടിൽ ഭവനനിർമ്മാണ കാര്യങ്ങളെ സംബന്ധിച്ച് ആദ്യമായി മുഖ്യമന്ത്രിയായിരുന്ന ശ്രീ. പട്ടം താണുപിള്ള ചില കാര്യങ്ങൾ പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞ ഒരു വാചകം ഓർക്കുകയാണ്. നമ്മുടെ നാട്ടിൽ സ്വന്തം വീടില്ലാത്ത ഒരാൾപോലും പാടില്ലെന്ന് അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹത്തെ സംബന്ധിച്ച് എന്തെല്ലാം അഭിപ്രായവ്യത്യാസങ്ങളുണ്ടെങ്കിലും ശരി, ഭവനനിർമ്മാണ കാര്യത്തിൽ അദ്ദേഹത്തിന് ശുഷ്കാന്തിയുണ്ടായിരുന്നു പട്ടം കാളനി സ്ഥാപിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ഭരണകാലത്ത് പല ഭവനനിർമ്മാണ പദ്ധതികളുണ്ടായിരുന്നു. ഈ രംഗത്ത് ഇന്നു വളരെയധികം സാദ്ധ്യതകളുണ്ട്. പ്രത്യേകിച്ച് ബാങ്ക് നാഷണലൈസേഷനെത്തുടർന്നു ധാരാളം ഫണ്ട് ഈ രംഗത്തിലേയ്ക്ക് തിരിച്ചുവിടാൻ സാദ്ധ്യതയുണ്ട്. എൽ. ഐ. സി. യിൽനിന്നും, ദേശസാൽക്കരിച്ച ബാങ്കുകളിൽനിന്നും, മറ്റ് ഏജൻസികളിൽനിന്നും ഫണ്ട് കിട്ടാനുള്ള സാദ്ധ്യതയുണ്ട് അവിടെ നിന്നൊക്കെ ഫണ്ടു ലഭിക്കുകയാണെങ്കിൽ ധീരമായി ഭവനനിർമ്മാണ പദ്ധതി രൂപീകരിച്ച് മുന്നോട്ടുപോകാൻ സാധിക്കും. എന്നു മാത്രമല്ല കൂപരിഷ്ക്കരണനിയമം നടപ്പിലാക്കിയതിനെത്തുടർന്ന് സ്വന്തം ഭൂമിയില്ലാത്ത വലിയൊരു വിഭാഗം ജനതയ്ക്ക് സ്വന്തം ഭൂമി ഉണ്ടാകാൻ പോകുകയാണ്. കുടികിടപ്പുകാർക്ക് സ്ഥിരാവകാശം ലഭിക്കുകയും അവർക്ക് ആ ഭൂമി സ്വന്തമാകുകയും ചെയ്തുകഴിഞ്ഞാൽ ഇന്നുള്ള അവരുടെ വീടുകൾ നന്നാക്കാനും പുതുക്കിപ്പണിയാനും, ഇന്നുള്ള സ്ഥലങ്ങളിൽനിന്നു മാറി വേറെ വീടുകൾ നിർമ്മിക്കാനുമുള്ള സാദ്ധ്യത വളരെയധികം വർദ്ധിക്കുകയും ചെയ്യും. കാർഷികത്തൊഴിലാളികൾക്കും ഒരു വലിയ അവസരമാണ് ഇന്നു ലഭിച്ചിട്ടുള്ളത്. അങ്ങനെ കാർഷികത്തൊഴിലാളികൾക്കും കുടികിടപ്പുകാർക്കും സ്വന്തമായി വീടു വയ്ക്കാനുള്ള ഒരു സാഹചര്യം ഇന്നു ഉണ്ടായിട്ടുണ്ട്. ആ സാഹചര്യത്തെ വേണ്ട വിധത്തിൽ ഉപയോഗിക്കാനുള്ള ഒരു പരിപാടി ഇപ്പോഴെങ്കിലും ആവിഷ്ക്കരിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. ഈ രംഗത്ത് പ്രൈവറ്റ് ഏജൻസികളും നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. വടക്കനച്ചൻ തൃശൂർ ഡിസ്ട്രിക്ടിൽ കരിയച്ചിറയിൽ ഇങ്ങനെയൊരു ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുകയാണ്. വളരെ പരിമിതമായ തോതിൽ. ആഴ്ചയിൽ അഞ്ചുരൂപ കുറി കണക്കാക്കി ഒരാളിനുവച്ച് പത്തുകൊല്ലം കൊണ്ടുകൊണ്ട് 2000 രൂപ വിലവരുന്ന ഒരു വീട് ഒരാളിനു ലഭിക്കുക എന്നുള്ള പദ്ധതി നടപ്പിലാക്കിവരികയാണ്. അതു വളരെ വിജയകരമായി നടന്നുവരുന്നുണ്ട്. ഗവൺമെന്റിന്റെയോ മറ്റു ഏജൻസികളുടേയോ യാതൊരു സഹായവുമില്ലാതെയാണ് ഈ ഭവന നിർമ്മാണപദ്ധതി വടക്കനച്ചൻ നടത്തിക്കൊണ്ടിരിക്കുന്നത്. അങ്ങനെ വളരെയധികം പഠിക്കാനുള്ള ഒരു പദ്ധതിയാണ് ഇത്.

ശ്രീ. പി. എസ്. നമ്പൂതിരി: ഈ പറയുന്ന പദ്ധതിക്ക് ലോണും മറ്റു സഹായങ്ങളും കിട്ടുന്നുണ്ട്.

ശ്രീ. കെ. കൃഷ്ണൻ: ഇല്ലെന്നാണു ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ഉണ്ടെങ്കിൽ നല്ലതാണ്. കൊടുക്കാൻ കഴിയുമെങ്കിൽ കൊടുക്കണം. ഏതായാലും

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ പ്രൈവറ്റ് ഏജൻസികൾപോലും വിജയകരമായ രീതിയിൽ ഭവനനിർമ്മാണ പദ്ധതി ആവിഷ്കരിച്ചുവരുന്ന സ്ഥിതിക്ക് ഗവൺമെന്റ് തലത്തിൽ ഇത്തരത്തിലുള്ള ഹൗസിംഗ് ബോർഡ് രൂപീകരിച്ചു കേരളത്തിലാകമാനം നടപ്പിലാക്കുകയാണെങ്കിൽ നമ്മുടെ നാട്ടിന് വലിയ സംഭവനയായിരിക്കുമെന്നുള്ളതിൽ സംശയമില്ല.

ബോംബെ, മദ്രാസ് മുതലായ സംസ്ഥാനങ്ങളിൽ എത്ര വിപുലമായ തോതിലാണ് ഭവനനിർമ്മാണ പദ്ധതി ആരംഭിച്ചിട്ടുള്ളത്? ഡൽഹി മുതലായ സ്ഥലങ്ങളിൽ ആയിരക്കണക്കിനുവീടുകൾ ഹൗസിംഗ് ബോർഡിന്റെ കീഴിൽ രൂപീകൃതമായിക്കൊണ്ടിരിക്കുകയാണ്. ഇന്ന് നമ്മുടെ രാജ്യത്ത് ഇങ്ങനെയൊന്നു നിശ്ചയിച്ചില്ലായിരുന്നെങ്കിൽ എന്തായിരിക്കും സ്ഥിതി എന്ന് ആലോചിക്കുമ്പോൾ വളരെയധികം വിഷമംതോന്നുന്നു. നമ്മുടെനാട്ടിലുള്ള ഭവനനിർമ്മാണപദ്ധതികളെല്ലാം ഒന്ന് ഏകീകരിച്ച് ഒരു പുതിയ ഏജൻസിയുടെകീഴിൽ കൊണ്ടുവന്നാൽ നമ്മുടെ ഭവനനിർമ്മാണ പദ്ധതിക്ക് അതു വലിയ സംഭാവന നൽകുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. പ്രത്യേകിച്ചും ഇന്നു നമ്മുടെ നാട്ടിലുള്ള ഭവനനിർമ്മാണം വളരെ പുറകോട്ടായിരിക്കുകയാണ്. ഇന്നു ഫാക്ടറി അടിസ്ഥാനത്തിൽ ഭവനനിർമ്മാണപദ്ധതി ഇല്ല. ഇവിടെ കഴിഞ്ഞ ഗവൺമെന്റ് അധികാരത്തിൽവന്ന അവസരത്തിൽ റഷ്യയിൽ നിന്ന് ചില വിദഗ്ധൻമാർ ഇവിടെ വരികയുണ്ടായി. അവിടെ ഭവനനിർമ്മാണ പദ്ധതി എങ്ങനെയാണ് നടക്കുന്നതെന്ന് അവർ വിവരിക്കുകയുണ്ടായി. അവിടെ ഒരു വീടിനുള്ള പല ഭാഗങ്ങളും വിദഗദ്ധൻമാർ നിർമ്മിക്കുകയും അവ വേഗത്തിൽ ഒരുമിച്ചുകൂട്ടുകയും ചെയ്യുന്നു. അതിന്റെ ഫലമായി രണ്ടോ മൂന്നോ ദിവസംകൊണ്ട് ആയിരക്കണക്കിനുള്ള വീടുകൾനിർമ്മിക്കാൻ അവർക്കു സാധിക്കുന്നു. നാം ഇവിടെ എത്ര ശ്രമിച്ചാലും ഒരു വീടുണ്ടാക്കണമെങ്കിൽ ആറോ ഏഴോ മാസംവേണ്ടിവരും. അതുമാറ്റി നാലഞ്ചു ദിവസംകൊണ്ട് വീടുനിർമ്മിക്കുന്നതിനുള്ള പദ്ധതി ഉണ്ടാക്കണം. അങ്ങനെയാണെങ്കിൽ ചെലവുചുരുക്കാനും വളരെ വേഗത്തിൽ വീടുകൾഉണ്ടാക്കാനും സാധിക്കുന്നതാണ്. നമ്മുടെ ഭവനനിർമ്മാണപദ്ധതി കൊല്ലങ്ങൾക്കുവേണ്ടി താമസിച്ചു നിൽക്കാൻസാധ്യമല്ല. വളരെ ത്വരിതഗതിയിൽ നമുക്കും വീടുകൾ നിർമ്മിക്കേണ്ടിയിരിക്കുന്നു. അങ്ങനെ കാലത്തിന്റെ പോക്കനുസരിച്ച് ലോകത്തിലെ ഭവനനിർമ്മാണപദ്ധതികൾ പഠിച്ചുകൊണ്ട് നമ്മുടെ നാട്ടിന് അനുയോജ്യമായ ഭവനനിർമ്മാണപദ്ധതി ആവിഷ്കരിച്ചേ മതിയാകൂ. ഞാൻ ഈ ബില്ലിനെ സ്വാഗതംചെയ്യുകയും കഴിയുംവേഗത്തിൽത്തന്നെ ഇതു നിയമമാകുന്നതിനുവേണ്ടി സെലക്ട്കമ്മിറ്റിക്ക് അയയ്ക്കണമെന്നഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ശ്രീ. പി. എസ്. നമ്പൂതിരി: സർ, ഈ ഹൗസിംഗ് ബോർഡ് ബിൽ അവതരിപ്പിച്ച ഗവൺമെന്റിനെ ഞാൻ ഹാർദ്ദമായി അഭിനന്ദിക്കുകയാണ്. ഈ ബില്ലിനെ എല്ലാഭാഗത്തുമുള്ള മെമ്പറൻമാർ അനുകൂലിക്കുകയാണ് ചെയ്തത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഭവന നിർമ്മാണം എന്നുള്ളത് വളരെയേറെ അത്യാവശ്യമുള്ള ഒരു സംഗതിയാണ്. ഇപ്പോഴും പല കോർപ്പറേഷനുകളിലും സിറ്റി ഇംപ്രൂവ്മെന്റ് ട്രസ്റ്റ് പ്രവർത്തിക്കുന്നുണ്ട്. ആ കോർപ്പറേഷനുകളിലെ ഇംപ്രൂവ്മെന്റ് ട്രസ്റ്റിന്റെ പ്രവർത്തനത്തെപ്പറ്റി പരമാർശിക്കുന്നില്ലെങ്കിൽക്കൂടി വ്യക്തമായി ഇന്നു കാണുന്നത് പിന്നോക്കപ്രദേശങ്ങളിൽ താമസിക്കുന്ന, ചളിക്കുണ്ടിൽ താമസിക്കുന്ന ആളുകളെ ട്രസ്റ്റ് വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ലെന്നുള്ളതാണ്. ഏറ്റവും പാവപ്പെട്ട ആളുകൾക്ക് ജീവിക്കാനുള്ള സാഹചര്യം ഇന്നും ഉണ്ടാക്കിക്കൊടുക്കുന്നില്ല. അതേ അവസരത്തിൽ പട്ടണത്തിന്റെ നഗരികളിൽ ഹൗസിംഗ്ബോർഡിന്റെ ശ്രദ്ധ പതിയുന്നുമുണ്ട്. ഇപ്പോൾ പ്രധാനമായി ശ്രദ്ധ തിരിയേണ്ടത് ഗവൺമെന്റ് ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾക്കുള്ള സ്ഥലം വാടക കെട്ടിടങ്ങളിൽ ആകാൻ പാടില്ലെന്നുള്ളതാണ്. അതിനു തീർച്ചയായിട്ടും കുറച്ച് മുതൽ മുടക്കു വേണ്ടിവന്നേക്കാം. ബാങ്കുകൾ നാഷണലൈസ് ചെയ്ത അവസരത്തിൽ കേരളത്തിലെ വീതമെങ്കിലും ന്യായമായി അവകാശപ്പെട്ടുകൊണ്ട് ആ സംഖ്യ കിട്ടുകയാണെങ്കിൽ മുൻകൂറായി ഇറക്കേണ്ടിവരുന്ന വമ്പിച്ച തുകയിൽ ചെറിയ ഒരു ആശ്വാസം കിട്ടും. ഇന്ന് ഗവൺമെൻറ് കെട്ടിടങ്ങൾക്കു കൊടുക്കുന്ന വാടക നോക്കുകയാണെങ്കിൽ എത്രയോ ഭാരിച്ച ബാദ്ധ്യതയാണ് നമുക്കുള്ളതെന്നു കാണാം. അതുകൊണ്ട് തലസ്ഥാന നഗരിയിൽ പ്രത്യേകിച്ചും പ്രധാനമായി വേണ്ടത് ഗവൺമെൻറ് കെട്ടിടങ്ങളെല്ലാം ഗവൺമെൻറിൻേറതായിരിക്കണമെന്നുള്ളതാണ്. അത് വാടകക്കെട്ടിടങ്ങളാക്കാൻ പാടില്ല. അതു പോലെ തന്നെ ഏറ്റവും പാവപ്പെട്ട ആളുകൾക്ക് മനുഷ്യസഹജമായ ആരോഗ്യ സംരക്ഷണം ലഭിക്കുന്നതിന് ഉതകുന്ന രീതിയിലെങ്കിലും ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കുന്ന പ്രദ്ധ പതിയണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. നാഷണൽ ഹൗസിംഗ് സ്കീമിനു വേണ്ടി കോടിക്കണക്കിനു രൂപാ ഇൻഡ്യയുടെ ബഡ്ജറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആ തുക വളരെക്കുറച്ചേ ഉപയോഗിച്ചിട്ടുള്ളൂ. കേരളം വ്യാവസായികമായി വികസിക്കാത്തതുകൊണ്ട് നാട്ടുംപുറങ്ങളിൽ വീടുകളുണ്ടായിരിക്കുമെന്നുള്ള ധാരണ ഉണ്ടായിരിക്കും. എങ്കിലായാലും ചില പ്രദേശങ്ങളെങ്കിലും വ്യവസായ മേഖലയായി അംഗീകരിക്കുന്നുണ്ട്. ഇതിനു മുൻപ് നീക്കിവച്ചിരുന്ന സംഖ്യതന്നെ ഉപയോഗിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ വ്യവസായത്തൊഴിലാളികൾക്ക് എത്രയോ വീടുകൾ ഉണ്ടാക്കിക്കൊടുക്കാൻ കഴിയുമായിരുന്നു. അതുപോലെ തന്നെ നാട്ടുംപുറങ്ങളിൽ ഏറ്റവും ചുരുങ്ങിയ രീതിയിലുള്ള കൂരകളിലാണ് അനേകായിരം ജനങ്ങൾ താമസിക്കുന്നത്. നമ്മുടെ നാട്ടിൽ പരമ്പരാഗതമായുള്ള സ്വഭാവമനുസരിച്ച് സ്വന്തമായി ഒരു വീടും അതിനോടനുബന്ധിച്ച് മുറ്റവും വേണമെന്നുണ്ട്. മറ്റു പ്രദേശങ്ങളിലാണെങ്കിൽ ജനങ്ങൾ ഒന്നിച്ചുകൂടി താമസിക്കുന്ന സ്വഭാവമുള്ളതുകൊണ്ട് ഒരു പക്ഷേ അവിടെയെല്ലാം ചുരുങ്ങിയ സ്ഥലങ്ങളിൽത്തന്നെ ഭവനനിർമ്മാണം സാധിച്ചേക്കാം. നമ്മുടെ നാട്ടിലെ ജനങ്ങളുടെ സ്വഭാവത്തിനു മാറ്റം വരുത്തിക്കൊണ്ട് ചെലവു കഴിയുന്നിടത്തോളം ചുരുക്കാവുന്നരീതിയിൽ നാലോ അഞ്ചോ നില ഉയർത്തിക്കൊണ്ട് ഗ്രാമപ്രദേശങ്ങളിൽ, പ്രത്യേകിച്ച് ഏറ്റവും പിന്നണിയിൽ കിടക്കുന്ന ഹരിജനങ്ങൾക്ക് താമസസൗകര്യം ഉണ്ടാക്കിക്കൊടുക്കാനുള്ള വിപുലമായ ഒരു പദ്ധതി ആവിഷ്ക്കരിക്കണം. വ്യക്തമായ ഒരു പ്ലാൻ വച്ചുകൊണ്ട് ഓരോ ഡിസ്ട്രിക്റ്റിലും ഇത്ര വീടുകളെങ്കിലും നിർമ്മിക്കാൻ കഴിയണമെന്നുള്ള ദൃഢപ്രതിജ്ഞയോടുകൂടി ഈ ബിൽ പാസാക്കി നടപ്പിലാക്കണം. കൂടാതെ ഇതിനാവശ്യമായ ഭേദഗതികളും വരുത്തിക്കൊണ്ട് വളരെ സംപുഷ്ടമായി കഴിയുംവേഗത്തിൽ ഭവന നിർമ്മാണത്തിന് എല്ലാവരിനേയും പ്രാപ്തരാക്കണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: സർ, ഞാൻ ഈ ബില്ലിനെ ഹാർദ്ദമായി അനുകൂലിക്കുന്നു. ഈ ബിൽ ഇപ്പോഴെങ്കിലും കൊണ്ടുവരാൻ കഴിഞ്ഞതിൽ സന്തോഷിക്കുകയും ചെയ്യുന്നു. നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം യാതൊരു ആസൂത്രണമില്ലാതെയാണ് നമ്മുടെ പട്ടണങ്ങൾ വളർന്നുവന്നിട്ടുള്ളത്. മുതലാളിത്തവ്യവസ്ഥിതിയുടെ വളർച്ചയോടുകൂടി നഗരങ്ങളിലേക്ക് ഗ്രാമപ്രദേശങ്ങളിൽനിന്നു തൊഴിലും അന്വേഷിച്ചു വരുന്ന ജനങ്ങൾ അവിടെ താമസിക്കുകയും അവർക്കു ശരിയായിട്ടുള്ള താമസസൗകര്യങ്ങൾ ഇല്ലാത്തതിൻെറ ഫലമായി നഗരങ്ങളിലെ താഴ്ന്ന ചില പ്രദേശങ്ങളിൽ കൂട്ടമായി താമസിക്കുന്നതിനിടവരികയും അതിൻെറയെല്ലാം ഫലമായി സ്ലമ്മുകൾ എന്നു കൂട്ടായി പറയപ്പെടുന്ന അനാരോഗ്യകരമായ രീതിയിൽ തിങ്ങിപ്പാർക്കുന്ന പാർപ്പിടപ്രദേശങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാവുകയും ചെയ്തു. അങ്ങനെ നമ്മുടെ നഗരങ്ങളുടെ വളർച്ചയോടൊപ്പം ഉണ്ടായിട്ടുള്ള ഒരു പ്രത്യേക പ്രതിഭാസമെന്നുതന്നെ പറയട്ടെ ഈ സ്ലമ്മുകളുടെ വളർച്ച. ഈ ആധുനിക യുഗത്തിൽ ഇത്തരത്തിലുള്ള സ്ലമ്മുകളും ഉണ്ടാകരുതെന്നു പരിഷ്കൃത ലോകം ആശിക്കുകയാണ്. അതിന്റെ ഫലമായിട്ടാണ് ഇപ്പോൾ വ്യവസായശാലകളും ആരംഭിക്കുന്നതോടൊപ്പം തന്നെ അവിടെ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ആദ്യം തന്നെ പാർപ്പിട സൗകര്യങ്ങളും ഉണ്ടാക്കണമെന്നു വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇന്ന്, ഭിലായി, റൂർക്കേല തുടങ്ങിയ പുതിയ നഗരങ്ങളിൽ ഈ രീതിയിൽ താമസസൗകര്യം നൽകിയതിന്റെ ഫലമായി സ്ലമ്മുകളില്ല. എന്നാൽ പഴയ നഗരങ്ങളിലെല്ലാം തന്നെ ഇത്തരത്തിലുള്ള സ്ലമ്മുകളും കാണാൻ കഴിയും. ഈ പ്രദേശങ്ങളും ആരോഗ്യകരമായ രീതിയിൽ തൊഴിലാളികൾക്കു ജീവിക്കാൻ തക്ക രീതിയിൽ പുനഃസംവിധാനം ചെയ്യുന്നതിനു വേണ്ടി കഴിഞ്ഞ കുറേ കൊല്ലങ്ങളായി ഗവൺമെന്റ് ശ്രമിക്കുന്നുണ്ടെങ്കിലും അതു വിജയകരമായിട്ടില്ലെന്നുള്ളതാണ് ഒരു വസ്തുത. അതു വിജയപ്രദമാകാതിരിക്കുന്നതിനു പല കാരണങ്ങളുമുണ്ട്. സമഗ്രമായ ഒരു പദ്ധതി ആ കാര്യത്തിൽ ഗവൺമെന്റ് ആവിഷ്ക്കരിക്കുകയുണ്ടായിട്ടില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം അങ്ങനെ സമഗ്രമായ ഒരു പദ്ധതി ഇതിനുമുൻപ് ഉണ്ടായിട്ടില്ല. സിറ്റി ഇംപ്രൂവ്മെന്റ് ട്രസ്റ്റ് നഗരത്തിൽ മാത്രം പ്രവർത്തിക്കുന്നതായിട്ടുള്ള ഏജൻസികളും ഈ കാര്യങ്ങളിൽ ഒട്ടും തന്നെ ശ്രദ്ധിച്ചിട്ടില്ല. അത്തരത്തിലുള്ള ഏജൻസികളും ശ്രദ്ധിച്ചിട്ടുള്ളത് കുറേപ്പേർക്കു കൂടി പാർപ്പിട സൗകര്യം ഉണ്ടാക്കുക എന്നുള്ളതുമാത്രമാണ്. നേരേമറിച്ച് നഗരമൊട്ടാകെ തന്നെ പ്ലാൻ ചെയ്തത് അവിടെയുള്ള അനാരോഗ്യകരമായ പാർപ്പിടങ്ങളും ആരോഗ്യകരമായ പാർപ്പിടങ്ങളാക്കുന്നതിനു വേണ്ടിയുള്ള സമഗ്രമായ ഒരു പദ്ധതി ഇതുവരെ ആവിഷ്ക്കരിക്കുകയുണ്ടായിട്ടില്ല. അങ്ങനെയുള്ള പദ്ധതികളും ആവിഷ്ക്കരിക്കുന്നതിന് അധികാരത്തോടുകൂടിയുള്ള ഏജൻസിയും ഇതിനു മുൻപ് ഉണ്ടായിട്ടില്ല. അങ്ങനെയുള്ള ഒരു ഏജൻസിയെ ഏർപ്പാട് ചെയ്യുക എന്നുള്ളതാണ് ഈ പരിപാടിയുടെ പ്രധാനമായ ഒരു ഉദ്ദേശമാണ്. മാത്രമല്ല, ഈ ബിൽ മൂലം ഇവിടെ നിലവിൽ വരാൻ പോകുന്ന കേരള ഹൗസിംഗ് ബോർഡ് നഗരപ്രദേശങ്ങളിൽ മാത്രം അതിന്റെ പ്രവർത്തനം ഒതുക്കി നിറുത്തുന്നില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം നോക്കുമ്പോൾ ഇൻഡ്യയിൽ മറെറങ്ങുമില്ലാത്ത ഒരു പ്രതിഭാസം നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ കാണാൻ കഴിയുന്നുണ്ട്. അതുപോലെ തന്നെ ശുചിയായ താമസ സൗകര്യത്തോടുകൂടിയ പാർപ്പിടങ്ങളും ഇല്ലാതെ ക്ലേശിക്കുന്ന ലക്ഷോപലക്ഷം കുടുംബങ്ങളും ഉണ്ട്; പ്രത്യേകിച്ചും തീരപ്രദേശങ്ങളിൽ. കടലോരപ്രദേശങ്ങളിലും തീരപ്രദേശങ്ങളിലും ചെറുകൂരകളിൽ നാലും അഞ്ചും കുടുംബങ്ങൾ ഒന്നിച്ചു കഴിഞ്ഞുകൂടുന്ന അപരിഷ്കൃതമായിട്ടുള്ള ഒരു ജീവിത സമ്പ്രദായം ഇന്നു നിലനിൽക്കുന്നുണ്ട്. അത് അവസാനിപ്പിക്കുക എന്നുള്ളത് പരിഷ്കൃത ജീവിതം ആഗ്രഹിക്കുന്നഏതൊരു ജനാധിപത്യ ഗവൺമെന്റിന്റെയും കടമയാണ്. അതിനു ഇന്നുവരെ യാതൊരു കാൽവയ്പും ചലനവും ഗവൺമെന്റിന്റെ ഭാഗത്തു നിന്നും സാമൂഹ്യതലത്തിൽ പ്രവർത്തിക്കുന്ന സംഘടനകളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്നുള്ളതു ഖേദകരമായ വസ്തുതയാണ്. പക്ഷേ ആ സാഹചര്യം അവസാനിപ്പിക്കാൻ, ഈ നാട്ടിലെ ചളിക്കുണ്ടിൽ താമസിക്കുന്ന ലക്ഷോപലക്ഷം ജനങ്ങൾക്ക് സൗകര്യപ്രദമായ വീടുകളിൽ താമസിക്കുന്നതിനു വേണ്ടി ഒരു പദ്ധതി ആവിഷ്ക്കരിക്കാൻ ചുമതലപ്പെടുത്തിയ ഒരു ബോർഡ് നിലവിൽ വരിക എന്നുള്ളത് വളരെ സന്തോഷകരമായ ഒരു കാര്യമാണ്. ഈ ബോർഡിന്റെ പ്രവർത്തനത്തിൽ 9 പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഹൗസ് അക്കാമഡേഷൻ സ്കീം, റീബിൽഡിംഗ് സ്കീം, റീ ഹൗസിംഗ് അല്ലെങ്കിൽ റിഹാബിലിറേഷൻ സ്കീം, സിറ്റി അല്ലെങ്കിൽ ടൗൺ അല്ലെങ്കിൽ വില്ലേജ് എക്സ്പാൻഷൻ സ്കീം, സ്ട്രീറ്റ് സ്കീം, ഡെഫേർഡ് സ്ട്രീറ്റ്

LIBRARY ARCHIVES Kerala Legislative Assembly

സ്കീം, ലാൻഡ് ഡെവലപ്പ്മെൻറ് സ്കീം, ജനറൽ ഇംപ്രൂവ്മെൻറ് സ്കീം, ഓഫീസ് അക്കോമഡേഷൻ സ്കീം. ഇതെല്ലാം തന്നെ വളരെ വിശദമായി പരിശോധിക്കുകയാണെങ്കിൽ ആരോഗ്യകരമായ സാഹചര്യങ്ങളിൽ നമ്മുടെ ജനങ്ങൾക്കു ജീവിക്കാനും അതോടൊപ്പംതന്നെ റോഡിനു വീതിയിലാത്ത സ്ഥലങ്ങളിൽ വീതികൂട്ടാനും കളിസ്ഥലങ്ങളുണ്ടാക്കാനും പാർക്കുകൾ നിർമ്മിക്കാനും സാധിക്കുന്നതായി കാണാൻ കഴിയും. അതുപോലെ തന്നെ ശുദ്ധജലവിതരണത്തിന് സൗകര്യം ഏർപ്പെടുത്തേണ്ടതായി വരും. ഇവയ്ക്കൊക്കെത്തന്നെ ഒരു സ്കീം ആവശ്യമാണ്. മാത്രമല്ല അധികാരത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു ഏജൻസിയും ആവശ്യമാണ്. ഇന്ന് ഗവൺമെൻറ് തന്നെ സ്ഥാപിച്ചിട്ടുള്ള കോളനികളിൽപ്പോലും ശരിയായ കക്കൂസ് സൗകര്യമില്ലാതെ, ശുദ്ധജല സൗകര്യമില്ലാതെ, റോഡ് സൗകര്യമില്ലാതെ വിഷമിക്കുന്നുണ്ട്. അവയൊക്കെത്തന്നെ ഒന്നു പുനരാവിഷ്ക്കരിക്കേണ്ടതുണ്ട്. അതിനു നിയമപരമായുള്ള അധികാരമില്ലാത്തതിൻെറ പേരിൽ വിഷമിക്കുന്നുണ്ട്. അതേ സമയത്ത് എല്ലാവരും ബോധപൂർവ്വം ചില സ്ഥലങ്ങൾ തിരഞ്ഞെടുക്കാനും ചില നിബന്ധനകൾക്കു വിധേയമായി ജീവിക്കാനും തയ്യാറായി എന്നു വരുന്നതല്ല. ആധുനിക യുഗത്തിൽ കുറേയൊക്കെ നിയമത്തിൻെറ പ്രേരണയോടുകൂടിമാത്രമേ ആ രീതികൾ ജനങ്ങൾ സമ്മതിച്ചു എന്നു വരികയുള്ളൂ. അങ്ങനെ നിയമത്തിൻെറ പ്രേരണയോടുകൂടി പരിഷ്ക്കൃതമായ, ആരോഗ്യകരമായ ജീവിത സംവിധാനത്തിനു കളമൊരുക്കുന്ന ഒരു ഏർപ്പാടാണ് ഈ ബിൽ മൂലം ഉദ്ദേശിച്ചിരിക്കുന്നത്. ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് മന്ത്രി തന്നെ മോഷൻ കൊടുത്തിരിക്കുകയാണ്. സെലക്ട് കമ്മിറ്റി സ്റേജിൽ പല കാര്യങ്ങളും വിശദമായി പരിശോധിക്കേണ്ടതായിട്ടുണ്ട് അങ്ങനെ പരിശോധന നടത്തി മാതൃകാപരമായ ഒരു പരിപാടി എന്നുള്ള നിലയിൽ പുറത്തുവരികയും അതിൻെറ പ്രവർത്തനം കാര്യക്ഷമമായി നടത്തുകയും ചെയ്യുകയാണെങ്കിൽ പ്രകൃതിയാൽ അനുഗ്രഹീതമായിട്ടുള്ള കേരളത്തിൻെറ മുഖച്ഛായ സുന്ദരമാക്കിത്തീർക്കാൻ കഴിയും. ഇന്ന് അതു വികൃതമായി തീർന്നിരിക്കുകയാണ്. നമ്മുടെ ഗ്രാമപ്രദേശങ്ങളിലോ നഗരങ്ങളിൽ ഒന്നു കണ്ണോടിച്ചാൽ സുന്ദരമായ പ്രകൃതിയുടെ മുഖത്തു വികൃതമായ, മലിനമായ അന്തരീക്ഷമാണ് കാണാൻ സാധിക്കുന്നത്. ആ മാലിന്യം തുടച്ചു നീക്കിയിട്ട് പ്രകൃതി അനുഗ്രഹിച്ച രീതിയിൽ, സുന്ദരമായ രീതിയിൽ ആരോഗ്യകരമായ രീതിയിൽ ഉള്ള ജീവിത സൗകര്യം ജനങ്ങൾക്ക് പ്രദാനം ചെയ്യാൻ കഴിയുന്ന ഒരു പദ്ധതി ആവിഷ്ക്കരിക്കുകയും ആ അധികാരത്തോടുകൂടി ഒരു ഏജൻസി നിലവിൽ വരികയും ചെയ്യുന്നതിനു സഹായകമായ ഈ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. സെലക്ട് കമ്മിറ്റി സ്റേജിൽ ഗാഢമായ പരിശോധനയ്ക്കു വിധേയമായി നല്ലൊരു ബില്ലായി പാസ്സാകുകയും അതു നടപ്പിൽ വന്നു പ്രവർത്തനക്ഷമമായി ജനക്ഷേമകരമായിത്തീർക്കുകയും ചെയ്യണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. കെ. കൃഷ്ണൻ: ഈ നിയമം ഈ സംസ്ഥാനത്ത് ഏറ്റവും ആവശ്യമായ ഒന്നാണെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. സർ, ഇതു പോലെയുള്ള ഒരു നിയമം വളരെ ഗൗരവത്തോടുകൂടിത്തന്നെ നമ്മുടെ സഭയിൽ കൊണ്ടുവരേണ്ട ഒരു നിയമമാണെന്നാണ് എൻെറ അഭിപ്രായം. അങ്ങനെ വളരെ ഗൗരവത്തോടുകൂടി ചർച്ചചെയ്തു അംഗീകരിക്കേണ്ട ഒരു നിയമം ഈ സഭ കൂടുന്നതിൻെറ തലേ ദിവസം, ഇത്ര ഗൗരവമുള്ള ഒരു നിയമം, ഒരു ഓർഡിനൻസായി കൊണ്ടു വന്നതിൻെറ ഔചിത്യം എത്ര ആലോചിച്ചിട്ടും എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല. മുനിസിപ്പാലിറ്റി ആക്ടിനുള്ള അമൻഡ്മെൻറ് എന്ന നിലയിൽ കൊണ്ടുവരേണ്ടിയിരുന്നു. സർ, യൂണിവേഴ്സിറ്റി ആക്ടിന് അമെൻറ്മെൻറ് കൊണ്ടുവന്നിരുന്നു. സർ, അതുപോലുള്ള ചില അമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

മെൻറുകൂടി ആർഡിനൻസായി കൊണ്ടുവരേണ്ടതിൻെറ ആവശ്യകത മനസ്സിലാക്കാനൊക്കും. പക്ഷേ നമ്മുടെ സംസ്ഥാനത്തിൽ, വിശേഷിച്ചും പാർപ്പിട സൗകര്യത്തിൻെറ കാര്യത്തിൽ, വളരെ ഗൗരവപൂർണ്ണമായി ചിന്തിക്കേണ്ട ഒരു വിഷയം ലാഘവബുദ്ധിയോടുകൂടി കൈകാര്യം ചെയ്തുകൊണ്ട്, സഭ സമ്മേളിക്കുന്നതിൻെറ തലേ ദിവസം ആർഡിനൻസായി കൊണ്ടുവന്ന് ഈ സഭ അത് അംഗീകരിക്കണമെന്ന് ആവശ്യപ്പെടുന്നതു തന്നെ ഈ വിഷയത്തിൻെറ ഗൗരവം കണക്കാക്കിയിട്ടല്ല എന്നു പറയാൻ എന്നെ പ്രേരിപ്പിക്കുകയാണ്.

സർ, ഈ നിയമം അവതരിപ്പിച്ചുകൊണ്ട്, ഈ ബില്ലവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ജലസേചനവകുപ്പുമന്ത്രി സംസാരിച്ചകൂട്ടത്തിൽ ചില സംസ്ഥാനങ്ങളിൽ ഹൗസിംഗ് ബോർഡ് ഉള്ളതുകൊണ്ട്, മഹാരാഷ്ട്രായിലും മദിരാശിയിലും അതുപോലുള്ള സ്ഥലങ്ങളിലും ഹൗസിംഗ് ബോർഡ് ഉള്ളതുകൊണ്ട്, നമുക്കും ഒന്ന് ആവശ്യമായി വന്നിരിക്കുന്നു എന്ന ന്യായമാണു പറഞ്ഞത്. സ്റേറർമെൻറ് ഓഫ് ഒബ്ജക്ട്സ് ആൻറ് റീസൺസിൽ ഈ നിയമത്തിൻെറ ആവശ്യകത ഊന്നിപ്പറയുകയും ചെയ്തിട്ടുണ്ട്. അതു ഗൗരവപൂർണ്ണമായി മന്ത്രി എടുക്കുന്നുണ്ടെങ്കിൽ ഈ ബിൽ ഈ സഭയുടെ അവഗാഢമായ ചർച്ചയ്ക്കു വിഷയീഭവിപ്പിക്കേണ്ടത് ആവശ്യമാണ്. സർ, അതുപോലെ ഒരു നിയമം—നമ്മുടെ സംസ്ഥാനത്തിലെ ഈ ഭവന നിർമ്മാണ പദ്ധതികളും—അത് ഒന്ന് ഏകീകരിക്കേണ്ടത് ആവശ്യമാണ്. സർ, ഇന്ന് ഏകീകരണത്തേക്കാൾക്കൂടുതൽ നമ്മുടെ സംസ്ഥാനത്തിലെ ഭവന നിർമ്മാണ പദ്ധതികൾക്കുള്ള ബുദ്ധിമുട്ട് സാമ്പത്തികമാണ്. ഇന്നുള്ള പദ്ധതികൾ മുന്നോട്ടുകൊണ്ടു പോകുന്നതിനു കഴിയാത്ത ഏക പ്രയാസം ഇതിനാവശ്യമായ ഫണ്ടു കണ്ടുപിടിക്കാൻ കഴിയുകയില്ല എന്നതാണ്. സർ, ഇതുപോലുള്ള പദ്ധതികൾക്ക് ഇൻസ്റിറിറ്യൂഷണൽ ഫൈനാൻസ് കണ്ടുപിടിക്കുന്നത് പ്രയാസകരമായിരുന്നു എന്നകാര്യത്തോട് പരിപൂർണ്ണമായി ഞാൻ യോജിക്കുകയാണ്. പക്ഷേ അതേ അവസരത്തിൽ തന്നെ നമ്മുടെ സംസ്ഥാനത്ത് ഇന്ന് പത്തു പതിനേഴ് ഭവന നിർമ്മാണ പദ്ധതികൾ പ്രവർത്തനത്തിലുണ്ട്. അതുപോലെ തന്നെ പ്രൈവറേറ് ഏജൻസികൾ ഈ ഭവന നിർമ്മാണ പദ്ധതികളിലും ഏറെ വീടുകൾ മറ്റു പ്രൈവറേറ് ഏജൻസികൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നു. എറണാകുളം പോലുള്ള സ്ഥലത്ത് ഗിരിനഗർ കോളനി ഉയർന്നു വന്നിട്ടുണ്ട്. അവിടെ ഒരു ഹൗസിംഗ് കോവാപ്പറേറീവ് സൊസൈറ്റിയാണ് ഇതിൻെറ ചുമതല ഏറെറടുത്തിട്ടുള്ളത്. തൃശൂരും അതുപോലെ കോഴിക്കോടു മുതലായ ടൗൺ പ്രദേശങ്ങളിലും അതുപോലെ വീടു നിർമ്മിക്കുന്നതിൻെറ ചുമതല ഏറെറടുത്ത് ഇതുപോലുള്ള ഹൗസിംഗ് കോളനികൾ ഉണ്ടാക്കിയിട്ടുണ്ട്. സർ, അതൊക്കെ കോവാപ്പറേറീവ് സൊസൈറ്റികളാണ്. അങ്ങനെ ഇന്നു പത്ത് പതിനേഴോളം ഹൗസിംഗ് പദ്ധതികൾ സർക്കാരിൻെറ വകയായി ഉണ്ടെങ്കിൽ, പ്രൈവറേറ് ഏജൻസിയായി നിരവധി ഏജൻസികൾ നമ്മുടെ സംസ്ഥാനത്തു ഭവന നിർമ്മാണത്തിൻെറ കാര്യത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ഇവർക്കൊക്കെത്തന്നെ ആവശ്യമായിട്ടുള്ള പണം കണ്ടുപിടിക്കാൻ കഴിയാത്തതാണ് ഇന്നുള്ള പ്രയാസങ്ങളിൽ ഏറെറവും പ്രധാനപ്പെട്ടത്. സർ, അതോടൊപ്പം ഇന്നുള്ള പദ്ധതികൾ ഏകീകരിക്കേണ്ടതും ആവശ്യമാണ്. ഈ പദ്ധതികളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട വൈഷമ്യം എന്താണെന്നു ചോദിച്ചാൽ, ഇന്നു സർക്കാരിൻെറ നിരവധി ഡിപ്പാർട്ടുമെൻറുകളാണ് ഭവന നിർമ്മാണം കൈകാര്യം ചെയ്യുന്നത്. റവന്യൂവിൽ ചില പദ്ധതികൾ കൈകാര്യം ചെയ്യുന്നു. ചിലതു ലേബർ ആൻറ് സോഷ്യൽ ഡിപ്പാർട്ടുമെൻറ് കൈകാര്യം ചെയ്യുന്നു. ചിലത് ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറ് കൈകാര്യം ചെയ്യുന്നു മറ്റു ചിലത് വേറെ ചില ഡിപ്പാർട്ടുമെൻറുകൾ കൈകാര്യം ചെയ്യുന്നുമുണ്ട്. സർ, മന്ത്രിമാരുടെ കാര്യം പറഞ്ഞാൽ നാലോ അഞ്ചോ മന്ത്രിമാരാണ് കൈകാര്യം ചെയ്യുന്നത്. ഇപ്പോൾ ആരൊക്കെയാണ് കൈകാര്യം ചെയ്യുന്നത് എന്ന്

LIBRARY ARCHIVES Kerala Legislative Assembly

അറിയില്ല. മുമ്പ് നാലഞ്ച് മന്ത്രിമാരുടെ പോർട്ട്ഫോളിയോയിൽ ആയിരുന്നു നമ്മുടെ സംസ്ഥാനത്തെ ഭവന നിർമ്മാണ പദ്ധതികളും ഉൾപ്പെടുത്തിയിരുന്നത്. ഇതൊക്കെത്തന്നെ ഏകീകരിക്കേണ്ടതു് ആവശ്യമാണെന്ന കാര്യത്തോടു് യോജിക്കുമ്പോഴത്തന്നെ, ദൂരവ്യാപകങ്ങളായ ഫലങ്ങളുളവാക്കുന്ന ഒന്നായതുകൊണ്ടു് അവഗാഢമായി ഈ പ്രശ്നത്തെക്കുറിച്ചു് ആലോചിക്കേണ്ടതാണു്. നിരവധി പദ്ധതികളും നമുക്കുണ്ടെങ്കിലും അവ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല എന്നതാണു് യാഥാർത്ഥ്യം. സിറ്റി ഇംപ്രൂവ്മെന്റ് ട്രസ്റ്റ് ട്രാവൻകൂർ–കൊച്ചിൻ ടൗൺ പ്ലാനിംഗ് ആക്ടു് പ്രകാരമുള്ള ഭവന നിർമ്മാണ സ്കീം, മിഡിൽ ഇൻകം ഗ്രൂപ്പിനുള്ള ഭവന നിർമ്മാണ സ്കീം, ആ ഗ്രൂപ്പിന്റെ പരിധിക്കു വെളിയിലുള്ള ഭവന നിർമ്മാണ സ്കീം, ലോ ഇൻകം ഗ്രൂപ്പിലുള്ള ഭവന നിർമ്മാണ പദ്ധതി ഇതുപോലെ പല സ്കീമുകളുണ്ടു്. നിരവധി സ്കീമുകളും നമ്മുടെ സംസ്ഥാനത്തിൽ ഉണ്ടെങ്കിലും ആരൊക്കെ എങ്ങനെയൊക്കെ ചെയ്യുന്നു എന്നു് ആർക്കും യാതൊരു നിശ്ചയവുമില്ലാതെയായിരിക്കുന്നു എന്നതാണു് പ്രശ്നം. അതുകൊണ്ടു് ഇതു് ഏകീകരിക്കേണ്ടതു് ആവശ്യമാണു്. ഇതു് ഏകീകരിക്കുന്നതിനു വേണ്ടി, ഏകീകരിക്കാൻ കഴിയുന്ന തരത്തിൽ നിയമ നിർമ്മാണം നടത്തുന്നതിനു് ആവശ്യമായ സാവകാശം നൽകി നിയമ നിർമ്മാണം നടത്തേണ്ടതാണെന്നു മാത്രമല്ല നിയമനിർമ്മാണത്തിന്റെ ആനുകൂല്യങ്ങളും അർഹരായ ആളുകൾക്കു കിട്ടുന്നതിനുംതക്ക നിയമനിർമ്മാണം നടത്തുകയും വേണം. അതുകൊണ്ടു് ഈ നിയമം വളരെ പ്രധാനപ്പെട്ട ഒന്നായതുകൊണ്ടു് നിയമ നിർമ്മാണത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട നിയമ നിർമ്മാണമെന്ന നിലയിൽ ഇതു് സെലക്ടു് കമ്മിറ്റിയിൽ അവഗാഢമായി ചർച്ച ചെയ്തു് നല്ല ഒരു നിയമമാക്കിത്തീർക്കണം. അതിനു വേണ്ടിയുള്ള സാവകാശം ഈ സഭയ്ക്കു നൽകണം എന്നാണു് എനിക്കു് അപേക്ഷിക്കാനുള്ളതു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, പ്രാഥമികവിദ്യാലയങ്ങളിൽ ഞാൻ പഠിക്കുന്നകാലത്തു്—കൊച്ചിരാജ്യത്തായിരുന്നു ഞാൻ പഠിച്ചതു്—മഹാരാജാക്കൻമാരുടെ തിരുന്നാൾ—എന്നാണു പറഞ്ഞിരുന്നതു്—ആഘോഷിക്കുന്ന സംപ്രദായം ഉണ്ടായിരുന്നു. അപ്പോൾ ഹെഡ്മാസ്റ്റർ സാധാരണ പ്രസംഗം ചെയ്യാറുണ്ടു്. അദ്ദേഹം പ്രസംഗിക്കുമ്പോൾ, കമ്പിത്തപാൽ ഏർപ്പെടുത്തിയതു് ഈ മഹാരാജാവായിരുന്നു, ഈ രാജ്യത്തു് ഉച്ചയാകുമ്പോൾ സൂര്യനു ചൂടുള്ളതു് ഈ മഹാരാജാവിന്റെ കാലത്തുമാത്രമാണു് വർഷകാലങ്ങളിൽ മഴപെയ്യുന്നതു് ഇദ്ദേഹത്തിന്റെ ഭരണംകൊണ്ടാണു് എന്നരീതിയിൽ ഒരു പ്രസംഗം നടത്താറുണ്ടു്. ആ പ്രസംഗത്തിന്റെ ഓർമ്മയാണു് ഈ ബില്ലിന്റെ ചർച്ചാവേളയിൽ തുടർച്ചയായിട്ടു കേട്ടതു്.

ഡെപ്യൂട്ടി സ്പീക്കർ: ചോലമരങ്ങളും വച്ചുപിടിപ്പിച്ചകാര്യം പറഞ്ഞില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അതുപോലെ തണ്ണീർപന്തൽ ഉണ്ടാക്കിയതും ഒക്കെയുണ്ടു്. ഈ ഗവൺമെന്റാണു് ഈ ബില്ലു് കൊണ്ടുവന്നതെന്നു് ചില മെംബർമാർ പ്രസംഗിച്ചപ്പോഴാണു് എനിക്കു് അതോർക്കേണ്ടിവന്നതു്. നല്ല ബില്ലാണു്.....

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: ഞാനും കൊച്ചിയിൽ വിദ്യാഭ്യാസം നടത്തിയ ആളാണു്. കൊച്ചിമഹാരാജാക്കൻമാരുടെ തിരുന്നാൾ ആഘോഷിക്കുമ്പോൾ ഇങ്ങനെയുള്ള പ്രസംഗങ്ങൾ എന്റെ വിദ്യാഭ്യാസജീവിതത്തിൽ ഒരിക്കലും കേൾക്കാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മെംബർ എങ്ങനെയാണു കേട്ടതെന്നു പറഞ്ഞാൽക്കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: വളരെ വിവരമുള്ള മാസ്റ്റർമാരായിരുന്നു ഞാൻ പഠിച്ച തൃപ്പൂണിത്തുറ സ്കൂളിൽ ഉണ്ടായിരുന്നത്. അവരൊക്കെ പ്രസംഗിച്ചിരുന്നു.

സർ, ഈ നിയമം നല്ലൊരു നിയമം തന്നെയാണ്. എന്നാൽ നിയമം ഒരു ആർഡിനൻസായിത്താഴെ ഈ നിയമസഭ കൂടുന്നതിനുമുമ്പ് അവതരിപ്പിക്കേണ്ടിവന്നതിന്റെ അനാവശ്യകതയെസംബന്ധിച്ച് വിശദീകരിച്ചുകൊണ്ട് ശ്രീമാൻ എം. കെ. കൃഷ്ണൻ പറഞ്ഞ അഭിപ്രായങ്ങളോട് ആണ് എനിക്കു യോജിപ്പുള്ളത്. ആർഡിനൻസ് കൊണ്ടുവരേണ്ട കാര്യങ്ങൾക്ക് ആർഡിനൻസ് കൊണ്ടുവരേണ്ടതാണ്; അതിൽ ഞങ്ങൾക്കു വിരോധമില്ല. ഈ 30-ാം തീയതി നിയമസഭാസമ്മേളനം അവസാനിച്ചുകഴിഞ്ഞാൽ കേരളത്തിൽ സോഷ്യലിസം നടപ്പാക്കിയിരിക്കുന്നു എന്ന് ഒരു ആർഡിനൻസ് വരുമോ എന്നും സംശയമുണ്ട്. 'ഇത് ആദ്യമായി അവതരിപ്പിച്ചത് ഞങ്ങളാണ്' എന്ന രീതിയിൽ പരാമർശമുണ്ടായതുകൊണ്ടു പറയുകയാണ്. ഈ നിയമനിർമ്മാണത്തിനു വേണ്ട കരട് മുൻഗവൺമെൻറിന്റെ കാലത്തു തയ്യാറായിരുന്നു എന്നുള്ളതുകൊണ്ട്, മുൻഗവൺമെൻറാണ് ഇത് ആദ്യമായി കൊണ്ടുവന്നത് എന്നു പറയാൻ ഞാൻ മുതിരുന്നതുമില്ല.

[Mr. Speaker in the Chair]

ശ്രീ. കെ. കരുണാകരൻ: നിലവിലുള്ള രാജാവിന്റെ കാലത്തല്ല, മുൻപിലത്തെ രാജാവിന്റെ കാലത്തായിരുന്നു എന്നാണോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: രാജാവിന്റെ കാര്യമല്ല ഇപ്പോൾ ഞാൻ പറയുന്നത്. മുൻപു തയ്യാറാക്കിയിരുന്നു എന്നുള്ള വസ്തുത ഉള്ളതുകൊണ്ട് ആദ്യമായി കൊണ്ടുവന്നത് ഞങ്ങളാണെന്നു പറയുന്നില്ല എന്നാണു പറഞ്ഞത്. കർഷകത്തൊഴിലാളികൾക്കു പാർപ്പിടസൗകര്യമുണ്ടാക്കുന്ന കാര്യത്തിന് വളരെ പ്രസിദ്ധി പത്രങ്ങളിൽ കൊടുത്തിട്ടുണ്ട്. പക്ഷേ, 'അവശൻമാരാർത്തൻമാരാലംബഹീനൻമാർ അവരുടെ സങ്കടമാരറിയാൻ' എന്ന് ശ്രീ. ടി. കെ. കൃഷ്ണൻ പാടിയപോലെ സുന്ദരമായി പാടുന്ന നമ്മുടെ മന്ത്രി ഇത് അവതരിപ്പിക്കുകയായിരുന്നുവോ വേണ്ടത്? കർഷകത്തൊഴിലാളികളുടെ പേരു പൊല്ലിക്കൊണ്ട്, അവർക്കുവേണ്ടി ഒരു സ്കീമുണ്ടാക്കാൻപോകുന്നുവെന്ന് പത്രങ്ങളിൽ വായിച്ചതാണ്. ഇവിടെ കർഷകത്തൊഴിലാളികൾക്കു പ്രത്യേക സ്കീമില്ല. കർഷകത്തൊഴിലാളികൾ മാത്രമല്ല, എല്ലാവിഭാഗം ആളുകൾക്കും വീടുണ്ടാക്കികൊടുക്കേണ്ടതാണ്. നിരവധി മേഖലകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പദ്ധതി വേണ്ടതുമാണ്. പ്രവറ്റ് ഏജൻസികൾ ഈ രംഗത്തു പ്രവർത്തിക്കുന്നതായി ഇവിടെ പറഞ്ഞു. പക്ഷേ ഇത്തരം സൊസൈറ്റികളുടെ കീഴിൽ ഉണ്ടാക്കുന്ന വീടുകളെസംബന്ധിച്ചിടത്തോളം വളരെയധികം ആക്ഷേപങ്ങളുണ്ട്. ഗിരിനഗർ കോളനിയിൽ ഉത്തരവാടപ്പെട്ട ഒരു സൊസൈറ്റിയുടെ കീഴിലാണ് വീടുവയ്ക്കൽ നടന്നിട്ടുള്ളത്. നിർഭാഗ്യവശാൽ നമ്മുടെ ലേബർ മന്ത്രി അന്തരിച്ച അവസരത്തിൽ, നാം അവിടെ പോകുകയുണ്ടായി; അവിടെ കണ്ട വീടുപോലുള്ള വീടുകളാണ് ഗിരിനഗർ കോളനിയിൽ എല്ലാം ഉള്ളത്. ആ വീടുകൾ ആരും എടുക്കാറില്ല, കിട്ടിയിട്ടുള്ളവർ കൈമാറ്റംചെയ്യുന്നതിനു ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ആർക്കെങ്കിലും കൈമാറ്റം ചെയ്തിട്ടു പോകുന്നതല്ലാതെ, ഏതെങ്കിലും തരത്തിൽ താമസത്തിനുപയോഗിക്കുന്ന കാര്യം വളരെ ബുദ്ധിമുട്ടാണ്. ഇത് എൻജിനീയർമാരെക്കൊണ്ട് വേണ്ടവിധം ഡിസൈൻ ചെയ്തിട്ടുള്ളതല്ല. വളരെയേറെ പ്രതീക്ഷയോടുകൂടി ഉണ്ടാക്കിയ ആ സ്കീം അങ്ങനെ അത്രയേറെ ആകർഷകമല്ലതായിത്തീർന്നിട്ടുണ്ട്. ടൗൺപ്ലാനിംഗ് ബോർഡ്

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളത്തുണ്ടാക്കിയ വീടുകളുടെകാര്യം ബഹുമാനപ്പെട്ട പ്രമേയാവതാരകനും മറ്റും സൂചിപ്പിച്ചു. പ്ലേഗ്, കോളറ മുതലായവയെപ്പോലെ ഭയപ്പാടോടുകൂടിയാണ് ആളുകൾ അതിനെ കാണുന്നത് അവിടെ വിപുലമായ ആക്ഷൻ കമ്മിറ്റിയൊക്കെ ഉണ്ടാക്കി, സ്കീം നടപ്പാക്കുന്നവർക്ക് നിവേദനം നൽകിയിട്ടുണ്ട്. ഇതിന്റെ ഉദ്ദേശം മോശമായിരുന്നു എന്നു ഞാൻ പറയുന്നില്ല. ജനങ്ങളുടെ മനോഭാവം എന്തെന്നു മനസ്സിലാക്കിയിരുന്നില്ല. സ്കീം തയ്യാറാക്കുമ്പോൾ അതിൽനിന്നു പ്രയോജനം കിട്ടാനാഗ്രഹിക്കുന്നത് ആരാണോ അവരാഗ്രഹിക്കുന്നതെന്താണെന്നു മനസ്സിലാക്കി തയ്യാറാക്കണം. അങ്ങനെ മനസ്സിലാക്കി സ്കീം തയ്യാറാക്കാൻ മുതിരാതെയിരുന്നാൽ വിജയിക്കുകയില്ല.

മി. സ്പീക്കർ: ആർഡർ, ആർഡർ. നാളെ തുടരാം.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8 മണിക്ക് വീണ്ടും കൂടുന്നതുമാണ്.

The Assembly adjourned at 1 p.m. to meet again at 8 a.m. on Thursday, the 22nd January 1970.

LIBRARY ARCHIVES Kerala Legislative Assembly